# സത്യദൂതൻ

2018 ജൂലൈ | ലക്കം 6

വില ₹ 30



## ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം

## ആഗോള വ്യാപാരയുദ്ധം ആരംഭിച്ചു

# Ahmadiyya Muslim Community

Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android

**Quran**
Read the Holy Quran in easy Yassarnal Quran Font

**Conditions of Bai'at**
A pocket reference of Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons In 15 languages

**MTA**
Watch MTA Live, view Schedule and much more

**Ahmadiyya News**
Stay up to date with the Latest jama'at news

View these apps at alislam.org/apps or scan the QR code below







The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2018 ജൂലൈ
ഹി.ശ.1398 - വഫാ
1439 ശവ്വാൽ - ദുൽഖഅദ്
പുസ്തകം 90 ലക്കം 7
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം



5 എഡിറ്റോറിയൽ

6 യുഗശബ്ദം



7
ഖുത്ബ സംഗ്രഹം
**അല്ലാഹു: നരകത്തെപ്പോലും കാരുണ്യംകൊണ്ട് വലയം ചെയ്യുന്നു**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 08-06-2018 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

12
**ഉമ്മത്തീ നബി**
എൻ. അബ്ദുർറഹീം

18
**ശാസ്ത്രയുഗത്തിലെ ദൈവ സങ്കൽപ്പം**
ഉമർ നാസർ യു. കെ

25
**ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം**
സിയ.എച്ച്. ഷാ എംഡി.

30
കവിത
**റമളാൻ നിലാവ്**
കെ.റ്റി. രാധാകൃഷ്ണൻ, കൂടാളി

31
**പ്രകൃതിയിലെ ക്രമവ്യവസ്ഥ ദൈവാസ്തിത്വത്തിന്റെ തെളിവ്**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

36
**അല്ലാഹുവിന്റെ രക്ഷാനൗക**
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

40
കുറിപ്പുകൾ
**ആഗോള വ്യാപാരയുദ്ധം ആരംഭിച്ചു**
മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**ഏ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



ദൈവത്തിൽ അനുരക്തരായ ഭക്തജനത്തിന് അവന്റെ വിശുദ്ധ ബോധനം മുഖാന്തരം ഐഹിക ജീവിതത്തിലും അനന്തര ജീവിതത്തിലും ശുഭവാർത്ത ലഭിക്കുന്നതാണ്. (10:65)



## നബിവചനം

അബൂ ഉമാമയിൽ നിന്ന് നിവേദനം. കുറഞ്ഞ പക്ഷം ഞാൻ നിങ്ങളിൽ ഉയർന്നവനായിരിക്കുന്നത് പോലെ ആരാധകനേക്കാൾ ജ്ഞാനി ഉയർന്നു നിൽക്കുന്നു. റസൂൽ തിരുമേനി (സ) ഇത്രയും കൂടി പറഞ്ഞു: അല്ലാഹുവാണെ അവന്റെ മലക്കുകളും ആകാശത്തുള്ളവരും ഭൂമിയിലുള്ളവരും പുറ്റുകൾക്കുള്ളിലെ ഉറുമ്പുകളും ജലത്തിൽ വസിക്കുന്ന മത്സ്യങ്ങളും ജനങ്ങളിൽ വിജ്ഞാനം ചൊരിയുന്നവന് അനുഗ്രഹത്തിനായി പ്രാർഥിക്കും. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



### നിയന്ത്രണങ്ങൾ

ദൈവം മനുഷ്യനിൽ മൂന്നു വിധത്തിലുള്ള നിയന്ത്രണ ഘടകങ്ങൾ സ്ഥാപിച്ചിരിക്കുന്നു. മസ്തിഷ്ക്കം, ഹൃദയം, നാവ് എന്നിവയാണവ. മസ്തിഷ്ക്കം ബുദ്ധിയും യുക്തിയും ഉപയോഗിച്ച് ആശയങ്ങൾ രൂപീകരിക്കുകയും പുതിയ ചിന്തയും വിശദീകരണങ്ങളും വാദമുഖങ്ങളും ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. വിവിധ സങ്കേതങ്ങളിലൂടെ രൂപവത്കൃതമാവുന്ന ഫലങ്ങൾ മസ്തിഷ്ക്കം പുനഃപരിശോധിക്കുകയും ചെയ്യുന്നു. ഹൃദയം എല്ലാ സത്തകളുടെയും രാജാവാകുന്നു. ഹൃദയം തെളിവുകളും വാദമുഖങ്ങളും ഉപയോഗിക്കുന്നില്ല. അതിന് രാജാധിരാജനായ (മലികുൽ മുലൂക്ക്) അല്ലാഹുവുമായിട്ടാണ് ബന്ധം. ആയതിനാൽ വ്യക്തവും സ്വച്ഛവുമായ വെളിപാട് (ഇൽഹാം) മുഖേനയോ ചിലപ്പോൾ രഹസ്യമായോ ഗൂഢമായ വെളിപാട് മുഖേനയോ ഹൃദയത്തിന് അറിവ് നൽകപ്പെടുന്നു. (മൽഫൂസാത്ത്)

# യുക്തിജ്ഞാനത്തിന്റെ പരിമിതികൾ

യുക്തിചിന്ത മനുഷ്യന് ദൈവം നൽകിയ വിളക്കാണ്. നിരവധി സംശയങ്ങളിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും വിമുക്തനാക്കി അത് മനുഷ്യനെ സത്യത്തിലേക്ക് നയിക്കുന്നു. എങ്കിലും യുക്തി ചിന്ത പൂർണജ്ഞാനം പ്രദാനം ചെയ്യുന്നില്ല. അവ്യക്തമായ ആശയങ്ങളും, നിഗമനാത്മകമായ ജ്ഞാനവുമാണ് യുക്തി മനുഷ്യന് സമ്മാനിക്കുന്നത്.

ഒരു വസ്തുത 'ഉണ്ടായിയിരിക്കാം' എന്ന ജ്ഞാനത്തിൽ നിന്ന് 'ഉണ്ട്' ഞാനത് അനുഭവിക്കുന്നു എന്ന ബോദ്ധ്യം ലഭിക്കാൻ യുക്തിജ്ഞാനം പര്യാപ്തമല്ല. ഈ ജ്ഞാനം ലഭിക്കാൻ യുക്തിബോധത്തേക്കാൾ ഉപരിയായി ഒരു സംവേദനം മനുഷ്യന് ആവശ്യമുണ്ട്. നമ്മുടെ ദൈനംദിന ജീവിതത്തിൽ തന്നെ ഇതിന്ന് ഉദാഹരണങ്ങൾ കാണാം. പഞ്ചസാരയുടെ മധുരം യുക്തി ചിന്തക്ക് ഗ്രഹിക്കാൻ സാദ്ധ്യമല്ലല്ലോ. വിദേശ യാത്ര കഴിഞ്ഞ് വന്ന ഒരാളുടെ വിവരങ്ങൾ ആർജവമുള്ളതും ഹൃദ്യവുമാണ്. സ്ഥല സന്ദർശനം നടത്താതെ ഒരു മുറിയിൽ കുത്തിയിരുന്ന് വസ്തുതകൾ പഠിച്ചും അനുമാനിച്ചും ഒരാൾ നൽകുന്ന സ്ഥല വിവരണത്തെക്കാൾ ആ സ്ഥലം സന്ദർശിച്ച് പറയുന്നയാളിന്റെ അനുഭവജ്ഞാനം കൂടുതൽ സുദൃഢവും ഹൃദ്യവുമായി അനുഭവപ്പെടുന്നു. വിദേശ സ്ഥലത്തെ സന്ദർശനത്തിൽ അയാളുടെ ബുദ്ധിയോടൊപ്പം കണ്ണും കാതും സ്പർശനവുമടക്കം എല്ലാ ഇന്ദ്രിയങ്ങളും പങ്കെടുക്കുകയും ആ സ്ഥല സന്ദർശനം അയാൾക്ക് വൈകാരികവും ഹൃദയപരമായ ഒരു അനുഭവയാഥാർഥ്യമായി മാറുകയും ചെയ്യുന്നു. അതുകൊണ്ടാണ് അയാളുടെ വിവരണം അനുവാചകനിൽ കൂടുതൽ വിശ്വസ്തത ജനിപ്പിക്കുന്നത്. വെറും മസ്തിഷ്ക്കപരമായ യുക്തി ജ്ഞാനം കൊണ്ട് മാത്രം ഇത് സാദ്ധ്യമല്ല. ഒരാൾ ഒരു സംഭവത്തിനോ ദുരന്തത്തിനോ സാക്ഷ്യം വഹിക്കുമ്പോൾ സംഭവിക്കുന്നതും ഇത് തന്നെയാണ്. യുക്തിജ്ഞാനത്തോടൊപ്പം അയാളുടെ ആത്മഗ്രാഹികളും മറ്റു സംവേദനേന്ദ്രിയങ്ങളും അതിന് സാക്ഷ്യം വഹിക്കുകയും ആ സംവേദനത്തിൽ പങ്കെടുക്കുകയും അതൊരു ഹൃദയാനുഭവമായി മാറുകയും ചെയ്യുന്നു. അത്തരം ജ്ഞാനങ്ങൾ അയാൾ പുനരുത്പാദിപ്പിക്കുമ്പോൾ അനുവാചകനിൽ അത് അനുനാദം ചെയ്യപ്പെടുകയും ശക്തിമത്തായ പ്രതികരണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. യുക്തി ജ്ഞാനത്തിലൂടെ മാത്രം ആർജിക്കുന്ന ജ്ഞാനത്തിന് ഇത്തരം ഉദ്ദീപനങ്ങളും പ്രതികരണങ്ങളും ഉണ്ടാക്കാൻ സാദ്ധ്യമല്ല.

യുക്തി ജ്ഞാനം ഒരു വസ്തുതയുടെ ഒരു തലത്തിന്റെ ഗ്രാഹ്യതയിലേക്കും സ്ഥൂലയാഥാർഥ്യങ്ങളിലേക്കും നിഗമനങ്ങളിലേക്കും മാത്രമേ മനുഷ്യനെ ആനയിക്കുകയുള്ളൂ. എന്നാൽ ജ്ഞാനത്തിന്റെ ഉന്നതവും ഉദാത്തവുമായ മേഖലകൾ ഗ്രഹിക്കാൻ യുക്തി അപര്യാപ്തമാണ്. വെളിപാടുകൾ, ദർശനങ്ങൾ, ദിവ്യസ്വപ്നങ്ങൾ എന്നീ യാഥാർഥ്യങ്ങൾ ഹൃദയപരമായ ആത്മീയാനുഭവങ്ങളായിട്ടാണ് സ്വീകർത്താക്കളിൽ അനുഭവപ്പെടുക. ജ്ഞാനത്തിന്റെ ഭാഗികമായ അറിവേ യുക്തി മുഖേന സാധ്യമാവൂ. ഭൗതികവാദികൾ യുക്തി ജ്ഞാനത്തിന്റെ ഈ പരിമിതി ഗ്രഹിക്കേണ്ടതുണ്ട്. ദൃഢബോദ്ധ്യങ്ങളിലേക്കും ഉയർന്ന ജ്ഞാനങ്ങളിലേക്കും ചെന്നെത്താൻ മനുഷ്യന്റെ ആത്മീയ ഗ്രാഹികളിൽ കൂടിയേ സാദ്ധ്യമാവൂ.



ഹദ്റത്ത് അഹ്മദ് (അ)

# മനസ്സിനകത്തെ വിഗ്രഹങ്ങൾ

ദൃശ്യവിഗ്രഹങ്ങളെ നിഷ്പ്രയാസം തിരിച്ചറിയാവുന്നതാണ്. അതേ ക്ഷണത്തിൽ തന്നെ, ഒരാളെ അതിൽനിന്ന് മോചിപ്പിക്കാനും സാധിക്കുന്നതാണ്. ഇങ്ങനെ മോചിതരായ നൂറുക്കണക്കിനാളുകൾ അതിൽ നിന്ന് ദുരേക്ക് പോകുന്നതായി ഞാൻ കാണുന്നു.

ഒരു കാലത്ത് ഹിന്ദുക്കൾ നിറഞ്ഞിരുന്ന ഈ രാജ്യത്ത് ഇന്ന് മുസ്‌ലിംകളുമുണ്ട്. ഈ മുസ്‌ലിംകൾ ഹിന്ദുക്കളിൽ നിന്ന് വന്നവരല്ലേ? അതുകൊണ്ട് അവർ വിഗ്രഹാരാധന ഉപേക്ഷിച്ചില്ലേ? ഇന്നത്തെ ഹിന്ദുക്കളിൽ നിന്നു പോലും വിഗ്രഹാരാധനയില്ലാത്ത ഒരു സമുദായം ഉയർന്നു വന്നിരിക്കുന്നു. വിഗ്രഹാരാധനയെന്നത് ഇവിടം കൊണ്ടവസാനിക്കുന്നില്ല. വിഗ്രഹാരാധനയുടെ പ്രത്യക്ഷരൂപം ഉപേക്ഷിക്കപ്പെട്ടുവെന്ന് മാത്രമേയുള്ളൂ.

ദാർശനികരെന്നും തർക്ക ശാസ്ത്രജ്ഞരെന്നും സ്വയം പേരിട്ട് വിളിക്കുന്ന ആയിരക്കണക്കിന് വിഗ്രഹങ്ങളെ കൊണ്ടു നടക്കുന്ന ഇവർക്ക് ഇത്തരം വിഗ്രഹങ്ങളെ അവരിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കുകയില്ല തന്നെ.

ദൈവികാനുഗ്രഹമില്ലാതെ ഇത്തരം കീടങ്ങളെ ഉള്ളിൽ നിന്ന് മോചിപ്പിക്കാൻ സാധിക്കുകയില്ല. എന്നത് ഒരു വസ്തുതയാണ്. ഈ കീടങ്ങൾ അതിസൂക്ഷ്മങ്ങളാണ്. അത്പോലെ തന്നെ ഏറ്റവും അപകടകാരികളുമാണ്.

തങ്ങളുടെ സ്വന്തം വികാരങ്ങൾക്കടിമപ്പെട്ട് ദൈവം വിധിച്ച പരിധികൾക്കും അവകാശങ്ങൾക്കുമപ്പുറം പോവുകയും മറ്റുള്ളവരുടെ പരിധികളിലൂടെയും അവകാശങ്ങളിലൂടെയും എടുത്ത് ചാടുകയും ചെയ്യുന്ന ചിലരുമുണ്ട്. എഴുതാനോ വായിക്കാനോ അറിയാത്ത ആളുകളുടെ കാര്യമല്ല ഞാൻ പറഞ്ഞത്. മറിച്ച് ഇത്തരം ആളുകളിൽ ഉലമാക്കന്മാരും സൂഫികളും ഫഖീഹുകളും ഉൾപ്പെടുന്നു. ഇത്തരം രോഗങ്ങൾക്ക് അവർ ഇരയായി തീരുന്നു. ഉന്നത നിലയിലുള്ള ബുദ്ധിയും ധൈര്യവും വിഗ്രഹങ്ങളെ കുറിച്ചുള്ള അറിവും ധാരണയുമുണ്ടെങ്കിൽ ഇത്തരം വിഗ്രഹങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ കഴിയുന്നതാണ്. ഈ വിഗ്രഹങ്ങൾ ജനങ്ങൾക്കിടയിൽ പക വളർത്തുന്നു. തന്മൂലം ആയിരക്കണക്കിന് കൊലകൾ നടക്കുന്നു. ദൈനംദിന തിന്മകളുടെ അതിപ്രസരം ഉണ്ടാവുന്നു. ഒരാൾ മറ്റൊരാളുടെ അവകാശങ്ങൾ പിടിച്ചു പറിക്കുകയും ഭൗതികതയെ വലിയ തോതിൽ ആശ്രയിക്കുകയും ചെയ്യുമ്പോൾ ദൈവം എന്നത് വ്യർഥമായ ഒരു സങ്കൽപ്പമായി മാറുന്നു.

തൗഹീദ് (ഏക ദൈവത്വം) എന്തെന്ന് മനസ്സിലാക്കിയവരുടെ എണ്ണം ഇന്ന് പൊതുവേ കുറവാണ്. എന്നാൽ അവരെ ഓർമപ്പെടുത്തുന്നതായാൽ അവർ ഉടൻ പറയും എന്ത് ഞങ്ങൾ മുസ്‌ലിംകളല്ലേ? ഞങ്ങൾ കലിമ ചൊല്ലുന്നില്ലേ? എന്ന്. കലിമ എന്നത് ചുണ്ടു കൊണ്ട് ഉരുവിടാനുള്ള വെറും ഒരു മന്ത്രമായി അവർ കരുതുന്നു എന്നത് ദുഃഖമുളവാക്കുന്ന സംഗതിയാണ്.

ഒരുകാര്യം ഞാൻ തീർച്ചയായും പറയുന്നു.: ഏതൊരാൾ കലിമ ത്വയ്യിബയെ (അല്ലാഹു അല്ലാതെ ആരാധനക്ക് അർഹൻ മറ്റാരുമില്ലെന്നും മുഹമ്മദ് (സ) അവന്റെ ദൂതനാണെന്നും പ്രഖ്യാപിക്കൽ) നല്ലത് പോലെ അറിയുകയും അത് തന്റെ ജീവിതത്തിൽ മുറുകെ പിടിക്കുകയും ചെയ്യുന്നുവോ, അയാൾക്ക് മഹത്തായ പുരോഗതിയുണ്ടാവുകയും സർവശക്തനായ അല്ലാഹുവിന്റെ അത്ഭുതകരമായ വെളിപ്പെടൽ അയാൾ ദർശിക്കുമാറാകുകയും ചെയ്യുന്നതാണ്.

ഞാനിവിടെ നിങ്ങളുടെ മുമ്പിൽ ഒരു കഥപറയുവാനോ, സാധാരണപോലെയൊരു പ്രസംഗം നടത്തുവാനോ അല്ല നിൽക്കുന്നതെന്ന കാര്യം നല്ലവണ്ണം മനസ്സിലാക്കി ക്കൊള്ളുക. എന്നെ ദൈവം ഏൽപ്പിച്ച ഒരു ദൗത്യം എനിക്ക് പൂർത്തിയാക്കേണ്ടതുണ്ട്. ഇത് ആരെങ്കിലും ശ്രദ്ധിച്ചാലും ഇല്ലെങ്കിലും വിശ്വസിച്ചാലും ഇല്ലെങ്കിലും എനിക്കതിൽ യാതൊരു പരിഭവവുമില്ല. നിങ്ങൾ സ്വയം തന്നെയായിരിക്കും അതിന് ഉത്തരവാദികൾ. എനിക്ക് എന്റെ ജോലി ചെയ്ത് തീർക്കേണ്ടതുണ്ട്. (മൽഫൂസാത്ത്. വാ. 9, ഭാ. 101, 102)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 08-06-2018 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം.

# അല്ലാഹു: നരകത്തെപ്പോലും കാരുണ്യംകൊണ്ട് വലയം ചെയ്യുന്നു




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

അല്ലാഹു തന്റെ ദാസരോടു കാണിക്കുന്ന ഔദാര്യങ്ങൾ അത്ഭുതകരമാണ്. അവന്റെ റഹ്മത്ത് (കാരുണ്യം) സകലതിനെയും വലയം ചെയ്തിരിക്കുന്നു. റഹ്മത്ത് എന്നത് കൊണ്ടുദ്ദേശിക്കുന്നത് മൃദുഭാവം കാണിക്കുക; കാരുണ്യം പ്രകടിപ്പിക്കുക എന്നൊക്കെയാണ്. അതായത്, തന്റെ ദാസരോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം അങ്ങേയറ്റം മൃദുലതയോടും വിട്ടുവീഴ്ചയോടും കൂടിയതാണ്.

അല്ലാഹുവിന്റെ ഈ കാരുണ്യാതി രേകം എത്രമാത്രം ശക്തമാണെന്നാൽ സകലവസ്തുക്കളെയും അതു വലയം ചെയ്തിരിക്കുന്നു. അവന്റെ റഹ്മത്തിൽ റഹ്മാനിയ്യത്തും റഹീമിയ്യത്തും ഉൾപ്പെടുന്നു. ചോദിക്കാതെ തന്നെ അനേകം സംഗതികൾ മനുഷ്യനുവേണ്ടി അവൻ ഭൂമിയിൽ സൃഷ്ടിച്ചിരിക്കുന്നു എന്നത് അവന്റെ റഹ്മാനിയ്യത്ത് ആകുന്നു. റഹീമിയ്യത്ത് പ്രകടമാകുന്നത് അല്ലാഹുവിനോടുള്ള കടമ നിർവഹിക്കുകയും അവന്റെ കല്പനകൾ പ്രാവർത്തികമാക്കുകയും അവന്റെ മുന്നിൽ പ്രണമിച്ചുകൊണ്ട് ചോദിക്കുകയും ചെയ്യുന്നവർക്കാണ്. അല്ലാഹു പറയുന്നു: മനുഷ്യന് ശിക്ഷ നല്കുക എന്നത് എന്റെ ലക്ഷ്യമല്ല; ദുഷ്കർമങ്ങളുടെ പാരമ്യതയിലെത്തിയവരാണ് ശിക്ഷയ്ക്കു പാത്രമാകുന്നത്. എന്റെ ശിക്ഷയാണെങ്കിൽ അത് താൽക്കാലികമാണ്; അതാണെങ്കിൽ പരിഷ്കരണത്തിനുവേണ്ടിയുമാണ്. ഏതുവരെയെന്നാൽ നരകവാസികളും എന്റെ വിശാലമായ കാരുണ്യത്തിൽ ഭാഗഭാക്കാകുകയും അവരുടെ ശിക്ഷ അവസാനിക്കുകയും ചെയ്യുന്ന സമയവും വന്നെത്തുന്നതാണ്. പ്രതിഫലം നല്കുന്ന നാളിന്റെ ഉടമസ്ഥൻ കൂടിയാണ് അല്ലാഹു. അതുകൊണ്ട് തന്റെ കാരുണ്യത്തിന്റെയും പാപപൊറുതിയുടെയും പുതപ്പ് അണിയിച്ചുകൊണ്ട് ശിക്ഷയില്ലാതെതന്നെ അവന് നമ്മെ വിട്ടയക്കാൻ സാധിക്കുന്നതാണ്. അതേസമയം അല്ലാഹു പറയുന്നു: തഖ്‌വയിൽ പദമൂന്നുകയും സക്കാത്ത് നല്കുകയും ദൈവകല്പനകൾ പാലിക്കേണ്ട മുറയനുസരിച്ച് പാലിക്കുകയും ദൃഢവിശ്വാസത്തോടു കൂടി കർമം ചെയ്യുകയും അല്ലാഹുവിന്റെ ആയത്തുകൾ പൂർണമായി വിശ്വസിക്കുകയും ചെയ്യുന്നവരെ ഒരു അവകാശമെന്നോണം അല്ലാഹു തീർച്ചയായും കാരുണ്യത്തിന്റെ പുതപ്പ് അണിയിക്കുന്നതാണ്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു: ഇന്ന റഹ്മത്തല്ലാഹി ഖരീബുൻ മ്മിനൽമുഹ്സിനീൻ(7:57) തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സുകൃതവാന്മാരുമായി അടുത്തതാണ്. എല്ലാ നിബന്ധനകളോടുംകൂടി ജോലി പൂർത്തിയാക്കുന്നവനാണ് സുകൃതവാൻ. ആകയാൽ അല്ലാഹുവിന്റെ നിർദേശങ്ങൾ പൂർത്തിയാക്കുകയും ദൈവകല്പനകൾ പാലിക്കുകയും അല്ലാഹുവിന്റെ അടയാളങ്ങളെ പൂർണമായി വിശ്വസിക്കുകയും അല്ലാഹുവിന്റെ മുൻപിൽ കുനിയുകയും ചെയ്യുന്നവർക്കാണ് അവന്റെ റഹ്മത്ത് എത്തുക. അതുകൊണ്ട് വിശ്വാസി ദൈവകല്പനകൾ പാലിക്കുകയും തഖ്‌വ അവലംബിക്കുകയും വിശ്വാസത്തിൽ പൂർണത കൈവരിക്കുകയും ചെയ്യാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ അല്ലാഹു ഒന്നാമതായി വിവരിച്ചിരിക്കുന്നത് തഖ്‌വയാണ്. വാസ്തവത്തിൽ, തഖ്‌വയെ സംബന്ധിച്ച് ശരിയായ ഗ്രാഹ്യം ഉണ്ടായാൽ മറ്റു നന്മകളും ഈമാനിന്റെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടുന്നതാണ്. ഇതു സംബന്ധമായി ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യങ്ങളും കുടികൊള്ളുന്നത് തഖ്‌വയുടെ സൂക്ഷ്മമാർഗങ്ങളിൽ പദമൂന്നുന്നതിലാണ്. തഖ്‌വയുടെ സൂക്ഷ്മമാർഗം ആത്മീയസൗന്ദര്യത്തിന്റെ മനോഹരചിത്രങ്ങളും ഹൃദ്യമായ രൂപവുമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയെ വസ്ത്രവുമായിട്ടാണ് ഉപമിച്ചിരിക്കുന്നത്. 'ലിബാസുത്തഖ്‌വ' എന്നത് വിശുദ്ധ ഖുർആന്റെ പ്രയോഗമാണ്. ആത്മീയസൗന്ദര്യവും മനോഹാരിതയും തഖ്‌വയുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നതെന്നാണ് ഇതു സൂചിപ്പിക്കുന്നത്. തഖ്‌വ എന്നു പറയുന്നത് മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളെയും (അല്ലാഹു വിശ്വസിച്ച് ഏല്പിച്ചിട്ടുള്ള കാര്യങ്ങൾ) വിശ്വാസപമായ പ്രതിജ്ഞകളെയും അതുപോലെ സൃഷ്ടികളോടുള്ള എല്ലാ അമാനത്തുകളെയും പ്രതിജ്ഞകളെയും പരമാവധി പാലിക്കുക എന്നതാണ്. അതായത്, അവയുടെ സൂക്ഷ്മാൽ സൂക്ഷ്മങ്ങളായ വശങ്ങളെ കഴിവിന്റെ പരമാവധി പ്രാവർത്തികമാക്കുക.'

ഈ നിലവാരം സ്വായത്തമാക്കിയാൽ ഇവിടെയാണ് അല്ലാഹുവിന്റെ കാരുണ്യം തന്റെ ദാസരുടെ മേൽ അവകാശമെന്ന നിലയ്ക്ക് നിർബന്ധമാകുന്നത്. ഞാൻ പറഞ്ഞതുപോലെ, ഒരവകാശമെന്ന നിലയിൽ അല്ലാഹുവിൽനിന്ന് വല്ലതും വാങ്ങാൻ മനുഷ്യന് എന്തു സ്ഥാനമാണുള്ളത്?

റമളാൻമാസം ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുമെന്നും നരകത്തിന്റെ കവാടങ്ങൾ അടയ്ക്കപ്പെടുമെന്നും ശയ്ത്വാൻ ബന്ധനസ്ഥനാക്കപ്പെടുമെന്നും നബി(സ)തിരുമേനി അരുളിയിട്ടുണ്ട്. ഇതിൽനിന്ന് മുഅ്മിനാണ് ഫലമെടുക്കുന്നത്. ശരിയായ നിലയിൽ വിശ്വസിക്കുകയും ദൈവകല്പനകൾ പാലിക്കുകയും ചെയ്യുന്ന ആളായിരിക്കും

അല്ലാഹു പറയുന്നു: മനുഷ്യന് ശിക്ഷ നല്കുക എന്നത് എന്റെ ലക്ഷ്യമല്ല; ദുഷ്കർമങ്ങളുടെ പാരമ്യതയിലെത്തിയവരാണ് ശിക്ഷയ്ക്കു പാത്രമാകുന്നത്. എന്റെ ശിക്ഷയാണെങ്കിൽ അത് താൽക്കാലികമാണ്; അതാണെങ്കിൽ പരിഷ്കരണത്തിനുവേണ്ടിയുമാണ്. ഏതുവരെയെന്നാൽ നരക വാസികളും എന്റെ വിശാലമായ കാരുണ്യത്തിൽ ഭാഗഭാക്കാകുകയും അവരുടെ ശിക്ഷ അവസാനിക്കുകയും ചെയ്യുന്ന സമയവും വന്നെത്തുന്നതാണ്.

ഇതിനെ പ്രയോജനപ്പെടുത്തുക. നബി(സ)തിരുമേനി ഒരിക്കൽ പറഞ്ഞു: ആരാണോ ഈമാനും പ്രതിഫലവും കാംക്ഷിച്ചുകൊണ്ട് റമളാനിലെ രാവുകളിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് അയാളുടെ കഴിഞ്ഞുപോയ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്. അതുകൊണ്ടുതന്നെ ഈ ദിനങ്ങളെ പ്രയോജനപ്പെടുത്തുന്നവർ ഭാഗ്യവാന്മാരാണ്.

അവസാന ദിനങ്ങളിൽ ലയ്‌ലത്തുൽ ഖദ്റിനെ അന്വേഷിക്കുന്നതിലേക്ക് ഉദ്ബോധിപ്പിച്ചതും അവന്റെ ഔദാര്യമാണ്. ദുആ സ്വീകാര്യതയുടെ ദൃശ്യം മുൻപത്തേക്കാളുപരിയായി നാം കാണുന്നതിനുവേണ്ടിയാണിത്. ഇതും നമ്മുടെ അവകാശമല്ല; അവന്റെ ഔദാര്യമാണ്. മനുഷ്യർക്ക് തന്നോട് അടുക്കുന്നതിനുള്ള പ്രേരണ നല്കാനാണത്. ഇതും അവന്റെ വിശാലമായ കാരുണ്യമാണ്.

ഇനി മറ്റൊരു ഹദീഥിൽ വന്നിരിക്കുന്നു: റമളാനിലെ ആദ്യത്തെ പത്ത് റഹ്മത്തും മധ്യത്തിലെ പത്ത് മഗ്ഫിറത്തും അവസാനത്തെ പത്ത് തീയിൽ നിന്നുള്ള മോചനവുമാണ്. റമളാനിലെ റഹ്മത്ത് അതിന്റെ ആദ്യപത്തിലേക്ക് മാത്രം ഉള്ളതല്ല. ആദ്യത്തേതിൽനിന്ന് രണ്ടാമത്തെ പത്തിലേക്കും മൂന്നാമത്തെ പത്തിലേക്കും അതു പ്രവേശിക്കുന്നു. തഖ്‌വയിൽ അധിഷ്ഠിതമാണെങ്കിൽ അതു സ്ഥിരമായി മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അതുപോലെത്തന്നെ അവന്റെ മഗ്ഫിറത്ത് മധ്യത്തിലെ റമളാനിലേക്ക് മാത്രമുള്ളതല്ല. മറിച്ച് റമളാൻ കഴിഞ്ഞും അതിനുശേഷവും അതു മനുഷ്യനോടൊപ്പം ഉണ്ടാകുന്നു. അഗ്നിയിൽനിന്നുള്ള രക്ഷയും ഈ പത്തു ദിനങ്ങളിൽ മാത്രമല്ല. റമളാനിൽ നിന്ന് ഫലമെടുത്ത് അവനോട് മഗ്ഫിറത്ത് ചോദിച്ചുകൊണ്ട് ആര് റമളാൻ കഴിച്ചുകൂട്ടുന്നുവോ അയാൾ റമളാന് ശേഷവും അഗ്നിയിൽനിന്ന് രക്ഷപ്പെടുന്നതാണ്. എന്നാൽ, റമളാനു ശേഷം തഖ്‌വയിൽ നിന്ന് അകലുകയാണെങ്കിൽ അപ്പോൾ അവൻ സുരക്ഷിതമായ കോട്ട നിർമിച്ച് അതു തകർത്തു കളയുന്നവനെപ്പോലെയാണ്. അതിനാൽ, അല്ലാഹുവിന്റെ റഹ്മത്തും മഗ്ഫിറത്തും അഗ്നിയിൽ നിന്നുള്ള മോചനവും ഏതാനും ദിവസങ്ങളിൽ മാത്രം പരിമിതമല്ല.

ഞാൻ പാരായണം ചെയ്ത വചനങ്ങളെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'താൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുമെന്നും തന്റെ റഹ്മത്ത് എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നുവെന്നും, ശിർക്കിൽ നിന്നും അവിശ്വാസത്തിൽ നിന്നും നീചകൃത്യങ്ങളിൽ നിന്നും വിട്ടു നില്ക്കുകയും സക്കാത്ത് നല്കുകയും തന്റെ ദൃഷ്ടാന്തങ്ങളിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവർക്ക് കരുണ ചൊരിയപ്പെടുമെന്നും അല്ലാഹു പറയുന്നു.

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയെ മൂന്നു വാക്യങ്ങൾ കൊണ്ടാണ് വിശദീകരിച്ചത്; ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക; കുഫ്റിൽ നിന്ന് രക്ഷപ്പെടുക; അശ്ലീലങ്ങളിൽ നിന്ന് പിന്മാറുക. അശ്ലീലത ഇക്കാലത്ത് സർവത്ര വ്യാപിച്ചിരിക്കുന്നു. ടി.വിയിലും ഇന്റർനെറ്റിലും മാധ്യമങ്ങളിലും അസന്മാർഗികവും അനാവശ്യവുമായ കാര്യങ്ങളാണ് ഉള്ളത്. അസഭ്യം നിറഞ്ഞ ഇത്തരം പരിപാടികളിൽനിന്ന് വിട്ടു നില്ക്കുക എന്നതും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കാനുള്ള മാർഗമാണ്. റമളാനിൽ എന്നല്ല, സ്ഥിരമായി ഇതിൽ നിന്ന് വിട്ടുനില്ക്കേണ്ടതാണ്. ഈ സംഗതികൾ യുവാക്കളെ മാത്രമല്ല, മുതിർന്നവരുടെ മനസ്സിനെയും വിഷലിപ്തമാക്കുന്നു. അങ്ങനെ ധാർമികഗുണങ്ങളും കേടുവരുകയും ഈമാനിൽനിന്ന് അകന്നു പോകുകയും ചെയ്യുന്നു. അതിനാൽ, ഓരോ അഹ്മദിയും ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇവയെ ശ്രദ്ധിച്ച് ശരിയായ

ഹദ്റത്ത് മസീഹ് മൗഊദ്(അ) തഖ്‌വയെ മൂന്നു വാക്യങ്ങൾ കൊണ്ടാണ് വിശദീകരിച്ചത്; ശിർക്കിൽ നിന്ന് വിട്ടു നില്ക്കുക; കുഫ്റിൽ നിന്ന് രക്ഷപ്പെടുക; അശ്ലീലങ്ങളിൽ നിന്ന് പിന്മാറുക. അശ്ലീലത ഇക്കാലത്ത് സർവത്ര വ്യാപിച്ചിരിക്കുന്നു. ടി.വി യിലും ഇന്റർനെറ്റിലും മാധ്യമ ങ്ങളിലും അസന്മാർഗികവും അനാവശ്യവുമായ കാര്യങ്ങളാണ് ഉള്ളത്. അസഭ്യം നിറഞ്ഞ ഇത്തരം പരിപാടികളിൽനിന്ന് വിട്ടു നില്ക്കുക എന്നതും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിക്കാനുള്ള മാർഗമാണ്. റമളാനിൽ എന്നല്ല, സ്ഥിരമായി ഇതിൽ നിന്ന് വിട്ടുനില്ക്കേണ്ടതാണ്. ഈ സംഗതികൾ യുവാക്കളെ മാത്രമല്ല, മുതിർന്നവരുടെ മനസ്സിനെയും വിഷലിപ്തമാക്കുന്നു. അങ്ങനെ ധാർമികഗുണങ്ങളും കേടുവരുകയും ഈമാനിൽനിന്ന് അകന്നു പോകുകയും ചെയ്യുന്നു.

നിലയിൽ ഉപയോഗിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'റഹ്മത്ത് പൊതുവായതും വിശാലവുമാണെന്നാണ് ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത്. ദൈവികനിയമങ്ങളെ അതിർലംഘിക്കുമ്പോഴാണ് അവന്റെ കോപമാകുന്ന ഗുണം വെളിപ്പെടുമാറാകുന്നത്. അതുകൊണ്ട് അല്ലാഹു ആരെയെങ്കിലും ശിക്ഷിക്കുന്നത് അയാൾ അല്ലാഹുവിന്റെ നിയമത്തിൽനിന്ന് പുറത്തു പോകുന്നതുകൊണ്ടാണ്. ഞാൻ നേരത്തെ പറഞ്ഞതു പോലെ, ഈ ശിക്ഷയും പരിഷ്ക്കരണത്തിനുവേണ്ടിയുള്ളതാണ്. ഒടുവിൽ അല്ലാഹുവിന്റെ റഹ്മത്ത് ആയിരിക്കും ആധിപത്യം പുലർത്തുക.

മനുഷ്യൻ തൗബ ചെയ്യുകയും ഇസ്തിഗ്ഫാർ ചെയ്യുകയും ഹൃദയമുരുകി പ്രാർഥിക്കുകയും അല്ലാഹുവിനോടുള്ള കടമകൾ നിർവഹിക്കുകയും ചെയ്യുമ്പോൾ ശിക്ഷിക്കണമെന്ന് അല്ലാഹു നിർബന്ധമാക്കിയിട്ടില്ല. അത്തരം ആളുകൾക്ക് കാരുണ്യമാണ് അവൻ നിർബന്ധമാക്കിയിട്ടുള്ളത്. മാത്രമല്ല, അവന്റെ റഹ്മത്ത് കോപത്തെ അതിജയിക്കുകയും കോപം അപ്രത്യക്ഷമായി മറഞ്ഞു പോവുകയും ചെയ്യുന്നു.

ശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്തിഗ്ഫാറിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് പറയുന്നു: മാനുഷികമായ ദൗർബല്യങ്ങൾ വെളിപ്പെടാതെ ദൈവം മനുഷ്യപ്രകൃതത്തിന് ശക്തി നല്കിക്കൊണ്ട് തന്റെ സഹായത്തിന്റെയും പിന്തുണയുടെയും വൃത്തത്തിനുള്ളിൽ അവനെ കൊണ്ടു വരുന്നതിന് ദൈവത്തോടുള്ള അർഥനയാണ് ഇസ്തിഗ്ഫാർ കൊണ്ട് വാസ്തവത്തിൽ അർഥമാക്കുന്നത്.'

അവിടന്ന് പറയുന്നു: ദൈവം എപ്രകാരം മനുഷ്യന്റെ സ്രഷ്ടാവാണോ, അവന്റെ ആന്തരികവും ബാഹ്യവുമായ സർവകഴിവുകളുടെയും സ്രഷ്ടാവാണോ അപ്രകാരംതന്നെ അവൻ മനുഷ്യന്റെ ഖയ്യൂമും കൂടിയാണ്. അതായത്, താൻ സൃഷ്ടിച്ചതിനെ പ്രത്യേക സഹായത്തോടെ സംരക്ഷിക്കുന്നവനുമാണ്. ഈ സംഗതിയാണ് സൂറ:ഫാത്തിഹയിലെ ***ഇയ്യാക്ക നഅ്ബുദു വ ഇയ്യാക്ക നസ്തഈൻ*** എന്ന വചനം സൂചിപ്പിക്കുന്നത്. അതായത്, ഞങ്ങൾ നിന്നെ മാത്രം ആരാധിക്കുകയും നിന്റെ ഖയ്യൂമിയ്യത്തും റുബൂബിയ്യത്തും ഞങ്ങളെ സഹായിക്കുകയും ഇടർച്ചയിൽനിന്ന് കാത്തുരക്ഷിക്കുകയും ചെയ്യുന്നതിനു വേണ്ടി നിന്നോടു മാത്രം സഹായം അർഥിക്കുകയും ചെയ്യുന്നു. ഞങ്ങളുടെ ന്യൂനതകൾ വെളിപ്പെടുകയും ഞങ്ങൾക്ക് ആരാധന നടത്താൻ കഴിയാതിരിക്കുകയും ചെയ്യരുതേ.'

ഇസ്തിഗ്ഫാർ എന്ന വിഷയത്തെ കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ചില ആളുകളുണ്ട്, അവർ പാപത്തെക്കുറിച്ച് അറിയുന്നവരാണ്. ചിലരാകട്ടെ പാപത്തെക്കുറിച്ച് അറിയാത്തവരാണ്. അതുകൊണ്ടാണ് അല്ലാഹു എക്കാലത്തേക്കുമായി ഇസ്തിഗ്ഫാർ വെച്ചിരിക്കുന്നത്. മനുഷ്യൻ എല്ലാവിധ പാപങ്ങളിൽ നിന്നും, അത് പ്രത്യക്ഷമാകട്ടെ പരോക്ഷമാകട്ടെ, അവന് അറിവുള്ളതാകട്ടെ അറിവില്ലാത്തതാകട്ടെ, അവന്റെ കൈകാലുകളിൽനിന്നോ നാവിൽ നിന്നോ മൂക്കിൽ നിന്നോ കാതുകളിൽനിന്നോ കണ്ണുകളിൽ നിന്നോ പുറപ്പെടുന്നതാകട്ടെ, എല്ലാവിധ പാപങ്ങളിൽനിന്നും ഇസ്തിഗ്ഫാർ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ഹദ്റത്ത് ആദമിന്റെ ദുആ ഇക്കാലത്ത് ചൊല്ലേണ്ടതാണ്. ***റബ്ബനാ ളലംനാ അൻഫുസനാ വ ഇൻലം തഗ്ഫിർലനാ വ തർഹംനാ ലനകൂനന്ന മിനൽ ഖാസിരീൻ.*** ആദ്യം മുതൽക്കേ ഈ ദുആ സ്വീകരിക്കപ്പെട്ടിരിക്കുന്നു. അല്ലാഹുവേ, ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളോട് അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്കു പൊറുത്തുതരികയും ഞങ്ങളോടു കാരുണ്യം കാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടപ്പെട്ടവരായിത്തീരും. നിങ്ങൾ അശ്രദ്ധയോടെ ജീവിതം നയിക്കരുത്. അശ്രദ്ധയോടെ ജീവിതം നയിക്കാത്തവൻ ഒരിക്കലും കഴിവിന്നതീതമായ വിപത്തിലകപ്പെടുകയില്ല. ഒരു വിപത്തും ദൈവകല്പന കൂടാതെ വരുന്നില്ല. എനിക്ക് അല്ലാഹു ഇൽഹാം ഇറക്കിയിരിക്കുന്നു: ***റബ്ബി കുല്ലു ശയ്ഇൻ ഖാദിമുക്ക, റബ്ബി ഫഹ്ഫള്നീ വൻസുർനീ വർഹംനീ.***

ഇസ്തിഗ്ഫാറും തൗബയും തമ്മിലുള്ള വ്യത്യാസം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്തിഗ്ഫാറും തൗബയും രണ്ടു സംഗതികളാണ്. ദൈവത്തിൽനിന്ന് കരസ്ഥമാക്കുന്ന സഹായവും ശക്തിയുമാണ് ഇസ്തിഗ്ഫാർ. അല്ലാഹുവേ, ഞങ്ങൾ ചെയ്ത മഗ്ഫിറത്തിന്റെ ദുആയിൽ ഞങ്ങളെ നിലനിറുത്തേണമേ എന്ന ദുആയാണ് തൗബ.'

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവിനോട് സഹായം തേടുമ്പോൾ സഹായം നല്കുമെന്നുള്ളത് അവന്റെ സുന്നത്താണ്. ആ ശക്തി ലഭിച്ചതിനുശേഷം മനുഷ്യൻ സ്വന്തം കാലിൽ എഴുന്നേറ്റ് നില്ക്കുകയും നന്മ ചെയ്യാനുള്ള ഒരു ശക്തി അവനിൽ സംജാതമാകുകയും ചെയ്യുന്നതാണ്.

തൗബയെക്കുറിച്ച് വിശദീകരിച്ചുകൊണ്ട് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അറബി നിഘണ്ടുക്കളിൽ തൗബയുടെ അർഥം മടങ്ങുക എന്നതാണ്. ഇക്കാരണംകൊണ്ടാണ് വിശുദ്ധ ഖുർആനിൽ അല്ലാഹുവിന്റെ നാമമായി 'തവ്വാബ്' എന്നു വന്നിരിക്കുന്നത്. അതായത്, വളരെയധികം കാരുണ്യത്തോടെ മടങ്ങുന്നവൻ. മനുഷ്യൻ തന്റെ പാപങ്ങളെ വിട്ടകന്നുകൊണ്ട് സത്യഹൃദയത്തോടെ അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അല്ലാഹു അതിലു

പരിയായി അവനിലേക്കു മടങ്ങുന്നു.

യഥാർഥ തൗബയുടെ നിബന്ധനകൾ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: യഥാർഥ തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ട്. ദുഷ്ചിന്തകളിൽ നിന്ന് തന്റെ മനസ്സിനെ ശുദ്ധമാക്കുക എന്നതാണ് ഒന്നാമത്തേത്. രണ്ടാമത്തെ കാര്യം, തെറ്റായ കാര്യം ചെയ്യുകയോ തിന്മയിലേക്ക് ശ്രദ്ധ തിരിയുകയോ ചെയ്താൽ പശ്ചാത്തപിക്കുകയും ലജ്ജിക്കുകയും ചെയ്യേണ്ടതാണ്. താൻ ഇനി ആ തിന്മകൾ ചെയ്യുകയില്ലെന്ന് ദൃഢനിശ്ചയം ചെയ്യുക എന്നതാണ് മൂന്നാമത്തെ നിബന്ധന. ഇതിൽ നിലനില്ക്കാൻ പൂർണമായ ഇച്ഛാശക്തിയും ദുആയും ഉണ്ടാവണം. അങ്ങനെയായാൽ, ഈ തിന്മകൾ ഇല്ലാതാകുകയും നന്മകൾ അതിന്റെ സ്ഥാനം അലങ്കരിക്കുകയും ചെയ്യുന്നതാണ്.

ഇസ്തിഗ്ഫാറും തൗബയും മുഖേന തീയിൽനിന്ന് രക്ഷ പ്രാപിക്കുമെന്ന് വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തൗബ മുഖേന മനുഷ്യന്റെ ദീനും ദുൻയാവും മനോഹരമായിത്തീരുന്നു. അല്ലാഹു പറയുന്നു: ***റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.*** അല്ലാഹുവേ, ഞങ്ങൾക്ക് ഈ ലോകത്തും പരലോകത്തും സുഖക്ഷേമങ്ങൾ നല്കുകയും തീയിൽനിന്ന് ഞങ്ങളെ രക്ഷിക്കുകയും ചെയ്യേണമേ. വാസ്തവത്തിൽ റബ്ബനാ എന്ന പദത്തിൽത്തന്നെ തൗബയിലേക്ക് ഗഹനമായ ഒരു സൂചനയുണ്ട്. എന്തെന്നാൽ, റബ്ബനാ എന്ന പദം ആവശ്യപ്പെടുന്നത് താൻ നിശ്ചയിച്ചുവെച്ചിട്ടുള്ള മറ്റു റബ്ബുകളെയെല്ലാം വിട്ടകന്ന് യഥാർഥ റബ്ബിലേക്ക് വന്നിരിക്കുന്നു എന്നാണ്. യഥാർഥമായ വേദനയും നീറ്റലുമില്ലാതെ ഈ പദം ഹൃദയത്തിൽ നിന്ന് നിർഗളിക്കാവതല്ല. അല്ലാഹുവിനെ തങ്ങളുടെ റബ്ബായി മനസ്സിലാക്കിയവർക്ക് മാത്രമേ അങ്ങനെ ദുആ ചെയ്യാൻ സാധിക്കുകയുള്ളു. അവരുടെ നാഥന്റെ മുൻപിൽ മറ്റു റബ്ബുകളെല്ലാം ഒന്നുമല്ലെന്ന് അവർക്കുറപ്പുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീ കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തുന്നാളിലെ തീ മാത്രമല്ല; ദീർഘകാലം ജീവിതം കഴിച്ചു കൂട്ടുന്നവർക്ക് ലോകത്ത് ആയിരക്കണക്കിന് തീ കാണാവുന്നതാണ്. വിശ്വാസി ദുആ ചെയ്യുന്നത്, എല്ലാവിധ തീയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ; ഞങ്ങൾ നിന്നെ അഭയം പ്രാപിച്ചിരിക്കുന്നു; മനുഷ്യജീവിതം കാഠിന്യമേറിയതാക്കുന്ന അഗ്നിക്കു തുല്യമായ പ്രയാസങ്ങളിൽ നിന്ന് രക്ഷ നല്കിയാലും എന്നാണ്.

ഈ ദുആ ജമാഅത്ത് അധികമായി ചൊല്ലണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ ഉപദേശിച്ചിരുന്നു. ***റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വ്വഫിൽ ആഖിറത്തി ഹസനത്തൻ വ്വഖിനാ അദാബന്നാർ.*** അതുകൊണ്ട് അല്ലാഹു നമ്മെ അവന്റെ കാരുണ്യത്തിലെടുത്തുകൊണ്ട് ഈ ലോകത്തെയും പരലോകത്തെയും എല്ലാവിധ തീയിൽ നിന്നും രക്ഷിക്കുന്നതിനുവേണ്ടി ഇക്കാര്യത്തിലേക്ക് നാം ശ്രദ്ധ തിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു ഖുർആനിൽ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: മനുഷ്യരേ, എന്നെപ്പറ്റി നിങ്ങൾ നിരാശരാകരുത്. ഞാൻ റഹീമും കരീമും സത്താറും ഗഫൂറുമാകുന്നു. നിങ്ങളോട് ഏറ്റവുമധികം കരുണ കാണിക്കുന്നവനാകുന്നു. ഞാൻ ചെയ്യുന്നതു പോലെ മറ്റാരും നിങ്ങൾക്ക് കരുണ ചെയ്യുന്നതല്ല. എന്നിലേക്ക് മടങ്ങുന്നവൻ എന്റെ കവാടങ്ങൾ തുറന്നി രിക്കുന്നതായി കാണുന്നതാണ്. തൗബചെയ്യുന്നവന്റെ പാപങ്ങൾ, അത് പർവതങ്ങളെക്കാളധികമാണെങ്കിലും, ഞാൻ പൊറുത്തു കൊടുക്കുന്നു. എന്റെ കാരുണ്യം നിങ്ങളിൽ കൂടുതലും കോപം കുറവുമാണ്. എന്തെന്നാൽ, നിങ്ങളെന്റെ സൃഷ്ടികളാണ്. ഞാൻ നിങ്ങളെ സൃഷ്ടിച്ചതിനാൽ എന്റെ കാരുണ്യം നിങ്ങളെയെല്ലാം വലയം ചെയ്തിരിക്കുന്നു.

അല്ലാഹു നമുക്ക് അവനിലേക്ക് ആത്മാർഥമായി തിരിയാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അവനോടുള്ള തഖ്‌വ സ്വായത്തമാക്കുന്നവരാക്കട്ടെ. അവന്റെ കാരുണ്യത്തിൽ സദാ ഭാഗഭാക്കാകുന്നതിനു വേണ്ടി ഈമാനിലും ദൃഢവിശ്വാസത്തിലും മുന്നേറുന്നവരാക്കട്ടെ. അവന്റെ കാരുണ്യം ലഭിക്കാതെ സ്വന്തം ദുഷ്കർമങ്ങളാൽ ശിക്ഷയ്ക്കു പാത്രമാകുന്ന സാഹചര്യം ഒരിക്കലും ഉണ്ടാക്കാതിരിക്കട്ടെ. ദൈവ കാരുണ്യത്തിന്റെ തണൽ സദാ നമ്മിൽ വർഷിക്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: തീ കൊണ്ടുദ്ദേശിക്കുന്നത് ഖിയാമത്തുന്നാളിലെ തീ മാത്രമല്ല; ദീർഘകാലം ജീവിതം കഴിച്ചു കൂട്ടുന്നവർക്ക് ലോകത്ത് ആയിരക്കണക്കിന് തീ കാണാവുന്നതാണ്. വിശ്വാസി ദുആ ചെയ്യുന്നത്, എല്ലാവിധ തീയിൽ നിന്നും ഞങ്ങളെ രക്ഷിക്കണമേ; ഞങ്ങൾ നിന്നെ അഭയം പ്രാപിച്ചിരിക്കുന്നു; മനുഷ്യജീവിതം കാഠിന്യമേറിയതാക്കുന്ന അഗ്നിക്കു തുല്യമായ പ്രയാസങ്ങളിൽ നിന്ന് രക്ഷ നല്കിയാലും എന്നാണ്.

# ഉമ്മത്തീ നബി

## ഹദ്റത്ത് അഹ്മദി(അ)ന്റെ നുബൂവ്വത്ത് വാദത്തിന്റെ വിവിധ വശങ്ങളെ പറ്റി.

**എൻ. അബ്ദുർറഹീം**

1901 നവംബർ 5ന് ഹദ്റത്ത് അഹ്മദ് (അ) ഇക് ഗലത്തി കാ ഇസാല (ഒരു തെറ്റിദ്ധാരണ നീക്കൽ) എന്ന പേരിൽ ഒരു ലഘു കൃതി പുറത്തിറക്കി. ഇത് തന്റെ യഥാർഥമായ ദിവ്യപദവിയെയും വാദങ്ങളെയും വ്യക്തമാക്കുന്ന നിർണായകവും അതിപ്രധാനവുമായ ഒരു പ്രഖ്യാപനമായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) നബിയാണോ എന്ന് അമൃത്സറിൽ വെച്ച് ഒരു എതിരാളി ചോദിച്ചതിന് ഒരു ശിഷ്യൻ നിഷേധ രൂപത്തിൽ മറുപടി നൽകിയതായി അറിഞ്ഞപ്പോൾ ആണ് ഈ വിശദീകരണം ആവശ്യമായി വന്നത്. നിഷേധപരമായ പ്രസ്തുത മറുപടി ശരിയല്ലെന്നും അല്ലാഹു ഒരു പ്രവാചകനെന്ന നിലയിൽ തന്നെക്കുറിച്ച് നബി എന്ന പദവി ഉപയോഗിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാണിച്ചു കൊണ്ട് തന്റെ നബിത്വവാദം അസന്ദിഗ്ദമായി തന്റെ വിശദീകരണക്കുറിപ്പിൽ അവിടുന്ന് പ്രഖ്യാപിക്കുകയുണ്ടായി.

മുഹമ്മദ് നബി (സ) തിരുമേനിക്ക് ശേഷം പുതിയ ശരീഅത്തോടു കൂടിയ ഒരു നബിയും വരികയില്ലെന്നും നബി തിരുമേനി(സ)യുടെ പിന്തുടർച്ചയില്ലാതെ ആർക്കും തന്നെ സ്വതന്ത്രമായ നിലയിൽ ഈ മഹോന്നത പദവി പ്രാപ്യമല്ലെന്നും ഉള്ളത് ഖണ്ഡിതമായ ഒരു സത്യമാണെങ്കിലും ആ മഹാത്മാവിനെ പരിപൂർണമായി പിന്തുടരുന്ന ഒരു ഉമ്മത്തീ നബിയ്ക്ക് ദൈവാനുഗ്രഹത്താൽ നബിയുടെ പ്രതിബിംബമായി തീരാനും സത്യവാനാകുന്ന നബിയുടെ പദവിയാകുന്ന അനുഗ്രഹത്തിന് പാത്രീഭൂതനാവാനും കഴിയും.

വിശുദ്ധ ഖുർആനിലെ ഉദ്ഘാടനാദ്ധ്യായമായ ഫാത്തിഹായിലെ *ഇഹ്ദിന സ്സിറാത്തൽ മുസ്തഖീമ സിറാത്തല്ലദീന അൻഅംത്ത അലൈഹിം* (നീ ഞങ്ങളെ ചൊവ്വായ വഴിയിൽ വഴി നടത്തേണമേ, നീ ഏവരിൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ മാർഗത്തിൽ) എന്ന പ്രാർഥനയിൽ വിശുദ്ധ ഖുർആൻ 4-ാം അദ്ധ്യായം 70-ാം സൂക്തത്തിൽ പറഞ്ഞ നബിത്വം അടക്കമുള്ള എല്ലാ അനുഗ്രഹങ്ങളും പ്രാപ്യമാണെന്ന് വ്യക്തമാക്കുന്നുണ്ട്. ***'അല്ലാഹുവിനെയും അവന്റെ ശ്രേഷ്ഠ റസൂലിനെയും അനുസരിച്ചവരാരോ അവർ അല്ലാഹു അനുഗ്രഹിച്ച നബിമാർ, സിദ്ദീഖുമാർ, ശുഹദാക്കന്മാർ സാലിഹീങ്ങൾ എന്നിവരുടെ കൂടെയായിരിക്കും. ഇവരത്രെ ഉത്തമരായ കൂട്ടുകാർ'*** എന്ന് ഖുർആൻ പറയുന്നു. (4:70)

ഖുർആൻ ഇപ്രകാരം പ്രസ്താവിച്ചിട്ടുള്ളതിനാൽതന്നെ അല്ലാഹു നബിയാണെന്ന് അഭിസംബോധന ചെയ്തിട്ടുള്ള നിലക്ക് താൻ തിരുനബിയോട് അതുല്യമായ തരത്തിൽ അനുസരണബദ്ധതയുള്ള ഒരു ഉമ്മത്തീ നബി തന്നെയാണെന്നും എന്നാൽ പുതിയ ഒരു ശരീഅത്തോടുകൂടിയോ സ്വതന്ത്രനായോ വന്ന ഒരു നബി അല്ലെന്നും അവിടുന്ന് വ്യക്തമാക്കി. ഇപ്രകാരം വ്യക്തമാക്കുന്നത്വരെ താൻ തിരുനബി(സ)യുടെ ഉമ്മത്തി എന്ന നിലയിൽ ഒരു മുഹദ്ദിസാണെന്നാണ് തന്നെക്കുറിച്ച് കരുതിപ്പോന്നിരുന്നത്.

1901 ൽ നവംബർ 5 ന് പ്രസിദ്ധീകരിച്ച 'ഇക് ഗലത്തികാ കാ ഇസാല' എന്ന ലഘു കൃതിയിൽ ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞു:

ഞാൻ പ്രവാചകനും (നബി) ദൈവദൂതനും (റസൂൽ) അല്ലെന്ന് എവിടെയെല്ലാം നിഷേധിച്ചു പറഞ്ഞിട്ടുണ്ടോ അവിടെയെല്ലാം ഞാൻ ഒരു പുതിയ ശരീഅത്തുള്ള പ്രവാചകനോ സ്വതന്ത്ര പ്രവാചകനോ അല്ലെന്ന അർഥത്തിൽ മാത്രമാകുന്നു. അപ്രകാരം പറഞ്ഞിട്ടുള്ളത്. എന്നാൽ മഹാനായ, ധന്യാത്മാവായ എന്റെ യജമാനൻ മുഖേന ആത്മീയമായി അനുഗൃഹീതമായ നിലയിലും അവിടത്തെ നാമം ആർജിക്കയാലും ധാരാളം പരോക്ഷ ജ്ഞാനങ്ങൾ എനിക്ക് അനുഗ്രഹിച്ചരുളപ്പെട്ടിട്ടിരിക്കുന്നു എന്ന അർഥത്തിൽ ഞാൻ നിശ്ചയമായും ഒരു നബിയാകുന്നു. എന്നാൽ ഞാൻ വീണ്ടും ആവർത്തിച്ചു പറയട്ടെ ഞാൻ ഒരു പുതിയ

ശരീഅത്ത് കൊണ്ടു വന്നിട്ടില്ല. പരിചയപ്പെടുത്തിയിട്ടുമില്ല. പുതിയ ശരീഅത്തോടു കൂടിയല്ലാത്ത പ്രവാചകനാണെന്നുള്ളത് ഞാൻ ഒരിക്കലും നിഷേധിച്ചിട്ടുമില്ല. മറിച്ച് ഇതേ അർഥത്തിൽ ദൈവം എന്നെ നബി (പ്രവാചകൻ) എന്നും റസൂൽ (ദൈവദൂതൻ) എന്നും വിളിച്ചിരിക്കുന്നതാകയാൽ ഈ നിർവചന പ്രകാരം നബിയെന്നും റസൂലെന്നും വിളിച്ചു കൊള്ളാവുന്നതിനെ ഞാൻ ഇപ്പോഴും നിഷേധിക്കുന്നില്ല. (പു. 23)

താൻ തിരുനബി(സ)യുടെ യഥാർഥവും പരിപൂർണവുമായ പ്രതിബിംബമായിരിക്കുന്നതിനാൽ നുബുവ്വത്തിന്റെ സീൽ പൊട്ടുന്ന പ്രശ്നം ഉദിക്കുന്നില്ല എന്ന് അദ്ദേഹം അവകാശപ്പെട്ടു.

പ്രവാചകത്വത്തെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ)യുടെ അവബോധത്തിൽ ഉണ്ടായിട്ടുള്ള ക്രമോൽഗത മാറ്റത്തെയാണ് ഇക് ഗലത്തീ കാ ഇസാല എന്ന ലഘു പത്രിക വെളിപ്പെടുത്തിയത്. അത്കൊണ്ട് തന്നെ ഈ വ്യതിയാനത്തിന്റെ പ്രാധാന്യം ഇവിടെ വിശദീകരിക്കപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പത്ത് കൊല്ലക്കാലം നബിയാണെന്നുള്ള വാദം തനിക്കില്ലെന്ന് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി(അ) തറപ്പിച്ചു പറയുകയുകയായിരുന്നു. എന്നാൽ നബിതന്നെയാണെന്നാണ് **'ഇക് ഗലത്തീ കാ ഇസാല'** എന്ന കൃതിയിൽ വെട്ടിത്തുറന്ന് പറഞ്ഞിരിക്കുന്നത്. നബിത്വം സംബന്ധിച്ചുള്ള അവിടുത്തെ ധാരണതന്നെ തനിക്കുണ്ടായ പുതിയ ആത്മീയ ജ്ഞാനത്തിന്റെയും വെളിപാടിന്റെയും അടിസ്ഥാനത്തിൽ മാറ്റി പറയേണ്ടി വന്നു എന്ന ലളിത സത്യമാണിതിന് കാരണമെന്ന് ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. നബിയുടെ നിർവചനപരമായ ഈ മാറ്റം ശരിക്കും മനസ്സിലാക്കാത്ത പക്ഷം ഒരു പുതിയ വാദവുമായി തെറ്റിദ്ധരിക്കാൻ ഇടയുണ്ട്. ഹദ്റത്ത് അഹ്മദി(അ)ന്റെ ശിഷ്യ ഗണത്തിൽ ഒരു വിഭാഗം തെറ്റിദ്ധാരണയിൽ പെട്ട് വഴി പിരിയാൻ കാരണം ഇത് തന്നെയാണ്.

1899 ലെ അൽഹക്കമിൽ (പു-3, ലക്കം-23) പ്രസിദ്ധപ്പെടുത്തിയ ഹദ്റത്ത് അഹ്മദി(അ)ന്റെ ഒരു കത്ത് (നവാബ് മുഹമ്മദലി ഖാന് അയച്ച കത്ത് 7-8-1899) പ്രസ്താവിച്ചത്, ഇസ്‌ലാമിക സാങ്കേതിക ശബ്ദ പ്രകാരം നബിയെന്നും റസൂലെന്നും പറഞ്ഞാൽ പുതിയ ശരീഅത്ത് കൊണ്ടു വരുന്ന ആളോ, പൂർവ പ്രവാചകന്റെ അനുസരണത്തിന് വിധേയനല്ലാത്ത സ്വതന്ത്രനെന്ന നിലയിൽ ദൈവവുമായി ബന്ധപ്പെട്ടിരിക്കുന്ന ആളോ ആണ് എന്നായിരുന്നു. എന്നാൽ **'ഇക് ഗലത്തീ കാ ഇസാല'** യിൽ അവിടുന്ന് ഖണ്ഡിതമായി പ്രസ്താവിച്ചത് പ്രവാചകൻ ശരീഅത്ത് കൊണ്ട് വന്നിരിക്കണമെന്നില്ലെന്നും അടിക്കടിയായി ധാരാളം അത്യുജ്ജ്വലമായ പ്രവചനങ്ങൾ വെളിപ്പെടുത്തുന്ന ആൾ ദിവ്യമായ സാങ്കേതിക ഭാഷയിൽ നബി യെന്ന് പറയപ്പെടുമെന്നുമത്രെ (ചശ്മെ മഅരിഫ, പു. 325, അൽ വസിയത്ത് പുറം12, ലക്ചർ സിയാൽകോട്ട് പു. 17,18) തുടങ്ങിയ ഗ്രന്ഥങ്ങൾ നോക്കുക.)

തന്റെ ധാരണയിൽ ഉണ്ടായ ഈ മാറ്റം ദൈവീക ബോധമനുസരിച്ചുള്ളതാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു,: ആദ്യകാലങ്ങളിൽ ഇസബ്നു മറിയമുമായി യാതൊരു തരതമ്യവുമില്ലെന്നാണ് ഞാൻ വിശ്വസിച്ചു പോന്നത്. അദ്ദേഹം നബിയായിരുന്നു, ദൈവത്തിന്റെ വരിഷ്ഠദാസരിൽ ഒരാളും, എനിക്ക് ഔന്നത്യം സൂചിപ്പിക്കുന്നതായി എന്തെങ്കിലും വെളിപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഭാഗികം (ജുസ്‌യീ) ആയ ഔന്നത്യം മാത്രമാണെന്നാണ് ഞാൻ കരുതിയത് എന്നാൽ പിന്നീട് ദൈവത്തിൽ നിന്നുള്ള വെളിപാടുകൾ മഴപോലെ എന്നിൽ ഇറങ്ങിയപ്പോൾ ആ വിശ്വാസത്തിൽ അവൻ എന്നെനിലയുറക്കാൻ വിട്ടില്ല. എനിക്ക് വ്യക്തമായ തരത്തിൽ നബി എന്ന പദവി നൽകുകയും ചെയ്തു. എന്നാൽ അത് ഒരു വശത്തിലൂടെ നബിയും മറുവശത്തിലൂടെ ഉമ്മത്തിയും ആയിരുന്നു. (ഹഖീക്കത്തുൽ വഹീ. പു. 149)

ഒരു നബി അഥവാ ഒരു പ്രവാചകൻ ഒരു പുതിയ ശരീഅത്ത് കൊണ്ടുവരികയോ, നേരിട്ടോ സ്വതന്ത്ര നിലയിലോ പ്രവാചക പദവി പ്രാപിച്ച ആളായിരിക്കുകയോ വേണമെന്നായിരുന്നു ഹദ്റത്ത് അഹ് മദ്(അ) ഇതിന് മുമ്പ് കരുതിപ്പോന്നിരുന്നത്.

***വമാ അർസൽനാ മിൻ റസൂലിൻ, ഇല്ലാ ലിയുതാഅ ബിഇദ്നില്ലാഹ്!***

അല്ലാഹുവിന്റെ അനുമതിയോടെ അനുസരിക്കപ്പെടുന്നതിന് വേണ്ടിയല്ലാതെ ഒരു ദൂതനെയും ഞാൻ അയച്ചിട്ടില്ല.(4:64) എന്ന ഖുർആൻ വാക്യം ഇക്കാര്യത്തിൽ ഹദ്റത്ത് അഹ്മദി(അ)നെ സ്വാധീനിച്ചിരുന്നു. താനാണെങ്കിൽ തിരുനബി(സ)യെ പരിപൂർണമായി അനുസരിക്കുന്നതിൽ നിർവൃതി കൊള്ളുന്ന തിരുമേനി(സ)യുടെ ഒരു ഭക്തദാസൻ! അത്കൊണ്ട് തന്നെ താൻ നബിയാണെന്നതിനെ അവിടുന്ന് നിഷേധിച്ചു. ദൈവത്തിന്റെ ഒരു പ്രവാചകനായ ഈസബ്നു മറിയമിന് (യേശുവിന്) മേലെ തനിക്ക് യാതൊരു ഔന്നത്യവുമില്ലെന്ന് ആത്മാർഥമായി വിശ്വസിക്കുകയും ചെയ്തു. എന്നാൽ ദൈവത്തിൽ നിന്ന് എണ്ണമറ്റ വെളിപാടുകൾ ഉണ്ടായപ്പോൾ അവിടുന്ന് തന്റെ ധാരണ തിരുത്തുകയും താനൊരു പ്രവാചകൻ അഥവാ, നബിയാണെന്ന് കരുതി തുടങ്ങുകയും അതിൽ വിശ്വാസം ഉറപ്പിക്കുകയും യേശുവിന്നുമേൽ തനിക്കുള്ള ഔന്നത്യത്തെ പ്രഖ്യാപിക്കുവാൻ മടികാണിക്കാതിരിക്കുകയും ചെയ്തു. ഇത് അവിടുത്തെ പ്രവർത്തന ശൈലിയിലോ ദൗത്യ നിർവഹണത്തിലോ യാതൊരു മാറ്റവും വരുത്തിയതുമില്ല. തനിക്ക് ദൈവത്തിൽ നിന്ന് ലഭിച്ച സ്ഥാനത്തെ കുറിച്ചുള്ള അറിവിലുണ്ടായിട്ടു

ള്ള പുതുമ എന്തായാലും തുടക്ക ത്തിൽതന്നെ ഏൽപ്പിച്ച ദൗത്യം ആ മഹാത്മാവിന് നല്ല നിശ്ചയമുണ്ടാ യിരുന്നു. ദൈവം എന്ത് കൽപ്പിച്ചു വോ അത് അപ്പടി അവിടുന്ന് നടപ്പാക്കിപ്പോന്നു. അവിടുന്ന് ഒരു പ്രവാചകൻ അഥവാ ഒരു നബി യായിരുന്നതിനാൽ തുടക്കം മുതൽ ക്കേ ഒരു നബിയുടെ ചുമതല തന്നെ നിർവഹിച്ചു പോരുകയായിരുന്നു. നുബൂവ്വത്തിന് സ്വന്തമായ ഒരു നി ർവചനം നൽകുകയോ സ്വന്തമായ ഒരു വിശ്വാസം മെനെഞ്ഞെടുക്കുക യോ ചെയ്യാതെ പൊതുവായ ധാരണയിൽ തന്നെ ഉറച്ചു നിന്നു. ബറാഹീനെ അഹ്മദിയ്യ രചിക്കുന്ന കാലത്ത് ഈസാനബി(അ) ജീവി ച്ചിരിക്കുന്നു എന്ന ധാരണയെ തന്നെ അവിടുന്ന് പുലർത്തിപ്പോന്നി രുന്നുവല്ലോ. അടിക്കടിയായ വെളിപാടുകളിലൂടെ ദൈവം ആ ധാരണ പിശക് തിരുത്തിയപ്പേൾ മാത്രമേ അവിടുന്ന് ആ വിഷയ ത്തിൽ ചിന്തിച്ചു തുടങ്ങുകയും തന്റെ വിശ്വാസാഭിപ്രായം മാറ്റുക യും ചെയ്തുള്ളൂ.

ഹദ്റത്ത് അഹ്മദ് (അ) വീണ്ടും പറയുന്നു:

എന്റെ വാദങ്ങളിൽ നബിയെ ന്ന വാക്കുണ്ടെന്ന് കേട്ട അനേകർ തെറ്റിദ്ധരിക്കുകയും മുൻ കാലങ്ങ ളെന്ന പോലെ നബിമാർക്ക് നേരിട്ട് ലഭിച്ചു പോന്ന നുബൂവ്വത്താണ് താൻ വാദിച്ചിട്ടുള്ളതെന്ന് കരുതു കയും ചെയ്യുന്നു. എന്നാൽ അവർ തെറ്റിദ്ധരിച്ചിരിക്കുകയത്രേ. എനിക്ക് അങ്ങനെയുള്ള വാദമല്ല ഉള്ളത്. അല്ലാഹുവിന്റെ പ്രത്യേക നിശ്ചയ പ്രകാരം യുക്തിജ്ഞാനവുമനുസരി ച്ച് തിരുമേനി(സ)യുടെ ആത്മീയ പദവിയുടെ പരിപൂർത്തി സ്ഥാപി ക്കുന്നതിനായി അവിടുത്തെ ബർക്കത്ത് കൊണ്ട് നുബൂവ്വത്തി ന്റെ സ്ഥാനത്തോളം എന്നെ എത്തിച്ചിരിക്കയാണ്. ആകയാൽ ഞാൻ ഒരു നബി മാത്രമാണെന്ന് പറയാവതല്ല. ഒരു വശത്ത് നബി യും മറ്റൊരു വശത്ത് ഉമ്മത്തിയും അത്രെ. എനിക്കുള്ള എല്ലാ ഓരോ പരിപൂർണതയും നബി (സ)യുടെ പിന്തുടർച്ച മൂലവും അവിടുന്ന് മുഖേനയും സിദ്ധിച്ചതാകുന്നു. (ഹഖീക്കത്തുൽ വഹ്യ്-1907 പു. 149-150)

നുബുവ്വത്തിനെ സംബന്ധിച്ച് തന്റെ പൂർവ ധാരണയിൽ വാഗ്ദ ത്ത മസീഹ് മാറ്റം വരുത്തിയിട്ടു ണ്ടെന്നത് അനിഷേധ്യമാണ്. 'തിരിയാഖുൽ ഖുലൂബ്' എന്ന ഗ്രന്ഥം എഴുതിക്കഴിഞ്ഞതിനും (1900) റിവ്യൂ ഒന്നാം വാല്യം പ്രസിദ്ധം ചെയ്യുന്നതിനും (1902) ഇടയിലാണ് ഇത് സംഭവിച്ചത്. മസീഹ് നബി യായിരുന്നെന്നും എന്നാൽ താൻ നബിയല്ലാത്ത മസീഹ് ആയതിനാൽ ഈസാ മസീഹിനോളം ഔന്നത്യമുള്ളയാ ളെല്ലെന്നും ആണ് അത്വരെ കരുതിയിരുന്നത്. ഈസാ നബിക്ക് (അ) മേൽ തനിക്കുള്ള മഹത്വം സുചിപ്പിക്കുന്ന വെളി പാടുകൾക്ക് ആ മഹത്വം 'ജുസ്യി' യായ അതായത് ഭാഗികമായ മഹത്വം മാത്രമായി വ്യാഖ്യാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അല്ലാഹു വിൽ നിന്നുള്ള വഹ്യയിൽ അവിടുന്ന് നബിയെന്ന നിലയിൽ തന്നെ സംബോധന ചെയ്യപ്പെടുക യും തെറ്റായ ധാരണ അകറ്റുന്ന ദിവ്യബോധനങ്ങൾ ലഭിക്കുകയും ചെയ്തപ്പോൾ തന്നെ അത്വരെയു ള്ള വിശ്വാസം മാറ്റി താൻ നബി തന്നെയെന്ന് മാത്രമല്ല ഈസാ നബിയെക്കാളും ഉയർന്ന സ്ഥാന മുള്ള ആളുമാണെന്ന് വെട്ടി തുറന്ന് പ്രഖ്യാപിക്കാൻ മടിച്ചില്ല. ഈസ ബ്നു മറിയം കാ ദിക്റ് കോ ഛോഡോ ഉസ്സെ ബഹ്തർ ഗുലാമെ അഹമദ് ഹയ് (ഇബ്നു മറിയമിന്റെ കാര്യം വിട്ടുകളയുക. അദ്ദേഹത്തേക്കാൾ ശ്രേഷ്ഠനത്രെ അഹ്മദിന്റെ ദാസൻ) ദുർറെ സമീൻ.

ഈ സാഹചര്യത്തിലാണ് അമൃത്സറിൽ വെച്ച് ഒരു എതിരാളിയുടെ ചോദ്യത്തിന് തന്റെ ഉറച്ച ശിഷ്യനായിരുന്ന ശേഖ് ഗുലാം അഹ്മദ് സാഹിബ് നൽകിയ മറുപടിയിൽ ശേഖ് ഗുലാം അഹ്മദ് സാഹിബ് ഹദ്റത്ത് അഹ്മദ് (അ) നബി അല്ലെന്ന് നിഷേധിച്ചു പറഞ്ഞ പ്പോൾ ആ തെറ്റിദ്ധാരണ നീക്കുന്ന തിന് ഒരു പ്രഖ്യാപനമടങ്ങിയ ഇക് ഗലത്തി കാ ഇസാലാ എന്ന ചെറു കൃതി പ്രസിദ്ധപ്പെടുത്തിയത്. അതിൽ ഹദ്റത്ത് അഹ്മദ്(അ) ഇപ്രകാരം എഴുതി:

'എന്റെ വാദങ്ങളെയും അതിന് പിൻബലമായുള്ള ന്യായയുക്തി കളെയും കുറിച്ച് അപൂർണവും ഉപരിപ്ലവവുമായ അറിവ് മാത്രമു ള്ളവരും എന്റെ ലിഖിതങ്ങൾ ശ്രദ്ധാ പൂർവം വായിക്കാൻ സമയമില്ലാത്ത വരും തങ്ങളുടെ അറിവുകൾ പൂർണമാകുവോളം എന്റെ സാമീ പ്യസമ്പർക്കത്തിൽ കഴിച്ചുകൂട്ടി യിട്ടില്ലാത്തവരും ആയ എന്റെ ജമാഅത്തിലെ ചില അംഗങ്ങൾ ചിലപ്പോൾ ഏതെങ്കിലും ഒരു എതിരാളിയുടെ ആക്ഷേപം കേട്ട് യാഥാർഥ്യവുമായി പൊരുത്ത പ്പെടാത്ത മറുപടി പറയാൻ ഇടയാ വുന്നു. തന്നിമിത്തം അവർ നേർ വഴിയിലായിരിക്കെ തന്നെ വലുതാ യ എളിമയിലായിതീരുന്നു. അടു ത്ത് മാത്രമണ് ഒരു അഹ്മദി, ഒരു നബി (പ്രവാചകൻ)യും റസൂലു (ദൈവദൂതൻ)മാണെന്ന് വാദിച്ചിട്ടു ള്ള ഒരാൾക്കാണ് താൻ ബൈഅത്ത് ചെയ്തിട്ടുള്ളതെന്ന ഒരാക്ഷേപത്തെ അഭിമുഖീകരിക്കേണ്ടി വന്നത്. ഞാൻ അപ്രകാരം ഒരു വാദവും പുറപ്പെടുവിച്ചിട്ടില്ലെന്ന് വ്യക്തമായി നിഷേധിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം തൽക്കാലം ആ ആക്ഷേപ ത്തെ മറികടന്നു. എന്നാൽ ഈ പ്രത്യുത്തരം ഒട്ടും ശരിയായിരുന്നി ല്ല. ദൈവം എനിക്കിറക്കിയ പാവന വും പരിശുദ്ധവുമായ വെളിപാടു കളിൽ നബിയെന്നും റസൂൽ എന്നുമുള്ള വാക്കുകൾ അടങ്ങിയി ട്ടുണ്ടെന്നതാണ് യാഥാർഥ്യം. ഈ വാക്കുകൾ ഒന്നോ രണ്ടോ വട്ടമല്ല. നൂറുക്കണക്കിന് ആവർത്തിക്കപ്പെട്ടി ട്ടുള്ളതാണ്. ഈ വെളിപാടുകളുള്ള പ്പോൾ അത്തരം വാക്കുകളൊന്നും ഇല്ലാത്തത് പോലെ അപ്രകാരമുള്ള മറുപടി നൽകുന്നത് ശരിയായിരി

ക്കുന്നതെങ്ങനെ? ഇത്തരം വാക്കുകൾ മുമ്പത്തേക്കാൾ അധികമായും അടിക്കടിയായും കൂടുതൽ സ്ഫുടതരമായും ഇപ്പോൾ വെളിപാടുകളിൽ കാണപ്പെടുന്നുണ്ട്. 22 കൊല്ലം മുമ്പ് പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യായിൽ തന്നെ അത്തരം വാക്കുകൾ കാണാവുന്നതാണ്. (ഇക് ഗലത്തീ കാ ഇസാലാ)

ഈ പ്രഖ്യാപനത്തിൽ ഹ്ദറത്ത് അഹ്മദുൽ ഖാദിയാനി (അ) നബി തന്നെയാണെന്ന് ഉറപ്പിച്ചു പറഞ്ഞതിനെ പരിഗണിച്ച് എതിരാളികൾ ശക്തിമത്തായ പുതിയ ആക്ഷേപങ്ങൾ ഉന്നയിച്ചു തുടങ്ങി. അഹ്മദിയ്യാ ജമാഅത്തിനും അതിന്റെ വന്ദ്യസ്ഥാപകർക്കുമെതിരെ ആഗോള വ്യാപകമായ എതിർപ്പുകൾ ശത്രുക്കൾ ഇതിൽ പുതിയ അടിസ്ഥാനം കൂടി കണ്ടെത്തുകയും തിരുനബി(സ)യെ പറ്റി ഖാത്തമുന്നബിയ്യീൻ എന്ന് ഖുർആനിൽ പറഞ്ഞിട്ടുള്ളതിന് എതിരാണിതെന്ന് ഘോഷിക്കുകയും ചെയ്തു. ഖാത്തമുന്നബിയ്യീന് ശേഷം നബി വരുന്നതെങ്ങനെയെന്ന ചോദ്യത്തിന് ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം മറുപടി നൽകി.

വിശുദ്ധ നബി(സ) ഖാത്തമുന്നബിയ്യീനായിരിക്കെ അദ്ദേഹത്തിന് ശേഷം പുതിയ ഒരു പ്രവാചകൻ വരുന്നതെങ്ങനെയെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം ഇതാണ്. തീർച്ചയായും ഈസാ നബിയുടെ പുനരാഗമനത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർഥത്തിലും അദ്ദേഹത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിന് 40 വർഷക്കാലം വെളിപാടുകൾ തുടരുന്നതിലും - തിരുനബി(സ)യുടെ പ്രവാചകത്വ കാലയളവിനേക്കാൾ കൂടിയതാണിതെന്നോർക്കണം - നിങ്ങൾ വിശ്വസിക്കുന്നത് പോലെ പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല, അത്തരമൊരു വിശ്വാസം ഗുരുതരമായ ഒരു കുറ്റം തന്നെയാണെന്നതിൽ സംശയമില്ല. വലാകിൻ റസൂലുല്ലാഹി വ ഖാത്തമുന്നബിയ്യീൻ (എങ്കിലും അദ്ദേഹം ഖാത്തമുന്നബിയ്യീനും അല്ലാഹുവിന്റെ ദൂതനുമാകുന്നു.) എന്ന ഖുർആൻ വാക്യവും ലാ നബിയ്യ ബഅദീ (എനിക്ക് ശേഷം നബിയില്ല) എന്ന ഹദീസിലും അത്തരം തെറ്റായ സിദ്ധാന്തത്തിന്റെ പ്രത്യക്ഷമായ അസത്യത്തെ തെളിയിച്ചു കാട്ടുന്ന പ്രബലമായ സാക്ഷ്യമാകുന്നു, ഞാൻ അത്തരം വിശ്വാസങ്ങൾക്ക് തികച്ചും എതിരായിരിക്കുന്നതിന് പുറമെ വലാകിൻ റസൂലുല്ലാഹ് വഖാത്തമുന്നബിയ്യീൻ (അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകന്മാരുടെ മുദ്രയുമാകുന്നു.) എന്ന ഖുർആൻ വാക്യത്തിൽ സുദൃഢമായ വിശ്വാസം പുലർത്തുകയും ചെയ്യുന്നു. ഈ വാക്യങ്ങളിൽ നമ്മുടെ എതിരാളികളുടെ ശ്രദ്ധയിൽ പെടാതെപോയ ഒരു വലിയ പ്രവചനം അടങ്ങിയിരിക്കുന്നു. അത് ഇതാകുന്നു. തിരുനബി (സ)യുടെ ആവിർഭാവത്തിന് ശേഷം കാലാവസാനം വരെ പ്രവചന ശേഷിയുടെ ദിവ്യമായ വരദാനം തടയപ്പെട്ടിരിക്കുന്നു എന്നതത്രേ അത്. ഹിന്ദുവോ ജൂതനോ ക്രിസ്ത്യാനിയോ നാമമാത്ര മുസ്‌ലിമോ ആയിട്ടുള്ള യാതൊരാൾക്കും തന്റെ പേരിൽ നബി എന്ന സ്ഥാനപ്പേർ സ്വീകരിക്കുന്നതിനെ ന്യായീകരിക്കുന്നതിന് സാധിക്കുന്നതല്ല. - ഈ അത്യുന്നതമായ പദവിക്ക് സിറാത്തെ സിദ്ദീഖ് (സിദ്ദീഖിന്റെ പാത) ഒഴിച്ചുള്ള മറ്റെല്ലാ സമീപനങ്ങളും മാർഗങ്ങളും തിരുനബി(സ)യോടുള്ള പ്രേമാതിരേകത്താൽ - പൂർണമായ ആത്മസംഹൃതിക്ക് തുല്യമായിട്ടുള്ളതാണ്-ബന്ധിക്കപ്പെട്ടിരിക്കുന്നു. ആ വാതിലിലൂടെ ദൈവത്തെ സമീപിക്കുവാൻ ശ്രമിക്കുന്നവർ പ്രവാചകത്വത്തിന്റെ കുപ്പായം - അതു പക്ഷേ തിരുനബി(സ)യുടെ പ്രവാചകത്വത്തിന്റെ അംശം തന്നെയാകുന്നു- അണിഞ്ഞ ആളായിരിക്കണം. അത്തരം ഒരാളുടെ പ്രവാചകത്വം തന്നത്താൻ നിലനിൽക്കുന്നതോ സ്വന്തം വ്യക്തിത്വത്തിൽ നിന്ന് നേടിയെടുത്തതോ അല്ല. മറിച്ച്, എല്ലാ ഔദാര്യങ്ങളുടെയും നന്മകളുടെയും പ്രഭവ കേന്ദ്രമായ തിരുനബി(സ)യിൽ നിന്ന് ആവാഹിച്ചെടുത്തിട്ടുള്ളതാകുന്നു. ആകയാൽ അത്തരമൊരാൾ സ്വന്തം ഔന്നത്യവും സ്ഥാനവു

വിശുദ്ധ നബി(സ) ഖാത്തമു ന്നബിയ്യീനായിരിക്കെ അദ്ദേഹത്തിന് ശേഷം പുതിയ ഒരു പ്രവാചകൻ വരുന്നതെങ്ങനെയെന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള ഉത്തരം ഇതാണ്. തീർച്ചയായും ഈസാനബിയുടെ പുനരാഗമനത്തിൽ നിങ്ങൾ വിശ്വസിക്കുന്ന അർഥത്തിലും അദ്ദേഹ ത്തിന്റെ പ്രവാചകത്വത്തിലും അദ്ദേഹത്തിന് 40 വർഷക്കാലം വെളിപാടുകൾ തുടരുന്നതിലും – തിരുനബി(സ)യുടെ പ്രവാചകത്വ കാലയളവിനേക്കാൾ കൂടിയതാണി തെന്നോർക്കണം – നിങ്ങൾ വിശ്വസിക്കുന്നത് പോലെ പുതിയതോ പഴയതോ ആയ ഒരു നബിയും വരാൻ പാടില്ല, അത്തരമൊരു വിശ്വാസം ഗുരുതരമായ ഒരു കുറ്റം തന്നെയാണെന്നതിൽ സംശയമില്ല.

മുയർത്താനല്ല നേരേമറിച്ച് തിരു നബി(സ)യുടെ മഹത്വവത്ക്കരണത്തിനായിട്ടാണ് നബിയായിരിക്കുന്നത്. അത്കൊണ്ടാണ് അദ്ദേഹം സ്വർഗത്തിൽ മുഹമ്മദും അഹ്മദും ആയി അറിയപ്പെടുമാറായിരിക്കുന്നത്. മുഹമ്മദിന്റെ പ്രവാചകത്വം മറ്റാരിലുമല്ലാതെ മുഹമ്മദിലേക്ക് തന്നെ തിരിച്ചുവരുന്നു എന്ന് പറയാം. എന്നു വച്ചാൽ ഈ പദവി അവകാശപ്പെടുന്ന ഒരാൾ തിരുനബി(സ) യുടെ എല്ലാ ഗുണങ്ങളും തന്നിൽ പ്രതിഫലിക്കുകയും അവിടേക്കുള്ള കടപ്പാടിനെ അംഗീകരിക്കുകയും ചെയ്തുകൊണ്ട് അവിടുത്തെ നിഴലെന്നോണം പ്രവർത്തിക്കുന്നതായിരിക്കും .....ചുരുക്കത്തിൽ എന്റെ പ്രവാചകത്വം എന്റെ സ്വത്വം മുഖേനയല്ല മറിച്ച് ഞാൻ മുഹമ്മദും അഹ്മദും ആയിരിക്കുന്നത് മുഖേനയാകുന്നു. ഞാൻ ഈ പദവിയിൽ അനുഗൃഹീതനായിരിക്കുന്നത് ഞാൻ തിരുനബി(സ)യിൽ പൂർണമായും ആഹുതി ചെയ്തിട്ടുള്ളത്കൊണ്ടത്രേ. ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന പ്രയോഗത്തിന്റെ പൊരുളിനെ ഇത് ഒരുതരത്തിലും ബാധിക്കുന്നില്ല. എന്നാൽ ഈസാ മസീഹിനെ പോലെയുള്ള ഒരു സ്വതന്ത്ര പ്രവാചകന്റെ ആവിർഭാവം ഇപ്രകാരമുള്ളതല്ല. നബി എന്ന ശബ്ദത്തിന്റെ അർഥം ദൈവത്തിൽ നിന്ന് പരോക്ഷ ജ്ഞാനം ലഭിച്ചയാൾ എന്നത്രെ. ഈ നിർവചനം ആരിൽ യോജിക്കുന്നുവോ അയാൾ നബിയായിരിക്കും. നബി ആവശ്യമായും ഒരു റസൂൽ (ദൈവദൂതൻ) ആണ്. അല്ലാത്ത പക്ഷം പരിശുദ്ധമായ പരോക്ഷ ജ്ഞാനമയാൾക്ക് അനുഗ്രഹിച്ചരുളപ്പെടുന്നതല്ല.... ദൈവത്തിൽ നിന്ന് പരോക്ഷജ്ഞാനം ലഭിച്ചതായി പ്രഖ്യാപിക്കുന്ന ആൾ പ്രവാചകത്വത്തിന് അവകാശിയല്ലെങ്കിൽ മറ്റെന്ത് പേരാണ് നിങ്ങൾ അയാൾക്ക് നൽകുക?. മുഹദ്ദസ് എന്ന പദത്തിന്റെ ഉള്ളടക്കം അത്തരം ഒരാളുടെ അത്മീയസ്ഥാനത്തെ പൂർണമായും ഉൾക്കൊള്ളുന്നുവെന്നതിന് യാതൊരു നിഘണ്ടുവും പിന്തുണ നൽകുന്നില്ല. 'തഹ്ദീസ്' എന്ന അറബി പദം പരോക്ഷ ജ്ഞാനങ്ങളുടെ രഹസ്യ ജ്ഞാനം ആർജിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നതിന്നുള്ള ശബ്ദമായി ഒരു നിഘണ്ടുവിലും വിവരിക്കപ്പെട്ടിട്ടില്ല. എന്നാൽ നുബൂവ്വത്ത് എന്നത് അത്തരത്തിൽ പരോക്ഷജ്ഞാനം ലഭിക്കൽ ആയി വിവരിക്കുന്നുമുണ്ട്. നബിയെന്ന പദം അറബിയിലും അബ്രാനിയിലും പൊതുവായിട്ടുള്ളതാണ്. ഹിബ്രുവിലും അത് നബി എന്നാണ് ഉച്ചരിക്കപ്പെടുക.

ഹദ്റത്ത് അഹ്മദ്(അ) ഇക് ഗലത്തീ കാ ഇസാല എന്ന കൃതി ഇപ്രകാരമാണ് ഉപസംഹരിക്കുന്നത്.

ഞാനിത്രയും പറഞ്ഞിട്ടുള്ളതിന്റെ ആകെസ്സാരം എന്തെന്നാൽ അറിവു കെട്ട എന്റെ എതിരാളികൾ ഞാനൊരു സ്വതന്ത്ര നബിയാണെന്ന് അഥവാ സ്വതന്ത്ര റസൂലാണെന്ന് വാദിച്ചതായി ആരോപിക്കുന്നത് ശരിയായില്ല എന്നത്രെ. ഞാൻ അത്തരമൊരു വാദം പുറപ്പെടുവിച്ചിട്ടില്ല. അവർ നബി എന്നതിനും റസൂൽ എന്നതിനും കൽപ്പിക്കുന്ന അർഥത്തിൽ ഞാൻ പ്രവാചകനോ ദൈവദൂതനോ ആണെന്ന് വാദിക്കുന്നില്ല. എന്നാൽ മുകളിൽ വിവരിച്ച അർഥത്തിൽ ഞാൻ ഒരു നബിയും റസൂലും തന്നെ. ഞാൻ അവർ പറയുന്ന തരത്തിലുള്ള നുബൂവ്വത്തും റിസാലത്തും വാദിച്ചതായി എന്നെക്കുറിച്ച് കുത്സിത ബുദ്ധ്യാ ആരോപിക്കുന്നവർ കള്ളം പറയുകയാകുന്നു. അത് അവിശുദ്ധമായ വിചാരത്താൽ പ്രചോദിതമാകുന്നു. എന്നെ ബുറൂസി (പ്രതിഛായ) ആയ രൂപത്തിൽ നബിയും റസൂലും ആക്കിയിരിക്കുന്നു. ഇതേ അടിസ്ഥാനത്തിൽ ദൈവം അടിക്കടി എന്റെ പേര് നബിയുല്ലാഹ് എന്നും വെച്ചിരിക്കുന്നു. എന്നാൽ ബുറൂസി (പ്രതിഛായ) രൂപത്തിൽ മാത്രം എന്റെ വ്യക്തിത്വം മദ്ധ്യത്തിലെവിടെയും ഇല്ല. മുഹമ്മദ് മുസ്തഫാ(സ) തന്നെയാണ് എന്നിൽ പ്രതിഭാസിക്കുന്നത്. അത്കൊണ്ടാണ് ഞാൻ മുഹമ്മദ് എന്നും അഹ്മദ് എന്നും വിളിക്കപ്പെട്ടിരിക്കുന്നത്. നുബൂവ്വത്തും റിസാലത്തും അന്യരുടെ ആരുടെയെങ്കിലും അടുക്കലേക്ക് പോയില്ല. മുഹമ്മദിന്റെ(സ) നുബൂവ്വത്ത് മുഹമ്മദിന്റെ അടുക്കൽ തന്നെ നിലനിൽക്കുന്നു.

തന്റെ പദവി 'മുഹദിസ്' എന്ന സ്ഥാനത്തേക്കാൾ ഉയർന്നതാണെന്ന് വ്യക്തമാക്കിയ വാഗ്ദത്ത മസീഹ് (അ) നുബൂവ്വത്തിന് പുതിയ നിർവചനം നൽകി. 1901ന് ശേഷമുള്ള ഗ്രന്ഥങ്ങളിൽ ഇത് കാണപ്പെടുന്നു. വാഗ്ദത്ത മസീഹ് നബി എന്ന ശബ്ദത്തിന് പിന്നീട് നൽകിയ ഖണ്ഡിതമായ നിർവചനങ്ങൾ ഇതാണ്.

1. ദൈവത്തിന്റെ ഭാഷണം ഖണ്ഡിതവും ദൃഢവുമായ രീതിയിൽ ധാരാളമായി ഇറങ്ങി ക്കൊണ്ടിരിക്കുന്നത് ആരിലാണോ അയാളാണ് എന്റെ പക്കൽ നബി. അതുകൊണ്ട് അല്ലാഹു എന്റെ പേര് നബിയെന്ന് വെച്ചു. പക്ഷേ ശരീഅത്ത് ഇല്ലാതെ. (തജല്ലിയാത്തെ ഇലാഹിയ്യ)

2. ആ നേരിട്ടുള്ള സംസാരം അവസ്ഥയിലും ആധിക്യത്തിലും പരിപൂർണതയുടെ പരമോന്നത സ്ഥാനത്തെക്കുറിക്കുകയും അതിന്റെ യാതൊരു അപാകതയും കുറവും അവശേഷിക്കാതിരിക്കുകയും തുറന്ന നിലയിൽ പരോക്ഷ ജ്ഞാനം ഉൾക്കൊണ്ടിരിക്കുകയും ആണെങ്കിൽ ഇതുതന്നെയാണ് വാഗന്തരേണ നുബുവ്വത്ത് എന്ന പേരിൽ നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത്. (അൽവസിയ്യത്ത്)

3. വഹ്യ് മുഖേന അല്ലാഹുവിൽ നിന്ന് നേരിട്ട് ജ്ഞാനം ലഭിക്കുന്ന ആൾ, ദൈവവുമായി നേരിട്ട് സംസാരിക്കുന്നതിന് അനുഗ്രഹിക്കപ്പെട്ട ആൾ എന്നിങ്ങനെ മാത്രമാണ് നബിയുടെ അർഥം, ശരീഅത്ത് കൊണ്ട് വരുന്നത് നിർബന്ധമില്ല. ഒരു ഉമ്മത്തിയെ അപ്രകാരം പ്രവാചകനായി കരുതുന്നതിന് എന്തെങ്കിലും നിബന്ധന അനുപേ

ക്ഷണീയമായിരിക്കുന്നില്ല. ആ ഉമ്മത്തി താൻ അനുസരിക്കുന്ന നബിയിൽ നിന്നും അനുഗ്രഹങ്ങൾ തേടുന്ന ആളായിരിക്കുമ്പോൾ പ്രത്യേകിച്ചും. (സമീമ ബറാഹീൻ അഹ്മദിയ്യ. പു.138)

4. ദൈവത്തിൽ നിന്ന് പരോക്ഷമായ കാര്യങ്ങളിൽ അധിഷ്ഠിതമായ ശക്തിമത്തായ പ്രവചനങ്ങൾ അടങ്ങിയ ഭാഷണം ജനങ്ങളിൽ എത്തിക്കുന്ന ആൾ ഇസ്ലാമിക സാങ്കേതിക വീക്ഷണ പ്രകാരം നബിയെന്ന് പറയപ്പെടുന്നു. (ഹുജ്ജത്തുല്ലാഹ് പു.6.)

പുതിയ ശരീഅത്ത് കൊണ്ട് വരുന്ന ആളോ മുൻ ശരീഅത്ത് റദ്ദ് ചെയ്യുന്ന ആളോ ആണ് നബി യെന്നും ആ ആൾ മറ്റൊരു നബി യുടെ പിന്തുടർച്ചക്കാരനോ അനു സാരിയോ അല്ലാത്ത നിലയിൽ നേരിട്ട് ദൈവത്തിൽ നിന്ന് നിയോഗിക്കപ്പെടുന്ന ആളായിരിക്കു മെന്നുമായിരുന്നു നബിയെക്കുറിച്ചു ള്ള പൂർവ ധാരണ. ആകയാൽ താൻ നബിയാണെന്ന് വാദിക്കു മ്പോൾ ഇസ്ലാമിക ശരീഅത്തിന് ശേഷം പുതിയ ശരീഅത്ത് കൊണ്ട്വന്ന ആളോ മുഹമ്മദ് നബി(സ) തിരുമേനിയുടെ പിന്തുട ർച്ചയും അനുസരണവുമായി ബന്ധമില്ലാത്ത സ്വതന്ത്രനായ നബിയോ ആണെന്ന് ധരിക്കാനിട യുണ്ടെന്നതിനാലാണ് ആ മഹാത്മാ വ് താൻ നബിയല്ലെന്ന് നിഷേധിച്ചു പോന്നത്. എന്നാൽ മുഹമ്മദ് നബി (സ)യുടെ പ്രാദുർഭാവത്തിന് ശേഷം ഒരു പുതിയ തരത്തിലുള്ള ശിഷ്യ പ്രവാചകന്റെ- ഉമ്മത്തീ നബിയുടെ- തസ്തിക കൂടി സൃഷ് ടിക്കപ്പെട്ടിരിക്കയാണെന്നും ആ അടിസ്ഥാനത്തിൽ ഇസ്ലാം ശരീഅത്തിന്റെ ഇഖാമത്തിനായുള്ള ഉമ്മത്തീ നബിയും തിരുനബി(സ) യുടെ പ്രതിഛായയും പ്രതീകവു മായ ശിഷ്യ പ്രവാചകനായി നിയോഗിക്കപ്പെട്ടിരിക്കയാണെന്നും ദിവ്യബോധനത്തിലൂടെ വ്യക്ത മാക്കപ്പെട്ടപ്പേൾ, അപ്രകാരം പ്രഖ്യാപിക്കാനും ഘോഷിക്കാനും അവിടുന്ന് ലവലേശവും മടിക്കുക യുണ്ടായില്ല. അക്കാര്യത്തിൽ മുഴു വൻ ലോകത്തിന്റെയും എതിർപ്പുക ളെ ഒറ്റക്ക് നേരിടാനുള്ള നെഞ്ചൂ ക്കും നിശ്ചയദാർഢ്യവും പ്രദർശി പ്പിക്കാൻ അദ്ദേഹം തയ്യാറായി. താൻ നബിയും റസൂലുമാണെന്ന് എവിടെയെല്ലാം പറയുന്നുവോ അവിടെയെല്ലാം അതോടൊപ്പം തന്നെ തനിക്കീ പദവി ലഭിച്ചത് തന്റെ ഗുരുവര്യനായ മുഹമ്മദ് നബി (സ) തിരുമേനിയോടുള അനുസരണം വഴി സിദ്ധിച്ച അനുഗ്രഹത്തിലൂടെ ആണെന്നും കൂടി ആവർത്തിച്ചു ഊന്നിപ്പറയാൻ അവിടുന്ന് ബദ്ധപ്പെടുകയും ചെയ്തു.

1906ൽ പ്രസിദ്ധീകരിച്ച ഹഖീ ക്കത്തുൽ വഹ്യി എന്ന ഗ്രന്ഥ ത്തിൽ ഇപ്രകാരം പ്രസ്താവിച്ചു.

ധാരാളം ദൈവിക വഹ്യുകളു ടെയും പരോക്ഷ കാര്യങ്ങളുടെയും ആ ഘടകത്തെ സംബന്ധിച്ചിട ത്തോളം ഈ ഉമ്മത്തിൽ ഞാൻ മാത്രമാണ് ഒരു പ്രത്യേക വ്യക്തി. എനിക്ക്മുമ്പ് ഈ ഉമ്മത്തിൽ എത്രത്തോളം ഔലിയാക്കളും അബ്ദാലുകളും അഖ്താബുകളും കഴിഞ്ഞു കടന്നിട്ടുണ്ടോ അവർ ക്കൊന്നും ഈ അനുഗ്രഹത്തിന്റെ വർധിത ഭാഗം പ്രദാനം ചെയ്യ പ്പെട്ടിട്ടില്ല. ഈ കാരണത്താൽ നബി എന്ന പേരിൽ ഞാൻ മാത്രം പ്രത്യേകപ്പെടുത്തപ്പെട്ടു. മറ്റുള്ളവർ ആരും തന്നെ ഇതിന് അവകാശി കളായില്ല. എന്തുകൊണ്ടെന്നാൽ ധാരാളം വഹ്യുകളും ധാരാളം പരോക്ഷകാര്യങ്ങളും ലഭിക്കണ മെന്നത് ഇതിലെ ഒരു നിബന്ധന യായിരുന്നു. ഈ നിബന്ധന അവരിലൊന്നും തന്നെ പൂർത്തി യായി കാണപ്പെടുന്നില്ല.

തിരുനബി(സ)യുടെ പ്രവചനം വ്യക്തമായി പുലരുന്നതിന് അപ്രകാ രം ആവേണ്ടത് അനിവാര്യമായിരു ന്നു. എനിക്ക് മുമ്പ് കടന്നു കഴിഞ്ഞ സാലിഹീങ്ങളും ദൈവവുമായുള്ള ആഭിമുഖ്യത്തിലും ദൈവിക ഭാഷണത്തിലും പരോക്ഷ കാര്യങ്ങ ളിലും അതേതരത്തിൽ അനുഗ്രഹ പങ്കാളികളായിരുന്നെങ്കിൽ അവരും നബിയെന്ന് പറയുന്നതിൽ അവകാ ശികളാകുമായിരുന്നു. അതോടൊ പ്പം തിരുനബി(സ)യുടെ പ്രവചന പൂർത്തിയിൽ ഒരു വൈകല്യം സംഭവിക്കുകയും ചെയ്യുമായിരു ന്നു. ഈ ദൈവിക നിശ്ചയം ഈ വന്ദ്യാത്മാക്കളെ പൂർണാനുഗ്രഹ ലബ്ധിയിൽ നിന്ന് തടഞ്ഞ് നിറു ത്തി. സഹീഹായ ഹദീസുകളിൽ പറയപ്പെട്ട പ്രകാരം അത്തരം അനുഗൃഹീതാത്മാവ് ഒരാൾ മാത്ര മായിരിക്കുമെന്ന പ്രവചനം നിറ വേറ്റാൻ വേണ്ടി തന്നെ. (ഹഖീക്ക ത്തുൽ വഹ്യ്. പു-391)

ഇത്രയും വ്യക്തമായ തരത്തി ൽ തന്റെ നുബൂവ്വത്ത് തെളിയിച്ചു കാട്ടിയ ശേഷം തന്റെ ഒടുവിലത്തെ പ്രധാന ഗ്രന്ഥമായ ചശ്മെ മഅ്രിഫ യിൽ(1907) ഇങ്ങനെയും എഴുതി:

ഞാൻ ദൈവത്തിൽ നിന്നുള്ള വനാണെന്നുള്ള സത്യം സ്ഥാപിച്ചു കാട്ടുന്നതിന് വേണ്ടി ഇത്രയേറെ അടയാളങ്ങളും ദൃഷ്ടാന്തങ്ങളും ദൈവം വെളിപ്പെടുത്തുകയുണ്ടാ യി. അവ ഒരായിരം നബിമാർക്ക് വീതിച്ചു നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അവർ ഓരോരുത്തരുടേയും നുബൂവ്വത്ത് സ്ഥാപിക്കപ്പെടുമായി രുന്നു. (ചശ്മെ മഅ്രിഫ പു.317)

ഒടുവിലായി ചരമം പ്രാപിക്കു ന്നതിന് ഒരു ദിവസം മുമ്പ് മാത്രം **'അഖ്ബാറെ ആം'** എന്ന പ്രസിദ്ധ പത്രത്തിൽ താൻ നുബൂവ്വത്ത് വാദം ഉപേക്ഷിച്ചുവെന്ന കള്ള വാർത്ത കണ്ടപ്പോൾ വാർത്ത നിഷേധിച്ചു കൊണ്ട് താൻ നബി തന്നെയാ ണെന്ന കാര്യം ഊന്നിപ്പറഞ്ഞു കൊണ്ട് ഒരു പ്രസ്താവന പുറ പ്പെടുവിക്കുകയും താൻ അവസാന നിമിഷം വരെയും നുബൂവ്വത്ത് വാദത്തിൽ ഉറച്ച് നിന്നിട്ടുണ്ടെന്ന് തെളിയിച്ചു കാട്ടുകയും ചെയ്തു. (ഹദ്റത്ത് അഹ്മദ്(അ) എന്ന ഗ്രന്ഥത്തിൽ നിന്ന്)

# ശാസ്ത്രയുഗത്തിലെ ദൈവ സങ്കൽപം

നാസ്തികന്മാർ പറയുന്നത് പോലെ ദൈവത്തെ ഭൗതിക വസ്തുവിനെ അറിയുന്നത് പോലെ അറിയണമെന്ന വാദം അയുക്തികവും ബുദ്ധിശൂന്യവുമാണ്. ആത്മീയ ജ്ഞാനങ്ങളിലൂടെയാണ് ദൈവത്തെ അറിയുക. *വിവ : ഹസ്സൻ കോയ , കോഴിക്കോട്*

**ഉമർ നാസർ യു. കെ**

മനുഷ്യ ചരിത്രത്തിൽ ഏറ്റവും മനോഹരമായ സംഭാഷണം നടന്നത് ആര് തമ്മിലായിരുന്നു വെന്ന് നിങ്ങൾക്കറിയാമോ? അത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയും പിന്നീട് ഇസ്‌ലാമിലെ ഒന്നാം ഖലീഫയായി തീർന്ന ഹദ്റത്ത് അബൂബക്കർ സിദ്ധീക്കും (റ) തമ്മിലായിരുന്നു. അദ്ദേഹം അറേബ്യൻ മണലാരണ്യ ത്തിലുള്ള തന്റെ ജന്മനഗരമായ മക്കക്ക് പുറത്ത് സഞ്ചരിച്ചിരുന്ന ബഹുമാന്യനായ ഒരു കച്ചവടക്കാര നും ധനികനുമായിരുന്നു.

അദ്ദേഹം മടങ്ങി വന്നപ്പോൾ മക്കയിലെ മുഖ്യന്മാർ പരിഹാസ പൂർവം അദ്ദേഹത്തിന്റെ അടുക്കൽ വന്നുകൊണ്ട് സുഹൃത്തായ മുഹമ്മദിന് (സ) മലക്കുകൾ മുഖേന ദൈവിക വെളിപാടുകൾ ലഭിക്കുന്നതായി അവകാശപ്പെട്ടി രിക്കുന്നു എന്ന് പറഞ്ഞു. അബൂബ ക്കർ (റ) അറബ് മുഖ്യന്മാരെ വിട്ട് നബി (സ)യുടെ അടുത്തേക്ക് കുതിച്ചു. താങ്കൾ ഈ അവകാശ വാദം ഉന്നയിക്കുന്നുവോ? എന്ന് മുഹമ്മദ് നബി (സ) യോട് ആരാഞ്ഞു. നബി(സ) അതിന് നേരിട്ടുള്ള ഉത്തരം പറഞ്ഞില്ല. നബി(സ)തിരുമേനി തന്റെ അവകാ ശവാദവും അതോടനുബന്ധിച്ചുള്ള സാഹചര്യവും വിശദീകരിക്കാൻ ആഗ്രഹിച്ചു. ഹദ്റത്ത് അബൂബക്ക റിന് അതൊന്നും കേൾക്കേണ്ടതിന്റെ ആവശ്യമില്ലായിരുന്നു. താങ്കൾ ഈ വാദം പുറപ്പെടുവിച്ചിട്ടുണ്ടോ? അദ്ദേഹം ചോദിച്ചു. വീണ്ടും നബി തിരുമേനി (സ) നേരിട്ടുള്ള ഒരുത്തരവും പറഞ്ഞില്ല. പിന്നെയും അബൂബക്കർ (റ) താങ്കൾ ഈ അവകാശവാദം പുറപ്പെടുവിച്ചിട്ടു ണ്ടോ എന്നു ചോദിച്ചു. ഒടുവിൽ വളരെ സൗമ്യനായി നബി തിരു മേനി (സ) പറഞ്ഞു: അതെ, ഞാനങ്ങനെ അവകാശപ്പെട്ടിരിക്കു ന്നു. അപ്പോൾ അബൂബക്കർ(റ) പ്രഖ്യാപിച്ചു: 'താങ്കൾ ദൈവത്തി ന്റെ സന്ദേശ വാഹകനാണെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' ഞാൻ എന്തെങ്കിലും അതിന് ഉപോൽബലകമായ വാദം കേട്ടിരു ന്നുവെങ്കിൽ അതെന്റെ വിശ്വാസ ത്തിൽ കുറവുവരുത്തുമായിരുന്നു വെന്ന് അബൂബക്കർ(റ) പിന്നീട് പറഞ്ഞു.

### എന്താണ് ശാസ്ത്രീയത?

വിശ്വാസം അത് ഇന്ന് അശ്രീക രമായ ഒരു വാക്കാണ്. അതിന്റെ യഥാർഥ അർഥം ഇന്ന് മങ്ങിപ്പോ യിരിക്കുന്നു. വിശ്വാസം എന്ന ഈ പദം ബുദ്ധിജീവികളെന്ന് പറയ പ്പെടുന്ന ഒരു വരേണ്യ വർഗത്തി ന്റെ പരിഹാസ പാത്രമാണ്. ശാസ്ത്രീയ രീതിയാണ് മനുഷ്യന്റെ മോക്ഷത്തിന്റെ താക്കോൽ എന്നവർ വിശ്വസിക്കുന്നു. ചിലപ്പോൾ അവരുടെ നിലപാടിന് ചില ന്യായീകരണങ്ങളുണ്ടാവാം. ശാസ്ത്രീയ വിപ്ലവം മുഖേന ലോകത്തുണ്ടായ ഭൗതിക പുരോഗ തി എല്ലാവർക്കും കാണാൻ കഴിയു ന്നതാണ്. വൈദ്യശാസ്ത്രവും സാങ്കേതിക വിദ്യയും ഈ ശാസ്ത്രീ യാന്വേഷണങ്ങളുടെ ഫലമാണ്. അനുഭവസിദ്ധമായ നിഗമനങ്ങളി ലൂടെ നാം അവയെ പരിശോധനക്ക് വിധേയമാക്കുന്നു. നമ്മുടെ ജീവിത വഴിയിൽ അത് സമൂന്നതമായ മാറ്റത്തിന്റെ ഫലങ്ങളുണ്ടാക്കുന്നു. പക്ഷേ ഇന്ന് ശാസ്ത്രം ജീവിത ത്തിന്റെ ഗുണനിലവാരം മെച്ചപ്പെടു ത്തുന്ന ഒരു ഉപകരണം മാത്ര മായിട്ടല്ല ഉപയോഗിക്കപ്പെടുന്നത്. അത് മതത്തിന്റെ ഹൃദയത്തിൽ കുത്തുന്ന ആയുധം കൂടിയായി ഉപയോഗിക്കപ്പെടുന്നു. നമ്മുടെ കാലഘട്ടത്തിലെ പ്രമുഖനായ നാസ്തികൻ റിച്ചാർഡ് ഡാകിൻസ്,

സാം ഹാരിസ് എന്നിവർ സ്ഥിര പ്രതിഷ്ഠ നേടിയ ശാസ്ത്ര ജ്ഞന്മാരായി ഗണിക്കുന്നവരാണ്. അവരുടെ അനുയായി സമൂഹങ്ങ ളും വിശ്വസിക്കുന്നത് മനുഷ്യകുലം പുരാതനമായി ചങ്ങലകളിൽ നിന്ന് സ്വതന്ത്രമാവണമെങ്കിൽ ശാസ്ത്ര ശക്തി ആർജിക്കേണ്ടതുണ്ട് എന്നാ ണ്. യഥാർഥത്തിൽ അവരുടെ പ്രചാരണപരമായ മതാഭിനിവേശ ത്തിന് സമാനമായാണ് കാണപ്പെടു ന്നത്. ശാസ്ത്രമാണ് അവരുടെ അഭിനവ ദൈവം. ജ്ഞാനിയും ഗണിതജ്ഞനും ദീർഘദർശിയു മായ ബെർലിൻസികി ഇപ്രകാരം നിരൂപണം ചെയ്യുന്നു:

'മറ്റൊന്നുമല്ലെങ്കിൽ ആചാരപര മായ മതചിന്തയുടെമേലുള്ള ആക്രമണമാണ് ആധുനിക ശാസ്ത്രത്തിന്റെ ശക്തിയായി അടയാളപ്പെടുത്തുന്നത്. അങ്ങനെ ഏകമായ ഒരു വിശ്വാസ വ്യവസ്ഥ യിൽ യുക്തിബോധമുള്ള സ്ത്രീ പുരുഷന്മാർ വിശ്വാസമർപ്പിക്കണം. ഇനി അവരുടെ വിശ്വാസമില്ലെങ്കിൽ തീർച്ചയായും അവരുടെ അർപ്പണം വേണം.... തീവ്രവാദമുള്ള ഒരു ചർച്ചിനെ പോലെ ഇതും മറ്റെല്ലാവരുടെയും മുന്നിൽ സുപരിചിതമായ ഒരു ആവശ്യമായി സമർപ്പിക്കും: അതായത് 'നിനക്ക് ഞാനല്ലാതെ മറ്റ് ദൈവങ്ങളൊ ന്നുമില്ല' എന്നത് പോലെ. 1

ഈ തത്ത്വശാസ്ത്രത്തിന്റെ അനുയായികൾ പലപ്പോഴും അറിയപ്പെടുന്നത് 'നവ നാസ്തിക ൻ' എന്നാണ്. അനുഭവജ്ഞാന പരമായി തെളിയിക്കപ്പെടാത്ത ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുക എന്നത് അടിസ്ഥാ നപരമായി അയുക്തികമാണെ ന്നാണ് ഇവർ വിശ്വസിക്കുന്നത്. യാഥാർഥ്യത്തിന്റെ രഹസ്യങ്ങളറി യാൻ ഇവർ മുന്നോട്ട് വെക്കുന്ന മാർഗം ശാസ്ത്രീയ രീതി എന്നാണ് അറിയപ്പെടുന്നത്. ശാസ്ത്രീയമായി സർവാംഗീകൃതമല്ലാത്ത ഒരു കാര്യവും സത്യമേയല്ല എന്നതാണ് ഇവരുടെ വാദം.

ഈ വീക്ഷണക്കാരുടെ പൊതു വായ വാദഗതി 'ശാസ്ത്രീയ രീതി' എന്നാണ് അറിയപ്പെടുന്നത്. അതായത് ദൈവം ഉള്ളതായി യാതൊരു തെളിവും ഇല്ല എന്ന് ഇവർ പറയുന്നു. ഭൗതിക തെളിവ് എന്നത് കൊണ്ട് അതിന്റെ വക്താക്കൾ ഉദ്ദേശിക്കുന്നത് അനുഭവപരമായ തെളിവാണ്. യാഥാർഥ്യങ്ങളുടെ രഹസ്യമറിയാൻ ശാസ്ത്രീയമായ രീതിയാണ് അവർ മുന്നോട്ട്വെക്കുന്നത്.

നമുക്ക് ചുറ്റുമുള്ള ഭൗതിക യാഥാർഥ്യങ്ങളുടെ അസ്തിത്വം തെളിയിക്കപ്പെടുന്നത് പോലെ ദൈവത്തിന്റെ അസ്തിത്വവും തെളിയിക്കപ്പെടണം എന്നാണ് ഇവർ ശഠിക്കുന്നത്. മറ്റ് പരികൽപനകൾ ആത്മനിഷ്ഠാപരവും യുക്തി പരവുമായ നിഗമനങ്ങളാണ്. ദൈവത്തിന്റെ അസ്തിത്വം തെളിയിക്കാനും മറ്റുയാഥാർഥ്യ ങ്ങൾ തെളിയിക്കുന്നത് പോലെ തെളിവിന്റെ മാനദണ്ഡം ആവശ്യ മാണ്. എന്നിട്ട് പോലും അഭിനവ നാസ്തികന്മാർ വാദിക്കുന്നത് ഏതെങ്കിലും വസ്തുവിനെ ആരാധി ച്ചു കൊണ്ടും സ്നേഹിച്ചും ഭയപ്പെ ട്ടും നാം ജീവിതം കഴിച്ചുകൂട്ടിയാ ലും ദൈവത്തിന്റെ യഥാർഥ അസ്തിത്വം ഭൗതിക ശാസ്ത്ര ത്തിന്റെയും രസതന്ത്രത്തിന്റെയും സിദ്ധാന്തങ്ങൾ പോലെ സുസ്ഥാ പിതമായിരിക്കണം ആത്മനിഷ്ഠാ പരമായ വ്യക്തിയധിഷ്ഠിത തെളിവുകൾ പാടില്ല എന്നാണ്.

## അഭിനവ നാസ്തിക വാദത്തിന്റെ വിഡ്ഢിത്തം

ഒരു സ്ഥലം ചൂണ്ടിക്കാട്ടി ദൈവമിതാ എന്ന് ഒരു ദൈവ വിശ്വാസിക്ക് പറയാൻ സാധിക്കില്ല. ഗണിതപരമായ ഒരു സമവാക്യം എഴുതി ദൈവപ്രശ്നം നിർദ്ധാരണം ചെയ്യാനും കഴിയുകയില്ല. എന്നിരി ക്കിലും തെളിവ് ചോദിക്കുക എന്നത് ന്യായാധിഷ്ഠിതമാണല്ലോ. പക്ഷേ അവരാവശ്യപ്പെടുന്ന വിധ ത്തിലുള്ള തെളിവ് പൂർണമായും യുക്തിരഹിതമാണ്. ദൈവാസ്തി ത്വം തെളിയിക്കാൻ അഭിനവ നാസ്തികർക്ക് അനുഭവജ്ഞാന പരമായ തെളിവാണ് ആവശ്യ മെങ്കിൽ അത് ശാസ്ത്രത്തിന്റെ പേരിൽ ഉന്നയിക്കുന്ന ഒരു അന്ധമായ ആവശ്യമാണ്. അവർ കാര്യത്തിന്റെ കഴമ്പ് മറന്ന് പോയി രിക്കുന്നു. നാം അന്വേഷിക്കുന്ന ഗവേഷണത്തിന്റെ ലക്ഷ്യത്തിന് ഉതകുന്നതായിരിക്കണം ഗവേഷണ ത്തിന്റെ രീതി. നാം ഗവേഷണ ത്തിന് തെറ്റായ മാർഗമാണ് അവലംബിക്കുന്നതെങ്കിൽ നമ്മുടെ ഗവേഷണഫലവും അനിവാര്യമാ യും തെറ്റായിരിക്കുകയും നമ്മുടെ ശ്രമം വിഫലമാവുകയും ചെയ്യും. ഒരു കോശത്തിന്റെ ആന്തരിക പ്രവർത്തനം നിരീക്ഷിക്കാൻ ഒരു ടെലസ്കോപ്പ് ഉപയോഗിക്കാറില്ല. ഭൂചലനത്തിന്റെ തീവ്രത മനസ്സിലാ ക്കാൻ ഗ്രിഗർ കൗണ്ടർ അപര്യാപ്ത മാണ്. നമ്മുടെ സമീപനം ലക്ഷ്യ ത്തിനനുയോജ്യമായിരിക്കണം.

ദൈവം ഒരു വസ്തുവല്ല. അവൻ ഒരു ഭൗതിക വസ്തുവോ ഭൗതിക വസ്തുവിന്റെ സംഘാത മോ അല്ല. അതിലുപരി അവൻ ഒരു സ്രഷ്ടാവും എല്ലാ ഭൗതിക വസ്തുക്കളേയും നിലനിർത്തുന്ന വനുമാണ്. പ്രപഞ്ച സ്രഷ്ടാവ് ഭൗതികമായ നിലയിൽ പ്രപഞ്ച മാകാൻ തരമില്ല. അതീന്ദ്രിയനായ ഒരുവനെ അന്തർവർത്തിയാക്കാൻ സാധ്യമല്ല. പ്രകൃത്യാ തന്നെ വസ്തുവിനും ഊർജത്തിനും സ്ഥലത്തിനും അതീതനായവനെ അവയിലൊന്നും ഒതുക്കാൻ സാദ്ധ്യ മല്ല. അങ്ങനെയുള്ള ഒരു സത്തയെ ഭൗതികവും അനുഭവജ്ഞാനപര വുമായ തെളിവിനു വിധേയമാക്കു കയെന്നത് അനുയോജ്യമല്ല. അത് നമ്മെ ശൈഥില്യത്തിലേക്കും നിരാശയിലേക്കും ആനയിക്കും.

## അനുഭവജ്ഞാനത്തിന്റെ പരിമിതി

നേരിട്ടുള്ള അനുഭവജ്ഞാന പരമായ തെളിവ് ഇല്ലാത്തതിനാൽ ഒരു വസ്തുവിന്റെ അസ്തിത്വം നിരാകരിക്കാൻ സാദ്ധ്യമല്ല എന്നാ

ണ് മുഖ്യാധാരാ ശാസ്ത്രം പറയുന്നത്. അതുകൊണ്ട് നേരിട്ടുള്ള തെളിവുകൾ നൽകി അസ്തിത്വം സ്ഥാപിക്കേണ്ടതില്ലാത്ത സംഗതികളിൽ ദൈവം മാത്രമല്ല ഉള്ളത് മറ്റുശാസ്ത്ര വസ്തുതകളും ഉൾപ്പെടുന്നു. ഉദാഹരണമായി ഭൗതിക ശാസ്ത്രജ്ഞന്മാർ ഇപ്പോൾ വിശ്വസിക്കുന്നത് പ്രപഞ്ചത്തിന്റെ 95 ശതമാനം നമ്മിൽ നിന്നും മറഞ്ഞു കിടക്കുന്നു എന്നാണ്. വളരെ സൂക്ഷ്മമായ ഉപകരണങ്ങൾ കൊണ്ട് പോലും അതിന്റെ ഭൗതിക സാന്നിദ്ധ്യം അറിയാൻ സാധ്യമല്ല എന്ന് അവർ പറയുന്നു. പ്രപഞ്ചത്തിന്റെ മൊത്തം ഭാഗങ്ങളിൽ 5% മാത്രമാണ് നമുക്കിപ്പോൾ കാണാനും അനുഭവിക്കാനും പരിശോധിക്കാനും സാദ്ധ്യമാവൂ. ബാക്കിയുള്ള ബഹുഭൂരിഭാഗം പ്രപഞ്ചഭാഗവും ഇരുണ്ട പദാർഥവും (Dark Matter) ഇരുണ്ട ഊർജവുമാണ് (Dark Energy) ബാക്കി പ്രപഞ്ചത്തിന്റെ ഇരുണ്ട ഭാഗം, നാം കാണുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് നിഗമനം ചെയ്തെടുക്കുക മാത്രമാണ് ചെയ്യുന്നത് അവയുടെ മേൽ ചെലുത്തുന്ന പ്രഭാവം കൊണ്ടു മാത്രമാണ്.

നാം നക്ഷത്രങ്ങളിൽ നിന്ന് ശേഖരിക്കുന്ന വസ്തുതാപരമായ അറിവുകൾ ഒരുതരത്തിലുള്ള ജ്ഞാനമാണ്. ആത്മ പരിശോധനയിലൂടെ നാം ശേഖരിക്കുന്ന ഉൾക്കാഴ്ച്ച മറ്റൊന്നാണ്. നാം ബോധമുള്ള അസ്തിത്വമാണ്. ബോധമാണ് നമ്മുടെ തിരിച്ചറിവിന്റെ സത്ത. എന്നിട്ടും ഏതെങ്കിലുമൊരു ശാസ്ത്രജ്ഞൻ എപ്പോഴെങ്കിലും ചിന്തയേയും അനുഭവത്തേയും ഓർമശക്തിയേയും വേർതിരിച്ചെടുത്തിട്ടുണ്ടോ? നമ്മുടെ തലച്ചോർ സ്കാൻ ചെയ്താൽ കിട്ടുന്ന വൈദ്യുത രേഖാചിത്രം തലച്ചോറിന്റെ യഥാർഥ പ്രവർത്തനം വെളിപ്പെടുത്തുമോ?

ഇരുണ്ട പദാർഥത്തിന്റെയും (Dark Matter) ഇരുണ്ട ഊർജ (Dark Energy) ത്തിന്റെയും അസ്തിത്വം തെളിയിക്കുന്ന വളരെ സുപ്രധാന കാര്യങ്ങളിൽ പോലും അനുഭവപര മായ തെളിവ് ആവശ്യപ്പെടുന്നില്ല. ഒരു വസ്തു എത്രത്തോളം സൂക്ഷ്മമമാണോ അത്രതന്നെ അത് സംസ്കൃതമായിരിക്കും എന്നാണ് കാണപ്പെടുന്നത്. അപ്പോൾ ആ വസ്തുവിനെ നേരിട്ട് സംവേദനം ചെയ്യാൻ അത്രതന്നെ നമ്മുടെ സംവേദനേന്ദ്രിയങ്ങളെയും അനുഭവപരമായ തെളിവുകളെയും ആശ്രയിക്കാൻ പറ്റില്ല. അത് ചെലുത്തുന്ന പരോക്ഷപ്രഭാവത്തെയും സ്വാധീനത്തെയുമാണ് നാം കൂടുതൽ ആശ്രയിക്കേണ്ടിവരിക. ദൈവാന്വേഷണത്തിൽ അത് നമുക്ക് കൂടുതൽ വില മതിക്കാനാവാത്ത മാർഗദർശനം നൽകുന്നു. ദൈവം അവൻ ഉണ്ടെങ്കിൽ ഏറ്റവും സൂക്ഷ്മമായത് അവനാണ്. മറ്റെല്ലാത്തിനും നിദാനമായ യഥാർഥ്യം അതുതന്നെയാണ്. അസ്തിത്വത്തിന്റെ വളരെ അപൂർവമായ സത്താണത്. ഉത്തമമായ നമ്മുടെ ശാസ്ത്രത്തിന് ഭൗതിക പ്രപഞ്ചത്തിന്റെ 95% കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ അതിസൂക്ഷ്മനായ ദൈവത്തെ ശാസ്ത്രത്തിന് എന്നെങ്കിലും കണ്ടെത്താൻ സാധിക്കുമോ? ലളിതമായ ഒരു പ്രസ്താവനയിൽ വിശുദ്ധ ഖുർആൻ മനോഹരമായി ഈ ആശയം സംഗ്രഹിച്ചിരിക്കുന്നു.

***ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല, എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ ഏറ്റവും സൂക്ഷ്മജ്ഞനും ബോധവാനുമാണ്. നമ്മുടെ ഭൗതിക നേത്രങ്ങൾക്ക് അവനെ പ്രാപിക്കാൻ സാധ്യമല്ല. അവൻ അതീവ സൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.2*** നമ്മുടെ സംവേദനേന്ദ്രിയങ്ങൾ അവനിൽ എത്തുകയില്ല. കാരണം അവൻ സൂക്ഷ്മനിൽ സൂക്ഷ്മനാണ്. എന്തായിരുന്നാലും ഡാർക്ക് മാറ്ററിനെപ്പോലെയോ ഡാർക്ക് എനർജിയെപ്പോലെയോ അല്ല ദൈവം. ദൈവത്തിന്റെ അസ്തിത്വം സ്ഥാപിക്കാൻ കേവലം ഊഹത്തെയോ നിഗമനാത്മകമായ തെളിവുകളെയോ ആശ്രയിക്കേണ്ട ആവശ്യമില്ല. ദൈവത്തെ നേരിട്ടറിയൽ മനുഷ്യന്റെ ആവശ്യമാണെന്നതിനെപറ്റി ദൈവം ബോധവാനാണ് എന്നാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. അപ്രകാരം അവൻ നേത്രങ്ങളിലെത്തുന്നു. അതായത് അവന്റെ ഇഛയാൽ തന്നെയാണ് മനുഷ്യന് അവൻ സ്വയം വെളിപ്പെടുന്നത്. മനുഷ്യകുലത്തിന് വേണ്ടി ഏറ്റവും അനുയോജ്യമായ രീതിയിൽ അവനത് നിർവഹിക്കുന്നു.

## ഇടി നാദം എന്തുകൊണ്ട് പിടികൂടുന്നില്ല?

എന്താണ് അനുയോജ്യമായ വഴി? ദൈവത്തിന്റെ പ്രകൃതിയെന്തെന്നാൽ അവന്റെ സത്ത ഭൗതികവും അനുഭവജ്ഞാനപരവുമായ പരിശോധനക്ക് വിധേയമാക്കാവുന്നതല്ലെന്ന് ഒരു നവ നാസ്തികൻ സമ്മതിച്ചാൽ തന്നെയും ദൈവത്തിന് വളരെ വ്യക്തമായി ഭൗതിക നിയമങ്ങളിൽ മാറ്റം വരുത്തി പ്രപഞ്ചത്തിൽ സ്വയം വെളിപ്പെടാൻ പറ്റുമല്ലോ എന്ന് അവർക്ക് വാദിക്കാൻ സാധിക്കും. അതായത് ഭൗതികമായ ഉപാധികളിലൂടെ സ്വയം വെളിപ്പെടാമല്ലോ. അവൻ യഥാർഥത്തിൽ സർവശക്തനാണെങ്കിൽ തന്റെ അസ്തിത്വം വളരെ വ്യക്തമായി തെളിയിക്കുമാറ് എന്തുകൊണ്ട് കൊണ്ട് അവൻ നമ്മിലെത്തുന്നില്ല? ഉദാഹരണമായി ഒരു നാസ്തികൻ തന്റെ അവിശ്വാസം ഉറപ്പിച്ചു പറയുമ്പോഴെല്ലാം നീ സംശയിക്കുന്നുവോ? എന്ന് ആകാശം മാറ്റൊലികൊള്ളുമാറ് ദൈവത്തിന് ചോദിക്കാം. ഒരു നാസ്തികൻ എപ്പോഴെല്ലാം ദൈവത്തോട് പരിഹാസപൂർവം 'തന്നെ എന്തുകൊണ്ട് ഇടിവാളിനിരയാക്കി മരിപ്പിക്കുന്നില്ല' എന്ന് ചോദിക്കാം. ദൈവത്തിന് അത് ചെയ്യാൻ പറ്റുമെങ്കിൽ പിന്നെ എന്താണ് അവനെ അത് ചെയ്യുന്നതിൽ നിന്ന് തടയുന്നത്?

ഇതിന് മറുപടി പറയാൻ മതം

അവതരിപ്പിക്കുന്ന ദൈവത്തിന്റെ വ്യവസ്ഥയുടെ പിന്നിലുള്ള യുക്തിയെക്കുറിച്ച് നാസ്തികൻ ചിന്തിക്കേണ്ടതുണ്ട്. ദൈവം സർവ ശക്തനാണ് എന്ന് മതം പഠിപ്പിക്കുമ്പോൾ തന്നെ അവൻ യുക്തിജ്ഞനാണെന്ന് കൂടി പഠിപ്പിക്കുന്നു. ദൈവം തന്റെ സന്ദേശം എത്തിക്കാൻ തെരെഞ്ഞെടുക്കുന്ന രീതി അവന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തിന് അനുയോജ്യമായിയിട്ടുള്ളതായിരിക്കണം.

നാസ്തികൻ ആവശ്യപ്പെടുന്ന തനുസരിച്ച് ദൈവം സ്വയം വെളിപ്പെടുമായിരുന്നെങ്കിൽ അത് അവന്റെ ഉദ്ദേശ്യത്തിന് വിപരീതമായിരിക്കും. അവൻ നമ്മെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം. അവൻ ഉണ്ട് എന്ന് നമ്മെ അറിയിക്കാൻ മാത്രമല്ല നാം അവനെ അറിയുകയും അവനുമായി ബന്ധം സ്ഥാപിക്കാൻ അർഹതനേടുകയും വേണം. ദൈവത്തിന്റെ അസ്തിത്വം സൂര്യ ചന്ദ്രന്മാരുടെ അസ്തിത്വം പോലെ പ്രകടമായിരുന്നതായിരുന്നെങ്കിൽ വിശ്വസിക്കുന്നത് കൊണ്ട് പുണ്യമൊന്നുമില്ല. വിശ്വാസം എല്ലാം ഓരോ ആൾക്കും ആവശ്യമായി വരും. മറ്റുള്ളവരിൽ നമ്മുടെ വിശ്വാസ്യത കാണിച്ചു കൊടുക്കാനുള്ള അവസരം ഉണ്ടാവില്ല. അത്പോലെ തന്നെ ഉൾക്കാഴ്ച്ച, കഠിനാദ്ധ്വാനം എന്നീ ഗുണങ്ങളും പ്രകടിപ്പിക്കാൻ അവസരം ലഭിക്കില്ല. ഈ ഗുണങ്ങൾ പ്രകടിപ്പിച്ചുകൊണ്ടാണ് ദൈവത്തിന്റെ പ്രതിഫലം നേടാൻ സാധിക്കുകയുള്ളൂ. സത്യാന്വേഷകർ ഒരു മറക്ക് പിന്നിൽ നിന്നു കൊണ്ടേ തന്റെ പ്രേമഭാജനത്തെ പ്രാപിക്കാൻ സാധിക്കൂ. ***മേഘച്ഛായകളിലായി അല്ലാഹുവും മലക്കുകളും അവരുടെ അടുക്കൽ വരികയും കാര്യം തീരുമാനിക്കപ്പെടുകയും ചെയ്യുന്നതിനെയല്ലാതെ അവർ മറ്റു വല്ലതും പ്രതീക്ഷിക്കുന്നുണ്ടോ? എല്ലാ കാര്യങ്ങളും മടക്കപ്പെടുന്നത് അല്ലാഹുവിലേക്കാണ്.3***

## ദൈവത്തെ കൂടാതെ

## മറ്റെന്തെങ്കിലും പരികൽപ്പന

ദൈവത്തിന്റെ യുക്തിജ്ഞാനത്തെ ചൂണ്ടിക്കാണിച്ചാൽ നിരവധി നാസ്തികർ തങ്ങളുടെ ചെവി അടച്ചു കളയുന്നു എന്നത് ദൗർഭാഗ്യകരമാണ്. യാഥാർഥ്യമെന്തെന്നാൽ അവരിൽ അധികപേരും വിശ്വസിക്കുന്ന കാര്യത്തിൽ തങ്ങളുടെ ഹൃദയം അടച്ചു കളയുകയാണ്. ദൈവത്തെ സംബന്ധിച്ച് കൂടുതൽ തെളിവുകൾ അവർ സ്വയം തൂത്തുമാറ്റുന്നു. മേൽ ക്കൊടുത്ത ഉദാഹരണം തന്നെ നോക്കൂ. അല്ലാഹു തന്റെ അസ്തിത്വം പ്രഖ്യാപിക്കുന്നത് ആകാശത്തിൽ മാറ്റൊലികൊള്ളുന്ന ശബ്ദത്തിലായിരിക്കണം എന്നാണ് അവർ സങ്കൽപ്പിക്കുന്നത്. പ്രമുഖ നാസ്തികനായ റിച്ചാർഡ് ഡാകിൻസിന്റെ ഒരു അഭിമുഖം നോക്കൂ.

**ചോദ്യം:** നിങ്ങളെ ദൈവ വിശ്വാസിയാക്കാൻ എന്താണ് ഉതകുക?

**ഡാക്കിൻസ്:** അത് വളരെ ലളിതമാണ്. അഗാധമായി പ്രതിധ്വനിക്കുന്ന ശബ്ദത്തോടെയുള്ള 'ഞാൻ ദൈവമാണ്' എന്ന് പറഞ്ഞുകൊണ്ടുള്ള യേശുവിന്റെ രണ്ടാം വരവായിരിക്കും അത്. രണ്ടാം വരവിൽ പ്രതാപത്തിന്റെ മേഘങ്ങളിലിരുന്ന് ഈ പ്രതിധ്വനിക്കുന്ന ശബ്ദം ഉണ്ടായിരുന്നാലും, എന്റെ സാധ്യമായ വിശദീകരണം അത് വെറും ഒരു മതിഭ്രമം ആണെന്നായിരിക്കും. അല്ലെങ്കിൽ ഡേവിഡ് കോപ്പർ ഫീൽഡിന്റെ ആളെപറ്റിക്കുന്ന ഒരു ഇന്ദ്രജാലമായിരിക്കും എന്നും ഞാൻ കരുതും........

**ചോദ്യം:** എന്താണ് താങ്കളെ പ്രചോദിപ്പിക്കുന്നത്?

**ഡാകിൻസ്:** അതെ, ഞാൻ ഒന്നും ആലോചിക്കുന്നില്ല. ഒരു കണക്കിന് അത് ജന്മസിദ്ധമായ ഗുണത്തിനെ തിരാകുന്നു. തെളിവുകൾ കണ്ടാൽ അഭിപ്രായം മാറ്റണമെന്ന് പറഞ്ഞ് ശാസ്ത്രജ്ഞന് വേണ്ടി അധരസേവ നടത്തുകയാണ് ഞാൻ ഇപ്പോഴും ചെയ്യുന്നത്. 4

ബുദ്ധിപരമായ ലജ്ജയില്ലായ്മയുടെ അമ്പരപ്പിക്കുന്ന നിമിഷത്തിൽ ഒരു നവനാസ്തിക മനസ്സ് ഒരിക്കലും ദൈവത്തിൽ വിശ്വസിക്കില്ല. എന്തെന്നാൽ അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ അസ്തിത്വം ഇല്ല. അവരുടെ വികാരപരമായ ദൈവ നിഷേധം ഏതെങ്കിലും തെളിവ് പരിഗണിക്കുന്നതിൽ നിന്ന് അവരെ തടയുന്നു. പ്രപഞ്ച പരിപാലനത്തിലും ജീവന്റെ ഉൽപ്പത്തിയെക്കുറിച്ചും ദൈവം സ്വീകരിക്കുന്ന ദൈവികമായ ആസൂത്രണത്തെ ഇവർ നിരർഥകമായി നിരാകരിക്കുന്നത് നാം കണ്ടതാണ്. നിരീശ്വര ശാസ്ത്ര പ്രസ്ഥാനം ബോധപൂർവമായ ആസൂത്രണം എന്ന തത്ത്വത്തിൽ നിന്ന് ഓടി അകലുകയാണ്. മിർസാ ത്വാഹിറിന്റെ വാക്കുകളിൽ പറഞ്ഞാൽ അവർ ആദ്യം നാസ്തികരാണ് ശേഷം ശാസ്ത്രജ്ഞന്മാരുമാണ്. 5

അവരുടെ മുമ്പിൽ വ്യക്തമായ വ്യാഖ്യാനങ്ങളും നിഷേധിക്കാനാവാത്ത വസ്തുതകളും ഉണ്ടെങ്കിലും അതിനെ അവഗണിച്ചുകൊണ്ട് അടിസ്ഥാനമില്ലാത്ത ഭൗതിക വാദപരമായ വിശദീകരണങ്ങളാണുള്ളത്. ഈ മാനസികാവസ്ഥയെ പറ്റി വിശുദ്ധ ഖുർആൻ പറയുന്നു: ***'നാം അവർക്ക് ആകാശത്തിന്റെ ഒരു വാതിൽ തുറന്നു കൊടുക്കുകയും എന്നിട്ട് അതിൽ കൂടി അവർ കയറിക്കൊണ്ടിരിക്കുകയും ചെയ്യുന്നതായാൽ പോലും അവർ പറയും ഞങ്ങളുടെ കണ്ണുകൾ മത്ത് പിടിക്കപ്പെട്ടിരിക്കുന്നു മാത്രമല്ല മാരണം ചെയ്യപ്പെട്ട ആളുകളാണ് ഞങ്ങൾ'6***

## ശാസ്ത്രീയ രീതിയുടെ കാമ്പ്

സൃഷ്ടിപ്പിനെ കുറിച്ച് ചിന്തിക്കുകയാണെങ്കിൽ ഒരാൾക്ക് എത്തിച്ചേരാൻ കഴിയുന്ന നിഗമനം പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ട് എന്നാണ്. എന്നാൽ വെളിപാട് മുഖേന മാത്രമേ ഒരാൾക്ക് സ്രഷ്ടാവ് ഉണ്ട് എന്ന് ഖണ്ഡിതമായി പറയാൻ സാദ്ധ്യമാകൂ. ഭൗതിക തെളിവുകളുടെ അസ്തിത്വം

എങ്ങനെയാണ് ദൈവിക പ്രകൃതിയുടെ മുഖമായി തീരുന്നതെന്ന് നാം കണ്ടു കഴിഞ്ഞു. ഭൗതികമായ മൂർത്ത പ്രകടനം ദൈവത്തിന്റെ അസ്തിത്വത്തിനും അവന്റെ യുക്തിക്കും ഉദ്ദേശ്യത്തിനും വിരുദ്ധമായിരിക്കുമെന്ന് നാം കണ്ടു കഴിഞ്ഞു. അപ്പോൾ ഒരു ചോദ്യം അവശേഷിക്കുന്നു. ഏതു വിധത്തിലുള്ള തെളിവാണ് നാം അന്വേഷിക്കേണ്ടത്?

നമുക്ക് ചുറ്റും കാണുന്ന പ്രപഞ്ചത്തിലെ ദൈവിക പദ്ധതിയുടെ തെളിവ് അന്വേഷിക്കുക എന്നതാണ് ഒരുത്തരം. ഇതാണ് ആധുനിക കാലത്തെ വിശ്വാസികളുടെ പ്രധാന തെളിവായി അവർ ചൂണ്ടികാണിക്കുന്നത്. ആധുനിക ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ ബോധപൂർവമായ ഒരു ആസൂത്രകൻ പ്രപഞ്ചമുണ്ടാകണമെന്നതിന്റെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ വാദഗതികൾ നിയമാനുസൃതവും യുക്തിപരവുമാണ്. എന്നിട്ടും അങ്ങനെയുള്ള വാദഗതികളിൽ മാത്രം ആശ്രയം കൊള്ളുന്നതും നാം ഇച്ഛിക്കുന്ന ഫലം തരില്ല. ദൈവം നമ്മെ സൃഷ്ടിച്ചിട്ടുണ്ടെങ്കിൽ തന്റെ അസ്തിത്വത്തെ കുറിച്ച് ബോധ്യം വരുത്താൻ പ്രകൃതിയിലെ അത്ഭുതങ്ങളെക്കുറിച്ചുള്ള ബുദ്ധിപരമായ വാദങ്ങളേക്കാൾ നല്ല വഴി അവൻ നൽകിയിരിക്കണം. കൂടുതൽ ബോദ്ധ്യപ്പെടുത്തുന്നതും കൂടുതൽ വ്യക്തി പരമായതും ഒന്നുമില്ലേ? പ്രകൃതിയിൽ നിന്നുള്ള കണ്ടെത്തലുകൾ ദൈവം ഉണ്ട് എന്നതിന്റെ സൂചന മാത്രമേ നൽകുന്നുള്ളൂ. അവ നമുക്ക് ദൈവത്തെ സംബന്ധിച്ച പൂർണ ബോദ്ധ്യം നൽകുന്നില്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പലപ്പോഴും എഴുതിയിട്ടുള്ളത് പോലെ അവ 'ദൈവം ഉണ്ടാവണം' എന്ന് സ്ഥാപിക്കുകയാണ് ചെയ്യുന്നത്. 'ദൈവം ഉള്ളവനാണ്" എന്ന ദൃഢജ്ഞാനം അത് നൽകുന്നില്ല. നാം ആശിക്കുന്ന തരത്തിലുള്ള ആത്മ സംതൃപ്തി അത് പ്രദാനം ചെയ്യുന്നില്ല.

എങ്ങനെയാണ് ആ ദൃഢജ്ഞാനം കൈവരിക? ഇത് കണ്ടെത്താൻ നാം ഇതിന് മുമ്പ് ദൈവത്തെ കണ്ടെത്തി എന്ന് അവകാശപ്പെട്ട പൂർവികരായ ആളുകളിലേക്ക് തിരിയണം. ശാസ്ത്രലോകത്ത് ഏതെങ്കിലും പ്രതിഭാസത്തിന് തെളിവ് അന്വേഷിക്കുമ്പോൾ ഇത്തരം പ്രതിഭാസങ്ങൾക്ക് മുൻ കാലത്ത് സാക്ഷ്യം വഹിച്ചവർ എന്ത് തെളിവാണ് നൽകിയത് എന്ന് നോക്കുന്നു. അത്തരം ഫലം ലഭിക്കാൻ നാം അത് ആവർത്തിക്കും. അതിനാൽ ആദ്യത്തെ കാൽവെപ്പ് ഒരു വിദഗ്ധനെ കണ്ടെത്താനുള്ള ശ്രമമാണ്.

## വിദഗ്ധനെ കണ്ടെത്തൽ

എല്ലാകാര്യങ്ങളിലും മികച്ചു നിൽക്കുന്ന ചില പ്രത്യേകം ആളുകളെക്കുറിച്ച് ചരിത്രം രേഖപ്പെടുത്തുന്നു. അവർ ദൈവവുമായി ബന്ധപ്പെട്ടുവെന്ന് അവകാശപ്പെടുന്നു. അവർ തങ്ങളുടെ ബുദ്ധി കൂർമതയിലും യുക്തിയിലും തങ്ങളുടെ സമുദായങ്ങളിൽ പ്രസിദ്ധരായിരുന്നു. അവർ സാധുക്കളുടെയും ദരിദ്രരുടേയും സേവനത്തിൽ മുൻപന്തിയിലായിരുന്നു. ഏഴകളായ തങ്ങളുടെ സഹോദരങ്ങൾക്ക് വേണ്ടി ധനം ചെലവഴിക്കാൻ സമ്പന്നരെ അവർ പ്രേരിപ്പിച്ചു. ഭൗതികതയിൽ മുഴുകുന്നതിനെ അവർ എതിർത്തു. ധാർമിക സഹനം കൈകൊള്ളാൻ അവർ ഉപദേശിച്ചു. എന്നിട്ടും അവരുടെ അനുയായികളും ലോകത്തിലെ ഏറ്റവും ഉയർന്ന നാഗരികതയുടെ ശിൽപ്പികളായി മാറി. അവരുടെ ജനതയിൽ അവർ പരമ പൂജ്യരായി മാറി. അത് അറേബ്യയിലെ മുഹമ്മദും (സ) യഹൂദരിലെ മൂസയും (അ) യേശുവും കൺഫ്യൂഷസും ഇന്ത്യയിലെ രാമനും(അ) കൃഷ്ണനും (അ) ഗ്രീക്ക് പാശ്ചാത്യ സമൂഹങ്ങളിലെ സോക്രട്ടീസും അങ്ങനെ ലോകത്തെല്ലായിടത്തും അവരുണ്ടായിരുന്നു. അവരിലെല്ലാവരിലും ദൈവത്തിന്റെ സമാധാനം ഉണ്ടാവട്ടെ.

മനുഷ്യ ചരിത്രത്തിൽ അവരെല്ലാവരും ഇന്നുവരെ ആദരിക്കപ്പെടുന്നു. അവരുടെ സന്ദേശങ്ങൾ ശ്രദ്ധാർഹമായ രീതിയിൽ ഒരേ രൂപത്തിലുള്ളതായിരുന്നു. ചിലപ്പോൾ വ്യാഖ്യാനങ്ങളിൽ മാറ്റവും നൂറ്റാണ്ടുകൾക്ക് ശേഷമുണ്ടായ പ്രക്ഷിപ്തങ്ങളും കണ്ടേക്കാം. എന്നാൽ അതിന്റെയെല്ലാം അന്തസ്സാരം എപ്പോഴും ഒന്നായിരുന്നു. ബ്രഹ്മാണ്ഡത്തെ ചൂഴ്ന്നു നിൽക്കുന്ന ഒരു ശക്തിയിലുള്ള വിശ്വാസവും അത് മനുഷ്യന് പ്രാർഥന മുഖേന പ്രാപിക്കാൻ കഴിയുമെന്നും അവരുടെ ദൈവസ്നേഹം സൽക്കർമങ്ങളാൽ ജലസേചനം ചെയ്യപ്പെട്ടത് കൊണ്ടുണ്ടായതാണെന്നുമുള്ള അധ്യാപനങ്ങൾ അതിലെല്ലാം ഉണ്ടായിരുന്നു. അങ്ങനെ ദൈവത്തെക്കുറിച്ചുള്ള പ്രധാന സങ്കൽപ്പങ്ങളിലെല്ലാം അത്ഭുതകരമായ സാമ്യത അവരുടെയെല്ലാം സംസ്ക്കാരങ്ങളിൽ കാണാമായിരുന്നു. ഭൂഖണ്ഡങ്ങൾ വേർതിരിക്കപ്പെട്ടത് സമയം കൊണ്ടും സ്ഥലം കൊണ്ടും ഭാഷകൊണ്ടുമായിരുന്നു. അമേരിക്കൻ നിവാസികളിൽ അത് 'മഹത്തായ ചൈതന്യം' എന്നും അസ്ട്രേലിയയിലെ അബോറിജിനുകളിൽ അത് 'ഉന്നത ദൈവം' എന്നും കൺഫൂഷ്യനിസത്തിൽ അത് 'ആകാശം' എന്നും 'യഹോവ' അല്ലെങ്കിൽ അല്ലാഹു' എന്ന് യഹൂദ-ഇസ്‌ലാമിക് ദൈവശാസ്ത്രത്തിലും 'ഈശാന' എന്ന് ബുദ്ധമതത്തിലും അങ്ങനെ പല നാമങ്ങളിൽ പല സംസ്ക്കാരങ്ങളിലും ദൈവം അറിയപ്പെടുന്നു.

വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത് ഈ എല്ലാ ആത്മീയ പുണ്യാത്മാക്കളും പ്രവാചകന്മാരായിരുന്നു എന്നാണ്. അവരവരുടെ സമൂഹത്തെ പരിഷ്ക്കരിക്കാൻ ദൈവത്താൽ നിയുക്തരായവരായിരുന്നു. ഈ അർഥത്തിൽ പൂർവകാലത്ത് വിഭിന്നമായി നിന്ന എല്ലാ പ്രധാന മതങ്ങളുടെയും ഒരു മുഖ്യധാരയിൽ യോജിപ്പിക്കുന്നു.

ഖുർആൻ പറയുന്നു.

**'ദൈവത്തെ ആരാധിക്കുക പിശാചിനെ വർജിക്കുക എന്ന കൽപ്പനയുമായി നാം ഓരോ ജനതയിലും ഓരോ ദൂതനെ നിയോഗിച്ചിട്ടുണ്ട്.'** 7

അതിനാൽ സ്രഷ്ടാവുമായി ബന്ധപ്പെടാൻ ലോകത്തിലെ എല്ലാ മതങ്ങളിലും പൊതുവായി പഠിപ്പിക്കുന്നത് എന്ത് രീതിയാണ്? ഇടിനാദം മുഖേന ദൈവത്തെ പരീക്ഷിക്കാനാണോ ആ മതങ്ങൾ ആവശ്യപ്പെടുന്നത്? നക്ഷത്രങ്ങളിൽ ദൈവത്തിന്റെ നാമം ഉച്ചരിക്കപ്പെട്ടിട്ടുണ്ടെന്ന് നോക്കാനാണോ? ആനുകാലിക ശാസ്ത്രജ്ഞാനം വാല്യങ്ങൾ കണക്കിന് ദൈവം അയക്കുമെന്ന് കാത്തുനിൽക്കാനാണോ? തീർച്ചയായും അല്ല. താഴ്മയോടും സഹനത്തോടെയും ദൈവത്തോട് പ്രാർഥിക്കാനും മറ്റുള്ളവർക്ക് സൽക്കർമങ്ങൾ ചെയ്യാനുമാണ് ദൈവ ദർശനത്തിനായി മതങ്ങൾ ആവശ്യപ്പെടുന്നത്. ഇത്തരം ശ്രമങ്ങൾ കൂടാതെ ദൈവത്തെ അന്വേഷിക്കുന്നത് ആത്മാർഥതയില്ലായ്മയാണ്. അങ്ങനെ ദൈവത്തെ കുറിച്ചറിയാൻ ഇതിന് മുമ്പ് അതേ വഴിയിൽ സഞ്ചരിച്ചവരെയാണ് നാം അനുഗമിക്കേണ്ടത്.

## വിശ്വാസത്തിൽ നിന്ന് ദൃഢബോദ്ധ്യത്തിലേക്ക്

സുപരിചിതമായ ഈ വഴിയിലേക്കുള്ള ആദ്യത്തെ കാൽവെപ്പ് വിശ്വാസമാണ്. അയുക്തിക അദ്ധ്യാപനങ്ങളിൽ അന്ധമായി വിശ്വസിക്കുക എന്നതല്ല വിശ്വാസം എന്നതു കൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നത്. തീർച്ചയായും നമുക്ക് ഈ മനസ്സുകൾ തന്ന ദൈവം അതേ മനസ്സുകൾ നിരാകരിക്കത്തക്ക വിധമുള്ള അദ്ധ്യാപനങ്ങൾ നമുക്ക് തരില്ല. എന്നാൽ ഇസ്‌ലാമിക വീക്ഷണത്തിൽ വിശ്വാസം എന്നാൽ ഏകദൈവത്തിൽ നിന്ന് വെളിപാടായി പ്രവാചകന്മാർക്കും പുണ്യവാളന്മാർക്കും ലഭിക്കുന്ന സന്ദേശങ്ങളിൽ വിശ്വാസമർപ്പിക്കുകയെന്നതാണ്. അവരുടെ സാത്വികമായ സ്വഭാവം കാരണമാണ് തങ്ങളുടെ കാലത്തെ സൽക്കർമ്മങ്ങളുടെ അതുല്യമാതൃകയായി അറിയപ്പെടുന്നത്. വെറും യാദൃച്ഛികതകൊണ്ടല്ല. എത്രത്തോളമെന്നാൽ അവരുടെ നാമങ്ങൾ അവരുടെ ജനതകളിൽ സത്യസന്ധതയുടെയും ഉൽഗ്രഥനത്തിന്റെയും പര്യായമായി മാറിയിരിക്കുന്നു. ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപന പ്രകാരം അല്ലാഹു തന്റെ ദൂതനായി നിശ്ചയിക്കുന്നത് സത്യസന്ധനായ വ്യക്തിയെയാണ്. സത്യാന്വേഷകർ അവരെ തിരിച്ചറിയുന്നു. കൈവെടിയുകയില്ല. പ്രവാചകന്മാർ പറയുന്നതായി വിശുദ്ധ ഖുർആൻ പറയുന്നു:

***ഇതിന് മുമ്പ് ഞാൻ ദീർഘകാലം നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ (കാര്യങ്ങൾ) ഗ്രഹിക്കുന്നില്ലേ?*** 8

ഈ വാദഗതിയുടെ ശക്തി നബി (സ) തിരുമേനിയുടെ കാലത്തെ റോമൻ സീസറായ ഹിറാക്ലിയസ്സ് ശക്തിപ്പെടുത്തി. ഹിറാക്ലിയസ്സിനെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് അദ്ദേഹത്തിന് റസൂൽ തിരുമേനി (സ) ഒരു കത്തയച്ചിട്ടുണ്ടായിരുന്നു. കത്തിലെ ഉള്ളടക്കത്തെപ്പറ്റി കൂടുതൽ അറിയാൻ ആ വഴി കടന്നുപോയിരുന്ന അറബ് മുഖ്യനെ ഹിറാക്ലിയസ്സ് വിളിച്ച് വരുത്തി. അദ്ദേഹം ഇസ്‌ലാമിന്റെ ബദ്ധവൈരിയായിരുന്നു. പക്ഷേ അദ്ദേഹത്തോട് നേരിട്ട് ചില ചോദ്യങ്ങൾ ഹിറാക്ലിയസ്സ് ചോദിച്ചു. മുഹമ്മദ് നബി (സ) തന്റെ വാദത്തിന് മുമ്പ് കള്ളം പറയുമായിരുന്നോ എന്ന് ചോദിച്ചപ്പോൾ മുഖ്യൻ ഇല്ല എന്ന് മറുപടി പറഞ്ഞു. സംഭാഷണം അവസാനിച്ചപ്പോൾ പ്രവാചകന്റെ സത്യത ഹീറാക്ലീയസ് ഏകദേശം മനസ്സിലാക്കി. ഉൾക്കാഴ്ചയോടെ ഇങ്ങനെ പറഞ്ഞു: 'മനുഷ്യരെക്കുറിച്ച് കള്ളം പറയാത്ത ആൾ ദൈവത്തെക്കുറിച്ചും കള്ളം പറയില്ല.'

സത്യവാനായും സാത്വികനായും അറിയപ്പെടുന്ന ഒരു വ്യക്തിയുടെ ആത്മീയ പാതയിലേക്കുള്ള ക്ഷണം നമ്മുടെ സ്വഭാവത്തിന്റെ സഹന ശക്തിയുടെ തീച്ചൂളയായി പ്രവർത്തിക്കുന്നു. ഈ പ്രവാചകന്മാരിൽ വിശ്വസിക്കുകയും അവരുടെ സാത്വിക സ്വാഭാവത്തിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നതിന് വിനയവും തുറന്ന മനസ്സുമുണ്ടായിരിക്കണം. ഇക്കാര്യത്തിൽ അബൂബക്കറിനേക്കാൾ നല്ല ഉദാഹരണം കാണാൻ സാദ്ധ്യമല്ല. ഒരു വാഗ്വാദവും നടത്താതെ അദ്ദേഹം മുഹമ്മദ് നബി(സ)യിൽ വിശ്വസിച്ചു. അദ്ദേഹത്തിന് ഒരു വാദത്തിന്റെയും ആവശ്യമില്ലാതിരിക്കാൻ കാരണം അദ്ദേഹത്തിന് ആദ്യമേ മുഹമ്മദ് നബി (സ) യെ അറിയാമായിരുന്നു. നബി (സ) തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവം ജനങ്ങൾക്കിടയിൽ പ്രസിദ്ധമായിരുന്നു. അബൂബക്കർ (റ) റസൂൽ തിരുമേനി(സ)യുടെ ആത്മീയ ഔന്നത്യം മനസ്സിലാക്കുകയും അനുഭവജ്ഞാനത്തിന്റെ അടിസ്ഥാനത്തിൽ അബൂബക്കർ അത് തന്റെ വിശ്വാസത്തിന്റെ മൂലക്കല്ലായി കരുതുകയും ചെയ്തു.

ഒരു പ്രവാചകന്റെ ആത്മാർഥതയുള്ള അനുയായിയെ ദൈവം അന്ധകാരത്തിൽ വിട്ടേക്കില്ല. എന്നതിന് ഉത്തമോദാഹരണമാണ് അബൂബക്കറിന്റെ കാര്യം. അല്ലാഹു സ്വയം മനുഷ്യന്റെ ബാഹ്യേന്ദ്രിയങ്ങളുടെ മറയിലാണെങ്കിലും അവർ വിശ്വാസികളുടെ ആത്മീയേന്ദ്രിയങ്ങളിൽ വെളിപ്പെടുന്നു. നമ്മുടെ ബാഹ്യേന്ദ്രിയങ്ങളെ മായാവാദക്കാർക്ക് വഞ്ചിക്കാൻ സധിക്കും. നമ്മുടെ ആത്മീയേന്ദ്രിയങ്ങൾ മുഴുവൻ ജീവിതത്തിലും നിദ്രാവസ്ഥയിൽ കുടികൊള്ളുന്നു. ദൈവികമായ ജ്വാല നമ്മുടെ ആത്മീയേന്ദ്രിയങ്ങൾക്ക് തിരികൊളുത്തുമ്പോൾ അവയിലുണ്ടാകുന്ന അനുഭവത്തിന്റെ ആധികാരികതയിൽ ഒരിക്കലും തെറ്റുപറ്റുകയില്ല. എന്തെന്നാൽ അത് പൂർണമായും പുതുമയുള്ളതായിക്കും. ബുദ്ധിപരമായ നിസ്സാരമായ ബാഹ്യപ്രതി

ഭാസങ്ങളേക്കാൾ ആത്മീയമായ ബന്ധമാണ് നമ്മെ ദൈവവുമായടുപ്പിക്കാൻ ഏറ്റവും ഉചിതമായിട്ടുള്ളതും വിവേക പൂർണമായതും. ഉദാഹരണമായി വിശ്വാസികൾക്ക് സത്യസ്വപ്നവും ദർശനങ്ങളും വെളിപാടുകളും ഉണ്ടാവും. മനസ്സിന്റെ ആകാംക്ഷയുടെ മന്ത്രണം എന്ന് പറഞ്ഞ് അത് നമുക്ക് തള്ളിക്കളയാൻ സാദ്ധ്യമല്ല. പിന്നെ അവരുടെ പ്രാർഥനകൾക്ക് ഉത്തരം കിട്ടാൻ തുടങ്ങുന്നു. അവ ക്രമത്തിലും ശക്തിയായും ആയിരിക്കും. ആ ആത്മീയാനുഭവങ്ങളെ ആശ്രയിക്കാൻ പറ്റിയ ജീവിത വീക്ഷണമായിരിക്കും അയാൾക്കുണ്ടാകുക.

ദൈവ സാമീപ്യത്തിന്റെ ഈ ആത്മീയ പ്രകിയ ക്രമേണയായിരിക്കും. നമ്മുടെ അർപ്പണം വർധിക്കുന്നതനുസരിച്ച് അത് കൂടുതലാവും. എന്നാൽ പ്രവാചകന്മാരുടെ പാതയിൽ ചരിച്ചാൽ നമ്മിലോരോരുത്തർക്കും തുടക്കത്തിലെ വിശ്വാസത്തിന്റെ അടിത്തറയിൽ നിന്ന് ദൃഢ ജ്ഞാനത്തിന്റെ പ്രതലത്തിൽ എത്താൻ പറ്റും.

യഥാർഥത്തിൽ ശാസ്ത്രീയ സിദ്ധാന്തങ്ങളിൽ നിന്നുള്ള ദൃഢ ജ്ഞാനത്തേക്കാൾ വളരെ ഉപരിയായിരിക്കും ഇത്തരത്തിലുള്ള ദൃഢ ജ്ഞാനം. നാം ഗവേഷണം നടത്തുകയാണെങ്കിൽ ഗവേഷണം നടത്തുന്ന വസ്തുവിനെപറ്റി നമുക്ക് വ്യക്തിപരമായ ജ്ഞാനമുണ്ട്. ഈ അർഥത്തിൽ ആത്മീയമായ പര്യവേഷണം അത്പോലെയുള്ളതാണെങ്കിലും അതിലെത്രയോ ഉപരിയായിരിക്കും അത് നൽകുന്ന തെളിവിന്റെ അടിസ്ഥനത്തിലുള്ള ഫലങ്ങൾ. അതിലെ ആത്മീയ ഫലങ്ങൾ ഈ ജീവിതത്തിലും പരലോക ജീവിതത്തിലും ദീർഘകാലം സംതൃപ്തി നൽകുന്നു.

വാഗ്ദത്ത മസീഹും അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പറയുന്നു:

ദൈവവചനം നമ്മോട് നിർദേശിച്ചിരിക്കുന്നു വിശ്വാസം കൈകൊള്ളുക; നിങ്ങൾ വിമോചിതരാവും. നബി (സ) നിങ്ങൾക്ക് സമർപ്പിച്ച തത്ത്വങ്ങൾക്കും സിദ്ധാന്തങ്ങൾക്കും അനുകൂലമായി തത്ത്വജ്ഞാനപരമായ യുക്തിന്യായങ്ങൾ നിങ്ങളോട് അത് ആവശ്യപ്പെടുന്നില്ല. ഗണിത ശാസ്ത്രപരമായ സൂത്രവാക്യങ്ങളെപ്പോലെ അവ സ്ഥാപിക്കപ്പെടുന്നത് വരെ സ്വീകരിക്കരുത് എന്നും അവ നമ്മോട് ആവശ്യപ്പെടുന്നില്ല. വളരെ വ്യക്തമായ കാര്യമിതാണ്. ഒരു പ്രവാചകന്റെ അദ്ധ്യാപനം നിലവിലുള്ള അറിവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് സ്വീകരിക്കപ്പെടുകയാണെങ്കിൽ അത് പ്രവാചകനിലുള്ള വിശ്വാസമായിരിക്കുകയില്ല. ഏതൊരു കാര്യവും ഒരു പ്രവാചകനോ മറ്റാരെങ്കിലുമോ ആയാലും വ്യക്തമായി അവതരിപ്പിച്ചാൽ അത് അധാർമികമായ മനുഷ്യനാണ് അത് അവതിപ്പിക്കപ്പെടുന്നതെങ്കിലും അക്കാര്യം സ്വീകരിക്കാൻ നാം ബാദ്ധ്യസ്ഥരാണ്. ഒരു പ്രവാചകനിൽ വിശ്വാസമർപ്പിച്ച് നാം സ്വീകരിക്കുകയും അദ്ദേഹത്തിന്റെ സാത്വികതയിൽ ദൃഢവിശ്വാസം കൊണ്ട് അത് ഉറപ്പിക്കുകയും ചെയ്യുക എന്നത് സത്യത്തിന്റെ നിലവാരമളക്കാനുള്ള യുക്തിപൂർവമായ മനുഷ്യപ്രകൃതിയുടെ സാധ്യതയാണ്. ഒരു വിഡ്ഢി അത് തള്ളിക്കളായാനും സാധ്യതയുണ്ട്. വിഡ്ഢിയുടെ നിഷേധത്തിൽ യാതൊരു സ്ഥാനവുമില്ല. അത്കൊണ്ട് സത്യത്തിന്റെ ഭാഗത്ത് നിന്ന് കൊണ്ട് സാത്വികതയിൽ ഉറച്ച് ഒരു പ്രവാചകനിൽ വിശ്വസിച്ചാൽ അതിന്റെ സദ്വിചാരത്തിനും തീക്ഷ്ണമായ ബുദ്ധിക്കും ബഹുമാന്യതക്കും നാം സമ്മാനിതനാകും. നാം അവതരിപ്പിക്കുന്ന വിശുദ്ധ ഖുർആന്റെ അദ്ധ്യാപനത്തിന്റെ ഉദ്ദേശ്യം ഇതാണ്.

എന്നാൽ ചിന്തകന്മാരും തത്ത്വശാസ്ത്രജ്ഞന്മാരും ഒരിക്കലും ഈ വഴി സ്വീകരിച്ചിട്ടില്ല. അവർ വിശ്വാസത്തെക്കുറിച്ച് അശ്രദ്ധരാണ്. സമീപസ്ഥമായതും അസന്ദിഗ്ധമായതും സുനിശ്ചിതവുമായ അറിവിനെ കുറിച്ചാണ് അവരുടെ ഗവേഷണം.

സർവശക്തനായ അല്ലാഹു പരോക്ഷമായ കാര്യങ്ങളിൽ വിശ്വസിക്കാനാണ് ആവശ്യപ്പെടുന്നത്. ദൈവത്തെക്കുറിച്ചുള്ള ദൃഢജ്ഞാനം തേടുന്നതിൽ നിന്ന് വിശ്വാസികളെ അത്മുഖേന ദൈവം അകറ്റുന്നില്ല. വിശ്വാസം ദൃഢജ്ഞാനം തേടുന്നതിനുള്ള ഏണിയാണ്. അത്കൂടാതെ ദൃഢജ്ഞാനം തേടൽ വ്യർഥമാണ്. ഈ ഗോവണി കയറുന്നവൻ സ്വയം തന്നെ തീർച്ചയായും പരിശുദ്ധവും നിർമലവുമായ ദൈവിക ആത്മീയ വൈവിധ്യങ്ങൾ അനുഭവിക്കും. ആത്മാർഥതയുള്ള ഒരു വിശ്വാസി ദൈവികജ്ഞാനങ്ങളും നിർദേശങ്ങളും തനിക്ക് സാത്വികനായ ഒരു വാഹകൻ മുഖേന നൽകപെട്ടതാണെന്ന കാരണത്താൽ സ്വീകരിക്കുകയാണെങ്കിൽ അയാൾ ദൈവത്തിന്റെ ജ്ഞാനമാകുന്ന അനുഗ്രഹത്തിന് പാത്രമാവുന്നു. അതുകൊണ്ടാണ് സർവശക്തനായ അല്ലാഹു അവന്റെ ദാസന്മാർക്ക് ഒരു നിയമം വെച്ചിരിക്കുന്നത്. അതായത് ആദ്യമായി അവർ പരോക്ഷമായ കാര്യങ്ങളിൽ വിശ്വസിച്ചു കൊണ്ട് അവനെ അംഗീകരിക്കണമെന്ന്. അതുവഴി അവർ നേരിടുന്ന എല്ലാ പ്രശ്നങ്ങളും സത്യസന്ധമായ ജ്ഞാനം മുഖേന പരിഹരിക്കണം. എന്നാൽ ധൃതിപിടിച്ച ഒരാൾ ഈ വഴി സ്വീകരിക്കുന്നില്ല. വിശുദ്ധ ഖുർആനിൽ സർവശക്തനായ അല്ലാഹുവിന്റെ ഒരു വാഗ്ദാനമുണ്ട്. അതായത് ഒരു വ്യക്തി വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നബി (സ)യുടെ വിളി സ്വീകരിക്കുകയും അതിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ ശ്രമിക്കുകയും അതിന് വേണ്ടി കഠിനമായി അധ്വാനിക്കുകയും ചെയ്യുകയാണെങ്കിൽ അതിന്റെ യാഥാർഥ്യം അയാൾക്ക് ദർശനം, വെളിപാട് മുഖേന വെളിപ്പെടുത്തി കൊടുക്കും. 10

# ചന്ദ്രൻ ഒരു ദൈവദൃഷ്ടാന്തം

സിയ. എച്ച്. ഷാ എംഡി.



*അവനത്രെ സൂര്യനെ ഉജ്ജ്വല തേജസ്സുള്ളതും ചന്ദ്രനെ പ്രകാശം പ്രതിഫലിക്കുന്നതുമാക്കുകയും, വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന് വേണ്ടി അതിന് പല ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിട്ടുള്ളവൻ. ന്യായമായ ആവശ്യാർഥമല്ലാതെ അല്ലാഹു അത് സൃഷ്ടിച്ചിട്ടില്ല. കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക്വേണ്ടി അവൻ ദൃഷ്ടാന്തങ്ങൾ വിശദീകരിക്കുന്നു. രാവും പകലും മാറി മാറി വരുന്നതിലും ആകാശങ്ങളിലും ഭൂമിയിലും അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കളിലും സൂക്ഷ്മത പാലിക്കുന്ന ജനങ്ങൾക്ക് തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്. (10:6-7)*

ചന്ദ്രനില്ലാതെ നിങ്ങളുടെ ജീവിതം എങ്ങനെയായിരിക്കും എന്ന് നിങ്ങൾ ആശ്ചര്യത്തോടെ ചിന്തിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള വിസ്മയകരമായ ഉത്തരം ചന്ദ്രൻ ഇല്ലെങ്കിൽ നിങ്ങളുമുണ്ടാകില്ല എന്നായിരിക്കും. ചന്ദ്രൻ സൃഷ്ടിപ്പെടുന്നതിന് മുമ്പുണ്ടായിരുന്ന ഭൂമി തികച്ചും മറ്റൊരു ഗോളമായിരുന്നു.

ഭൂമിക്ക് വലിയ ഒരു ചന്ദ്രനുള്ളത്കൊണ്ടാണ് നമ്മുടെ ആന്തര സൗരയൂഥത്തിൽ ഭൂമി അതുല്യമായ ഒരു ഗ്രഹമായിതീരുന്നത്. ആന്തര സൗരയൂഥമാണ് നമ്മുടെ സൗരയൂഥത്തിലെ ജീവമണ്ഡലം. ഈ മണ്ഡലത്തിൽ ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയുൾപ്പെടുന്നു. അതിൽ ബുധൻ, ശുക്രൻ എന്നീഗ്രഹങ്ങൾക്ക് ഉപഗ്രഹങ്ങളില്ല. ചൊവ്വക്കാകട്ടെ ഉൽക്കയുടെ വലിപ്പത്തിലുള്ളയത്ര രണ്ട് ചെറിയ ചിന്ന ഗ്രഹങ്ങൾ മാത്രമാണ് ഉപഗ്രഹമായിട്ടുള്ളത്. നമ്മുടെ സൗരയൂഥത്തിൽ 136 ചന്ദ്രന്മാരുണ്ട് (ഉപഗ്രഹങ്ങൾ). എന്നാൽ അതിൽ നമ്മുടെ ചന്ദ്രന് ചില പ്രത്യേകതകളുണ്ട്. അറിയപ്പെടുന്ന ഉപഗ്രഹങ്ങളിൽ സൗരയൂഥത്തിലെ ആന്തര മണ്ഡലത്തിൽ മൂന്ന് ഉപഗ്രഹങ്ങൾ മാത്രമാണുള്ളത്.

ചന്ദ്രന്റെ ആകർഷണശക്തിയാണ് സമുദ്രങ്ങളിൽ വേലിയേറ്റം സൃഷ്ടിക്കുന്നത്. ഈ സമുദ്രവേലിയേറ്റങ്ങൾ പല സ്ഥലങ്ങളിലും ഏറ്റക്കുറച്ചിലോടെ അനുഭവപ്പെടുന്നു. ഭൂമദ്ധ്യരേഖാ പ്രദേശത്ത് വേലിയേറ്റം വളരെ കുറച്ചാണ് അനുഭവപ്പെടുക. ഏതാനും അടി മാത്രം. എന്നാൽ ധ്രുവങ്ങളിലേക്ക് പോകുമ്പോൾ അത് കൂടി വരുന്നു. കാനഡയിലെ ഫണ്ടി ഉൾക്കടലിൽ ഏറ്റവും അനുകൂലമായ അവസ്ഥയിൽ വേലിയേറ്റം 53 അടിവരെ ഉയരുന്നു. വേലിയേറ്റ പ്രവർത്തനത്തിന്റെ ഫലമായാണ് ഭൂമിയിൽ പ്രത്യേകമായ പരിസ്ഥിതിയും ആവാസ വ്യവസ്ഥയും സൃഷ്ടിക്കപ്പെട്ടത്. ഇത്തരം വേലിയേറ്റങ്ങളുടെ ഫലമായി ജലസംഭരണ പ്രദേശങ്ങളിലും അതിന്റെ ഇതര പ്രദേശങ്ങളിലും നിരവധി ജീവരൂപങ്ങൾ വികാസം പ്രാപിക്കുന്നു. വേലിയേറ്റങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഇന്ന് കാണുന്ന സസ്യങ്ങളുടെയും ജീവികളുടെയും രൂപങ്ങൾ വ്യത്യസ്തമാകുമായിരുന്നു.

മറ്റുഗ്രഹങ്ങളുടെ ഉപഗ്രഹങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രൻ അസാധാരണമാം വിധം വലുതാണ്. ചന്ദ്രന്റെ വ്യാസാർധം ഭൂമിയുടെ നാലിലൊന്നാണ്. ചന്ദ്രന്റെ ആനുപാതികമായ ഈ വലിപ്പം

കാരണം അത് ഭൂമിയിൽ ഗണ്യമായ ബലം ചെലുത്തുന്നു. ഭൂമിയുമായി താരതമ്യം ചെയ്യുമ്പോൾ ആനുപാതികമായി ചന്ദ്രന്റെ അസാമാന്യമായ വലിപ്പത്തെപറ്റി പ്രതിപാദിച്ചുകൊണ്ട് എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു: 'ചന്ദ്രന് ഭൂമിയോടുള്ള അടുപ്പത്തെ കുടാതെ മറ്റു ഗ്രഹങ്ങളുടെ സ്വാഭാവിക ഉപഗ്രഹങ്ങളേക്കാൾ ആനുപാതികമായി ചന്ദ്രന് പിണ്ഡം കൂടുതലാണ്. ഇതിന്റെ ഫലമായി ചന്ദ്രനും ഭൂമിയും പരസ്പരം ചെലുത്തുന്ന ശക്തമായ ആകർഷണ ശക്തിമൂലം ഒരു പ്രത്യേക ഗോള വ്യവസ്ഥയായി ഭൂമി ചന്ദ്ര യുഗ്മം നിലകൊള്ളുന്നു.' 1

സൂര്യനിൽ നിന്ന് ഭൂമി, ജീവികളുടെ ആവാസവ്യവസ്ഥക്ക് അനുയോജ്യമായ അകലത്തിലാണ് നിലകൊള്ളുന്നത്. ഭൂമി സൂര്യനിൽ നിന്ന് ഇപ്പോഴുള്ളതിനേക്കാൾ അടുത്താണെങ്കിൽ സൂര്യതാപത്താൽ അതിലെ ജലമെല്ലാം വറ്റിപ്പോവുമായിരുന്നു. അകലെയാണെങ്കിൽ ജലമെല്ലാം തണുത്തുറഞ്ഞു പോകുകയും ചെയ്യുമായിരുന്നു, ചന്ദ്രന്റെ അനുയോജ്യമായ വലുപ്പവും അതിന്റെ യുഗ്മത്വവുമാണ് നിശ്ചിത അകലത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തി ഭൂമിക്ക് പ്രവചനീയമായ ഒരു കാലാവസ്ഥ പ്രദാനം ചെയ്യുന്നത്. യൂറോപ്യൻ സ്പേസ് ഏജൻസിയുടെ റിസർച്ച് ആന്റ് സയൻസ് ഡിപ്പാർട്ട്മെന്റിലെ ചീഫ് സയന്റിസ്റ്റായ ഡോ. ബർണാർഡ് എഛ് ഫോയിങ്ങ് ആസ്ട്രോ ബയോളജിക്കൽ മാഗസിനിൽ എഴുതുന്നു:

കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തുന്ന ഘടകം ചന്ദ്രനാണ്. നിങ്ങൾ ചൊവ്വാ ഗ്രഹത്തെ നോക്കൂ. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളുടെ ആകർഷണ സ്വാധീനം മൂലം ചൊവ്വ അതിന്റെ അച്ചു തണ്ടിൽ ഉലഞ്ഞുകൊണ്ടാണ് കറങ്ങുന്നത് (Wobbling Motion). ഇത്തരത്തിൽ അച്ചുതണ്ട് അസ്ഥിരമായി ചരിഞ്ഞും ഉലഞ്ഞും കൊണ്ടുള്ള ഭ്രമണം മൂലം ചൊവ്വയുടെ ധ്രുവ പ്രദേശത്തുള്ള മഞ്ഞു തൊപ്പി മദ്ധ്യഭാഗത്തേക്ക് മാറുന്നതായി കാണാം. എന്നാൽ ചന്ദ്രൻ നമ്മുടെ ഗ്രഹമായ ഭൂമിയെ സ്ഥിരമായി നിർത്താൻ സഹായിക്കുന്നു. അതിന്റെ അച്ചുതണ്ട് ഒരേ ദിശയിൽ തന്നെ നിശ്ചിതമായ ചരിവോടെ ഉലയാതെ സ്ഥിരമായി കറങ്ങുന്നു. അതുകൊണ്ടാണ് നമുക്ക് കുറഞ്ഞ തോതിലുള്ള കാലാവസ്ഥാ മാറ്റം അനുഭവപ്പെടുന്നത്. ഭൂമിയിലെ ജീവരാശിയുടെ സ്വഭാവത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചത് ഭൂമിയുടെ ഈയൊരു പ്രത്യേകതയാണ്. അതുകൊണ്ടാണ് ഭൂമിയിൽ സങ്കീർണങ്ങളായ ബഹുകോശ ജീവികൾ ആവിർഭവിക്കാൻ കാരണം. വലിയ തോതിലുള്ള കാലാവസ്ഥാഭേദങ്ങളുള്ള ഗ്രഹങ്ങളിൽ ചെറിയതും മൃദുലമല്ലാത്തതുമായ ജീവികൾ മാത്രമേ ആവിർഭവിക്കൂ2. ചന്ദ്രൻ ഇല്ലായിരുന്നുവെങ്കിൽ ഭൂമിയുടെ അച്ചുതണ്ട് (വടക്ക് തെക്കായി ഭൂമിയുടെ മദ്ധ്യത്തിലൂടെയുള്ള സാങ്കൽപ്പിക രേഖ) പമ്പരം കറങ്ങി വീഴാൻ നേരത്ത് ആടി ഉലയുന്നത് പോലെയോ അല്ലെങ്കിൽ താങ്ങിനിർത്തുന്ന തൂണുകളില്ലാതെ മുറുക്കിക്കെട്ടിയ കയറിൽ കൂടെ നടക്കുന്ന ഒരു അഭ്യാസിയുടെ വേച്ചു വേച്ചുള്ള നടത്തം പോലെയോ ഉലയുമായിരുന്നു. ഭൂമിക്ക് അൽപ്പം ഉലച്ചിൽ ഉണ്ടെങ്കിലും അത് സ്ഥിരമാക്കി നിർത്തുന്നത് ചന്ദ്രനാണ്. ഇത്കൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങൾ കൂടുതൽ മാറ്റങ്ങളില്ലാതെയും സ്ഥിരമായും ആവർത്തിക്കുന്നത്. ഈ കാലാവസ്ഥ ഭേദമാണ് കൂടുതൽ സങ്കീർണമായ ജീവിരൂപങ്ങൾ ആവിർഭവിക്കാനും പരിണമിക്കാനും വിജയകരമായ രൂപസ്ഥിരത കൈവരിക്കാനും കാരണമായി തീരുന്നത്.

കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമിയുടെ അച്ചുതണ്ടിനെ സ്ഥിരമായി നിർത്തുന്ന ഘടകം ചന്ദ്രനാണ്. നിങ്ങൾ ചൊവ്വാ ഗ്രഹത്തെ നോക്കൂ. സൗരയൂഥത്തിലെ മറ്റു ഗ്രഹങ്ങളുടെ ആകർഷണ സ്വാധീനം മൂലം ചൊവ്വ അതിന്റെ അച്ചുതണ്ടിൽ ഉലഞ്ഞുകൊണ്ടാണ് കറങ്ങുന്നത് (Wobbling Motion). ഇത്തരത്തിൽ അച്ചുതണ്ട് അസ്ഥിരമായി ചരിഞ്ഞും ഉലഞ്ഞും കൊണ്ടുള്ള ഭ്രമണം മൂലം ചൊവ്വയുടെ ധ്രുവ പ്രദേശത്തുള്ള മഞ്ഞു തൊപ്പി മദ്ധ്യഭാഗത്തേക്ക് മാറുന്നതായി കാണാം. എന്നാൽ ചന്ദ്രൻ നമ്മുടെ ഗ്രഹമായ ഭൂമിയെ സ്ഥിരമായി നിർത്താൻ സഹായിക്കുന്നു. അതിന്റെ അച്ചുതണ്ട് ഒരേ ദിശയിൽ തന്നെ നിശ്ചിതമായ ചരിവോടെ ഉലയാതെ സ്ഥിരമായി കറങ്ങുന്നു. അതുകൊണ്ടാണ് നമുക്ക് കുറഞ്ഞ തോതിലുള്ള കാലാവസ്ഥാ മാറ്റം അനുഭവപ്പെടുന്നത്. ഭൂമിയിലെ ജീവരാശിയുടെ സ്വഭാവത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ചത് ഭൂമിയുടെ ഈയൊരു പ്രത്യേകതയാണ്.

ഭൂമിയുമായി ചന്ദ്രൻ ഇന്നു കാണുന്ന ഭ്രമണ പഥത്തെക്കാൾ കൂടുതൽ അടുത്തായിരുന്നുവെങ്കിൽ കടലിലുണ്ടാകുന്ന ഓരോ വേലിയേറ്റവും ഒരു സുനാമിയായി പരിണമിക്കുമായിരുന്നു. അങ്ങനെയാണെങ്കിൽ കരയിൽ ജീവിതം അസാദ്ധ്യമായി തീരും. ചന്ദന്റെ ഗുരുത്വബലം എല്ലാ കാലത്തും സ്ഥിരമായിരുന്നുവെങ്കിൽ സമുദ്രത്തിൽ വേലിയിറക്കവും വേലിയേറ്റവും ഉണ്ടാകുമായിരുന്നില്ല. ചന്ദ്രന്റെ ഗുരുത്വ ബലത്തെ പറ്റി എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക പറയുന്നു:

ചന്ദ്രന്റെ ഭൂമദ്ധ്യരേഖാ വ്യാസാർധം 1,738 കിലോമീറ്ററാണ് (1,080 മൈൽ). അതിന്റെ ആകൃതി അൽപ്പം പരന്നതാണ്. ഭൂമിയുടെ നേർക്ക് അൽപ്പം ഉന്തി നിൽക്കുന്നതുമാണ്. ചന്ദ്രന്റെ പിണ്ഡം വിതരണം ചെയ്യപ്പെട്ടിരിക്കുന്നത് എല്ലായിടത്തും ഒരു പോലെയല്ല. ചന്ദ്രന്റെ മദ്ധ്യഭാഗം ഗോളാകാരത്തെ അപേക്ഷിച്ച് 2 കി. മീറ്ററോളം (1.2മൈൽ) വിസ്ഥാപനം സംഭവിച്ച് ഭൂമിക്ക് നേരെ ഉന്തിനിൽക്കുന്നു. 3 ചന്ദ്ര-ഭൂമി യുഗ്മത്തിന്റെ ഈ പ്രത്യേകതയാണ് ഭൂമിയിൽ സങ്കീർണമായ ജീവിതം ആവിർഭവിക്കാൻ കാരണമായി തീർന്നത്. അത് കേവലം ആകസ്മികമോ യാദൃച്ഛികമോ അല്ല. സ്രഷ്ടാവിന്റെ പ്രത്യേകമായ കരുണാകടാക്ഷമാണ്. അല്ലാഹു പറയുന്നു:

*'രാവിനേയും പകലിനേയും സൂര്യനേയും ചന്ദ്രനേയും അവൻ നിങ്ങളുടെ സേവനത്തിനായി ഏർപ്പെടുത്തിത്തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കൽപ്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്. ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും പല ദൃഷ്ടാന്തങ്ങളുമുണ്ട്.' (വി.ഖുർആൻ 16:13)*

*ചന്ദ്രന്റെ ഭ്രമണത്തെ പറ്റി ഖുർആൻ പറയുന്നു:'അവനത്രെ രാവിനെയും പകലിനെയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. ഇവയിൽ ഒരോന്നും ഒരോ പാന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.' (വി.ഖുർആൻ 21: 34)*

ഈ ലേഖനത്തിന്റെ തുടക്കത്തിൽ ഉദ്ധരിച്ച സൂറ യൂനുസിലെ വചനം പോലെ വർഷങ്ങളുടെ എണ്ണവും കണക്കും നിങ്ങൾ അറിയുന്നതിന് വേണ്ടി അതിന് പല ഘട്ടങ്ങളും നിർണയിക്കുകയും ചെയ്തു. സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങളാണ് ഗോള ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും വികാസത്തിലേക്ക് നയിച്ചത്. പ്രൊഫ: ബർണാർഡ് എച്ച്. ഫോയിംങ്ങ് എഴുതുന്നു: 'നമ്മുടെ ചരിത്രത്തിൽ അധിക കാലവും നാം വേട്ടയാടുകയും മത്സ്യം പിടിക്കുകയും കൃഷി നടത്തുകയുമാണ് ചെയ്തത്. നമ്മുടെ ജീവിതം ചന്ദ്രനെ ഉപയോഗിച്ചാണ് പിന്നീട് ക്രമപ്പെടുത്തിയത്. നമ്മുടെ വേട്ടയുടെ സമയവും കൊയ്ത്തിന്റെ സമയവും നിർണയിച്ചിരുന്നത് ചന്ദ്രനാണ്. അതുകൊണ്ടാണ് നമ്മുടെ കലണ്ടറുകളധികവും ചന്ദ്രനെ അടിസ്ഥാനമാക്കിയായത്.' എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ നിരീക്ഷണം ഇങ്ങനെയാണ്. ചന്ദ്രന്റെ പ്രകൃതിയെക്കുറിച്ചും അതിന്റെ ഉത്ഭവത്തെക്കുറിച്ചും നൂറ്റാണ്ടുകളുടെ നിരീക്ഷണവും ശാസ്ത്ര ഗവേഷണങ്ങളും നടക്കുകയുണ്ടായി. ചന്ദ്രന്റെ ചലനങ്ങളെക്കുറിച്ചും സ്ഥാനത്തെക്കുറിച്ചുമുള്ള പുരാതനകാലത്തെ പഠനങ്ങൾ വേലിയേറ്റത്തെക്കുറിച്ചും ഇറക്കത്തെക്കുറിച്ചുമുള്ള പ്രവചനങ്ങൾ നടത്താൻ സാദ്ധ്യമാക്കുകയും അങ്ങനെ കലണ്ടറുകളുടെ വികാസത്തിലേക്ക് അത് നയിക്കുകയും ചെയ്തു. ഫോയിംങ്ങ് തുടരുന്നു: 'ശാസ്ത്രത്തിന്റെ വികാസത്തിന് പ്രപഞ്ചത്തിൽ നമ്മുടെ സ്ഥാനത്തെക്കുറിച്ച് അറിയാനും ചന്ദ്രന് നിർണായകമായ ഒരു പങ്കുണ്ട്. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ ആവർത്തനം നാം കാണുന്നു. ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും നാം നിരീക്ഷിക്കുന്നു. പ്രകൃതിയെക്കുറിച്ച് മനസ്സിലാക്കാൻ ഇത് നമുക്ക് ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു.'5 എൻസൈക്ലാപീഡിയ ബ്രിട്ടാനിക്ക പറയുന്നു: ചന്ദ്ര ചലനങ്ങളെക്കുറിച്ചുള്ള പഠനമാണ് വിജ്ഞാന വളർച്ചയുടെ കേന്ദ്രബിന്ദു. അത് ചന്ദ്രനെക്കുറിച്ച് മാത്രമല്ല, ഗോള ബലതന്ത്രത്തെക്കുറിച്ചും ഭൗതിക ശാസ്ത്രത്തെക്കുറിച്ചുമുള്ള അറിവിന് ആധാരം ഈ ചന്ദ്രനെക്കുറിച്ചുള്ള അറിവാണ്. 6 വിശുദ്ധ ഖുർആൻ പറയുന്നു: *'ചന്ദ്രന് നാം ചില പതനങ്ങൾ നിർണയിച്ചിട്ടുണ്ട്. അങ്ങനെ അത് പഴയ ഈന്തക്കുല തണ്ട് പോലെ ആയി തീരുന്നു.' (36: 40-41)*

## ബൈബിൾ

ഞാൻ വിശുദ്ധ ഖുർആനെ സംബന്ധിച്ച് പക്ഷപാതിത്വത്തോടു കൂടിയല്ല സംസാരിച്ചത്. നമ്മുടെ ചന്ദ്രനെപറ്റി ബൈബിളിൽ എന്താണ് പറഞ്ഞതെന്ന് ഞാൻ നോക്കാൻ തീരുമാനിച്ചു. ബൈബിളിൽ രണ്ടു വ്യത്യസ്തമായ സൃഷ്ടികഥയാണ് കാണാൻ കഴിഞ്ഞത്. ഉൽപത്തിയിൽ വിവരിച്ച സൃഷ്ടികഥ ഇപ്രകാരമാണ്. അതായത് സൂര്യന് മുമ്പാണ് ഭൂമി സൃഷ്ടിക്കപ്പെട്ടത്. ഈ പരാമർശം ശാസ്ത്രീയമായി തെറ്റാണ്. ഭൂമി ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത് മൂന്നാം ദിവസമാണ്. നാലാം ദിവസം വരെ സൂര്യനും ചന്ദ്രനും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഉൽപത്തി 9-13 വരെയുള്ള വചനങ്ങളിലാണ് ഭൂമിയുടെ സൃഷ്ടികഥ വിവരിച്ചിരിക്കുന്നത്.

*'ദൈവം അരുളി ചെയ്തു. ആകാശത്തിനു കീഴിലുള്ള വെള്ളമെല്ലാം ഒരിടത്ത് ഒന്നിച്ച് ചേരട്ടെ, വരണ്ട കര കാണുമാറാകുകയും ചെയ്യട്ടെ. അത് അങ്ങനെ ആയി. വരണ്ട കരയെ ഭൂമിയെന്നും ഒന്നിച്ചു ചേർന്ന വെള്ളത്തെ കടൽ എന്നും ദൈവം വിളിച്ചു. അത് നല്ലത് എന്ന് ദൈവം കണ്ടു. ദൈവം അരുൾ ചെയ്തു: 'ഭൂമിയിൽ സസ്യങ്ങൾ മുളച്ച് വളരട്ടെ. അതതു തരം*

*വിത്തുള്ള ചെടികളും അതതു തരം കുരുവോടുകൂടിയ ഫലങ്ങളും കായ്ക്കുന്ന വൃക്ഷങ്ങളും അങ്ങനെ ആയി. ഭൂമി സസ്യങ്ങൾ മുളപ്പിച്ചു അതതു തരം വിത്തുകളോടുകൂടിയ ചെടികളും അതതു തരം കുരുവോടുകൂടിയ ഫലം കായ്ക്കുന്ന വൃക്ഷങ്ങളും അതു നല്ലത് എന്നു ദൈവം കണ്ടു സന്ധ്യയായി. ഉഷസ്സായി മൂന്നാം ദിവസം' (ഉൽപ്പത്തി 1: 1-13)*

ഈ ബൈബിൾ വചനത്തിൽ പ്രതിപാദിച്ച മറ്റു വസ്തുതകളിൽ ശാസ്ത്രീയമായി സംഗതമല്ലാത്ത പരാമർശങ്ങളാണുള്ളത്. അതായത് സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ സസ്യങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്ന പരാമർശം. ഇത് ശാസ്ത്രീയം എന്നത് പോയിട്ട് സാമാന്യയുക്തിക്കു പോലും നിരക്കുന്നതല്ല. സൂര്യപ്രകാശം ലഭിച്ചെങ്കിൽ മാത്രമേ പ്രകാശ സംശ്ലേഷണം നടത്തി സസ്യങ്ങൾക്ക് വളരാൻ സാദ്ധ്യമാവു. അത്പോലെ സൂര്യൻ സൃഷ്ടിക്കപ്പെടുന്നതിന് മുമ്പേ രാവും വൈകുന്നേരവുമുണ്ടായി. സൂര്യനും ചന്ദ്രനും നാലാം ദിവസമാണ് സൃഷ്ടിക്കപ്പെട്ടത്. ബൈബിളിൽ ചന്ദ്രനെപറ്റി അതിന്റെ നാമം പരാമർശിക്കാതെയുള്ള ഒരു പ്രതിപാദനം നോക്കുക.

*'ദൈവം അരുൾ ചെയ്തു: പകലും രാത്രിയും വേർതിരിക്കാൻ ആകാശ കമാനത്തിൽ ജ്യോതിസ്സുകൾ ഉണ്ടാകട്ടെ. അവ ഋതുക്കളും ദിനങ്ങളും വത്സരങ്ങളും തിരിച്ചറിയാനുള്ള അടയാളങ്ങളായിരിക്കട്ടെ. അവ ആകാശ കമാനത്തിൽ ഭൂമിക്ക് വെളിച്ചം നൽകുന്ന ജ്യോതിസ്സുകളായിരിക്കട്ടെ. അത് അങ്ങനെ ആയി. അങ്ങനെ രണ്ട് വലിയ ജ്യോതിസ്സുകളെ ദൈവം സൃഷ്ടിച്ചു. അവയിൽ വലുപ്പമേറിയതിനെ പകൽ ഭരിക്കാനും വലിപ്പം കുറഞ്ഞതിനെ രാവു ഭരിക്കാനും ആക്കി. ദൈവം നക്ഷത്രങ്ങളെ സൃഷ്ടിച്ചു. ഭൂമിയിന്മേൽ പ്രകാശം നൽകാനും പകലും രാത്രിയും ഭരിക്കാനും ഇരുളിൽ നിന്ന് പ്രകാശത്തെ വേർതിരിക്കാനുമായി ദൈവം അവയെ ആകാശകമാനത്തിൽ സ്ഥാപിച്ചു. ഉഷസ്സായി. നാലാം ദിവസം.'(ഉൽപ്പത്തി 1: 14-19)*

ബൈബിളിൽ ചന്ദ്രൻ എന്ന പദം സെർച്ച് ചെയ്യാനായി www.Bible.com എന്ന സൈറ്റിൽ പോയി സെർച്ച് ചെയ്തപ്പോൾ ഞാൻ 62 ബൈബിൾ വചനങ്ങൾ കണ്ടു. പക്ഷേ അതൊന്നും തന്നെ ഖുർആനിൽ പ്രതിപാദിച്ചത് പോലെ ചന്ദ്രന്റെ സൃഷ്ടിപ്പിൽ ഒരു ഉദ്ദേശ്യം ഉള്ളതായും അത് ഒരു ഭ്രമണപഥത്തിൽ ചുറ്റിത്തിരിയുന്നതായും പ്രതിപാദിച്ചതായി കാണാൻ സാധിച്ചില്ല. അപ്രകാരം ശാസ്ത്രത്തിന്റെയും ഗണിത ശാസ്ത്രത്തിന്റെയും നിദാനം ചന്ദ്രന്റെ വിവിധ പതനഘട്ടങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണെന്ന പരാമർശവും കണ്ടില്ല. ഞാൻ ഈ ലേഖനത്തിൽ ഉദ്ധരിച്ച ഖുർആൻ വചനങ്ങൾ സർവജ്ഞാനിയായ ദൈവത്തിൽ നിന്നുള്ളതാണെന്ന എന്റെ ബോദ്ധ്യം വീണ്ടും ശക്തിപ്പെടുകയാണുണ്ടായത്. അത് കൂടാതെ സങ്കീർത്തനങ്ങളിൽ പ്രപഞ്ച ശാസ്ത്രത്തെക്കുറിച്ച് ചില പരാമർശങ്ങളുണ്ട്. പക്ഷേ അതൊന്നും തന്നെ ഖുർആനോളം തുല്യമല്ല. ബൈബിളിലെ പരാമർശങ്ങൾ ശാസ്ത്രീയമായ കൃത്യതയോ സൂക്ഷ്മതയോ ഇല്ലാത്തതാണ്. ഒരു ബൈബിൾ വചനം ഇങ്ങനെയാണ്: *'ഋതുക്കളെക്കുറിക്കാൻ നീ ചന്ദ്രനെ സൃഷ്ടിച്ചു. സൂര്യൻ അതിന്റെ അസ്തമയ കാലം അറിയുന്നു.' (സങ്കീർത്തനം: 104: 19) 'സൂര്യൻ നിശ്ചലമായി നിന്നു. ചന്ദ്രൻ അനങ്ങിയില്ല. യാശാറന്റെ പുസ്തകത്തിൽ ഇത് എഴുതിയിട്ടില്ലേ? സൂര്യൻ ആകാശമദ്ധ്യത്തിൽ ഉറച്ചു നിന്നു. അത് ഒരു മുഴുവൻ ദിവസങ്ങളോളം അസ്തമിക്കാൻ മുതിർന്നതേയില്ല.' (യോആശുവാ.10:13)*

ഈ വൈരുദ്ധ്യങ്ങൾ ഡോ. മൗറീസ് ബുക്കായിയുടെ The Bible the Quran and the Science

എന്ന പുസ്തകത്തിൽ ചന്ദ്രനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ Creation of the Heaven and Earth എന്ന അദ്ധ്യായത്തിൽ അദ്ദേഹം എഴുതുന്നു: 'ബൈബിൾ, സൂര്യനെയും ചന്ദ്രനേയും ജ്യോതിസ് എന്ന പദമാണ് ഉപയോഗിച്ചത്. സൂര്യനെ വലിപ്പമേറിയതെന്നും ചന്ദ്രനെ വലിപ്പം കുറഞ്ഞതെന്നും പ്രയോഗിച്ചു. ഖുർആൻ മറ്റൊരു മാനത്തിലാണ് രണ്ട് ഗോളങ്ങളെയും വിശേഷിപ്പിച്ചത്. വെറുമൊരു അക്ഷരം മാത്രമായ വിശേഷണത്തിൽ കവിഞ്ഞ ഒന്നാണ് ഖുർആന്റെ വിശേഷണം. എന്നാൽ എങ്ങനെയാണ് ഈ കാലത്ത് ഇങ്ങനെയൊരു കാര്യം ആശയക്കുഴപ്പമില്ലാതെ മനുഷ്യനോട് വിനിമയം ചെയ്യാൻ സാധിക്കുക. ഖുർആന്റെ ഈ വിശേഷണത്തിൽ സൂര്യന്റെയും ചന്ദ്രന്റേയും പ്രകാശം തികച്ചും വ്യത്യസ്തമായ പ്രകാശമാണ്. ഖുർആൻ ഈ രണ്ട് വ്യത്യാസങ്ങളും വ്യക്തമായി പ്രതിപാദിക്കുന്നു.' ഇവിടെ അദ്ദേഹം സൂചിപ്പിച്ച ഖുർആൻ വചനം ഇതാണ്.

*'അല്ലാഹു ഏഴാകാശങ്ങളെ എങ്ങനെ പരസ്പരം യോജിച്ച നിലയിൽ സൃഷ്ടിച്ചുവെന്ന് നീങ്ങൾ കണ്ടില്ലേ?' (71:16-17) 'ആകാശത്തിൽ രാശികളെ ഉണ്ടാക്കുകയും അതിൽ ഒരു വിളക്കിനെയും (സിറാജ്) വെളിച്ചം (മുനീർ) നൽകുന്ന ഒരു ചന്ദ്രനേയും സൃഷ്ടിക്കുകയും ചെയ്തവൻ അനുഗ്രഹപൂർണനാണ്.' (25:62)*

ബൈബിളിൽ ചന്ദ്രന്റെ ഭ്രമണവൃത്തത്തിലൂടെയുള്ള ചലനത്തെപറ്റി പ്രതിപാദിക്കുന്നില്ല. ഖുർആൻ ചന്ദ്രന്റെ ഭ്രമണ വൃത്തത്തിലൂടെയുള്ള ചലനത്തെപറ്റി പ്രതിപാദിക്കുന്നുവെന്ന് മാത്രമല്ല അത് സൂര്യന്റെ ചലനത്തിൽ നിന്ന് വ്യത്യസ്ത പഥത്തിണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

*'അവനത്രെ രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ചത്. ഇവയിൽ ഓരോന്നും ഓരോ പാന്ഥാവിൽ സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.'(21:34)*

*'സൂര്യന് ചന്ദ്രനെ എത്തിപ്പിടിക്കാനാവുകയില്ല. രാവ് പകലിനെ മറികടക്കുന്നതുമല്ല. ഓരോന്നും ഒരോ സഞ്ചാര പഥത്തിൽ അനായാസം സഞ്ചരിച്ചു കൊണ്ടിരിക്കുന്നു.'(36: 41)*

ബൈബിളിനെപോലെ ഖുർആനിൽ പരസ്പര വൈരുദ്ധ്യങ്ങളോ സുസ്ഥാപിത ശാസ്ത്രീയ സത്യങ്ങളുമായി വിയോജിപ്പുള്ള വസ്തുതകളോ ഇല്ല.

### ഉപസംഹാരം

*'നിങ്ങൾക്ക് കാണാൻ കഴിയാത്ത തൂണുകൾ കൂടാതെ ആകാശങ്ങളെ ഉയർത്തിവച്ചിരിക്കുന്നവനാണ് അല്ലാഹു. പിന്നീട് അവൻ സ്വയം സിംഹാസനത്തിൽ ആസനസ്ഥനായി. സൂര്യനെയും ചന്ദ്രനേയും അവൻ അധീനമാക്കി. എല്ലാം ഒരു നിശ്ചിത കാലയളവനുസരിച്ചു സഞ്ചരിച്ചു കൊണ്ടിരിക്കുന്നു. അവൻ കാര്യങ്ങളെല്ലാം ക്രമപ്പെടുത്തി നിയന്ത്രിച്ചു കൊണ്ടിരിക്കുന്നു. നിങ്ങളുടെ നാഥനുമായുള്ള കൂടികാഴ്ച്ചയിൽ നിങ്ങൾക്ക് ദൃഢവിശ്വാസമുണ്ടാകുന്നതിന് വേണ്ടി. അവൻ ദൃഷ്ടാന്തങ്ങൾ വിശദമായി വിവരിക്കുന്നു.'(13:3)*

നമ്മുടെ പ്രവിശാലമായ പ്രപഞ്ച സംവിധാനത്തെ പറ്റി പ്രത്യേകിച്ച് സൗരയൂഥത്തെ പറ്റി നിരീക്ഷിക്കുമ്പോൾ എങ്ങനെയാണ് ഗുരുത്വാകർഷണം നമ്മെ സ്വാധീനിക്കുന്നത് എന്ന് കുറേകൂടി അഗാധമായ തലങ്ങളിൽ നാം ചിന്തിക്കുകയാണെങ്കിൽ അതിന്റെ അന്തർധാരയായി വർത്തിക്കുന്ന സൂക്ഷ്മമായ കാരണങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ട് എന്ന യാഥാർഥ്യമല്ലാതെ മറ്റൊന്നുമല്ല അത്. നമ്മുടെ ജീവിതത്തെ അത് ഉത്തരവാദിത്വപൂർണമാക്കുകയും പരലോക ജീവിതത്തെ പറ്റിയുള്ള വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ യഹൂദ പ്രവാചകന്മാരായ ദാവൂദ് നബിയെ(അ) യും സുലൈമാൻ നബി(അ)യെ പറ്റിയും പറയുന്നു: *'നാം ദാവൂദിന് സുലൈമാനെ അനുഗ്രഹിച്ചു നൽകി. അദ്ദേഹം വളരെ നല്ല ദാസൻ. തീർച്ചയായും അദ്ദേഹം ദൈവ സന്നിധിയിൽ ഭക്തിപൂർവം കുനിയുന്ന ആളായിരുന്നു. വളരെ വേഗം ഓടുന്ന മേത്തരം കുതിരകളെ സായാഹ്നവേളകളിൽ അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം സ്മരിക്കുക. അപ്പോൾ അദ്ദേഹം പറഞ്ഞു: നല്ല വസ്തുക്കൾ എന്റെ നാഥനെ സംബന്ധിച്ച് സ്മരണ ഉണർത്തുന്നത് നിമിത്തം അവയെ സ്നേഹിക്കുന്നതിനെ ഞാനിഷ്ടപ്പെടുന്നു. അങ്ങനെ അവ മറവിൽ അപ്രത്യക്ഷമായി. (അപ്പോൾ അദ്ദേഹം കൽപ്പിച്ചു) അവയെ എന്റെ മുന്നിൽ തിരിച്ചു കൊണ്ടു വരിക. എന്നിട്ട് അദ്ദേഹം അതിന്റെ കണങ്കാലുകളും കഴുത്തുകളും വാത്സല്യപൂർവം തടവുകയുണ്ടായി.' (38: 31–34)*

അല്ലാഹുവിന്റെ സൃഷ്ടിയാവുന്ന ദർപ്പണത്തിൽ നമുക്ക് സ്രഷ്ടാവിനെകാണാനും അവനെ വാഴ്ത്താൻ സാധിക്കുകയും ചെയ്യണം. വാഗ്ദത്ത മസീഹ് മനുഷ്യ ജീവിതത്തിന്റെ ഉദ്ദേശ്യത്തെപറ്റിയും മനുഷ്യ മസ്തിഷ്ക്കത്തിന്റെ സ്വഭാവത്തെക്കുറിച്ചും അവിടുത്തെ 'ഹഖീഖത്തുൽ വഹ്യ്' എന്ന പുസ്തകത്തിൽ ഇങ്ങനെ പ്രതിപാദിക്കുകയുണ്ടായി. 'മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിന്റെ ആത്യന്തിക ലക്ഷ്യം അവന്റെ സ്രഷ്ടാവിനെ തിരിച്ചറിയാനാണ്. മനുഷ്യൻ അവന്റെ സ്രഷ്ടാവിനെ സംബന്ധിച്ച് പൂർണമായും ബോധവാനാകണമെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അവന്റെ ഗുണങ്ങളെ സംബന്ധിച്ച് ഒരളവോളം മനസ്സിലാക്കുകയും ചെയ്താൽ ദൈവത്തെ സംബന്ധിച്ച അവന്റെ ബോധം ഒരു നിശ്ചിതജ്ഞാനത്തിന്റെ തലത്തിലെത്തും. അതിനാൽ അല്ലാഹു മനുഷ്യന്റെ മനസ്സ് രണ്ട് വിധത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഒരു ഭാഗത്ത് അവന് ധിഷണാശേഷി നൽകിയിരിക്കുന്നു. ഈ കഴിവ് കൊണ്ട് അവന് അല്ലാഹുവിന്റെ സൃഷ്ടികളെക്കുറിച്ച് പഠിക്കാൻ കഴിയുന്നു. എല്ലാ കണികകളിലും ദൈവികമായ ഉദ്ദേശ്യം കാണാൻ അവന് സാധിക്കുകയും ചെയ്യുന്നു. പ്രകൃതിയിലെ സംഘാടനവും പ്രകൃതി സംവിധാനത്തിലെ ക്രമവും അവൻ പഠിച്ചാൽ ആകാശഭൂമികളിലെ ഈ രൂപഘടന ഒരു സ്രഷ്ടാവിനെകൂടാതെ സ്വയം ഉണ്ടാവുക സാദ്ധ്യമല്ല എന്ന് പൂർണമായും അവന് ബോദ്ധ്യമാവും. ഇതിനെല്ലാം തന്നെ ഒരു സംവിധായകനും സ്രഷ്ടാവും ഉണ്ട് എന്ന നിഗമനത്തിൽ അവൻ എത്തിച്ചേരുന്നതാണ്.' ***വിവ: എ.എം***

നമ്മുടെ പ്രവിശാലമായ പ്രപഞ്ച സംവിധാനത്തെ പറ്റി പ്രത്യേകിച്ച് സൗരയൂഥത്തെ പറ്റി നിരീക്ഷിക്കുമ്പോൾ എങ്ങനെയാണ് ഗുരുത്വാകർഷണം നമ്മെ സ്വാധീനിക്കുന്നത് എന്ന് കുറേകൂടി അഗാധമായ തലങ്ങളിൽ നാം ചിന്തിക്കുകയാണെങ്കിൽ അതിന്റെ അന്തർധാരയായി വർത്തിക്കുന്ന സൂക്ഷ്മമായ കാരണങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിയുന്നു. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവ് ഉണ്ട് എന്ന യാഥാർഥ്യമല്ലാതെ മറ്റൊന്നുമല്ല അത്. നമ്മുടെ ജീവിതത്തെ അത് ഉത്തരവാദിത്വ പൂർണമാക്കുകയും പരലോക ജീവിതത്തെ പറ്റിയുള്ള വിശ്വാസം ജനിപ്പിക്കുകയും ചെയ്യുന്നു.



# റമളാൻ നിലാവ്

കെ.റ്റി. രാധാകൃഷ്ണൻ, കൂടാളി

അധർമ്മഗ്രീഷ്മ തപ്തമാം ഈ മണ്ണിൽ
ഒഴുകിവന്ന സ്വർഗത്തിൻ വെളിച്ചമേ!
ഇരുളിൽ കോട്ട തകർത്തു നീ–
മാനവ സാഹോദര്യത്തിൻ പൂനിലാവ് തൂകവേ–
ധന്യയായി മണ്ണും വിണ്ണും!
ഹീറാ ഗുഹയിൽ തപം ചെയ്ത–
മുഹമ്മദിൽ കരളിൽ പൂനിലാവായി
കുളിർ ചോലയായി ഖുർആൻ അവതരിച്ചു!
ആകാശമേഘം പ്രവചനത്തിൻ –
ഇടിനാദമായ് വന്നു വാനിൽ –
മണ്ണിലെ മാനവ മനസ്സിനെയെന്നും–
ഉർവരമാക്കീടുവാൻ –
വൈശാഖാന്ത്യ മണ്ണിൽ സിരാതന്തുക്കളിൽ –
കുളിർ സ്പർശമായ് വന്ന നിലാവേ!
നിന്നിൽ കുളിച്ച് പരിശുദ്ധരായി–
വരവേൽപൂ മാനവനെന്നും മോദം!

# പ്രകൃതിയിലെ ക്രമവ്യവസ്ഥ ദൈവാസ്തിത്വത്തിന്റെ തെളിവ്

ഇത്രയും ക്രമികമായും ആസൂത്രണ മികവോടെയും അത്ഭുതകരമായ ബുദ്ധിവൈഭവത്തോടെ സൃഷ്ടിക്കപ്പെട്ട പ്രകൃതിനിയമങ്ങൾ കേവലം യാദൃച്ഛികമായി ഉണ്ടായതാണ് എന്ന നാസ്തികരുടെ വാദം നിരർഥകവും പ്രാഥമിക ബുദ്ധിക്ക് നിരക്കാത്തതുമാണ്. ലോകപ്രശസ്തനായ നാസ്തിക വാദിയും കടുത്ത മതവിമർശകനുമായ റിച്ചാർഡ് ഡാക്വിൻസിന്റെ The Blind Watch Maker എന്ന പുസ്തകത്തിലെ പ്രമേയത്തിനെതിരെ അഹ്മദിയ്യാ ഖലീഫ തന്റെ Revelation Rationality Knowledge and Truth എന്ന പുസ്തകത്തിൽ നൽകിയ അനിഷേധ്യമായ മറുപടിയുടെ അവസാന ഭാഗം.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഈ ചർച്ച ഉപസംഹരിക്കട്ടെ. നാം ആവർത്തിച്ചു പറയുന്നു. ജീവികളുടെ സൃഷ്ടിപ്പിൽ മുൻകൂട്ടിയുള്ള രൂപകൽപനയെ പ്രകൃതിവാദികൾ എതിർക്കുന്നത് അത് അനിവാര്യമായും ദൈവ വിശ്വാസത്തിലേക്ക് നയിക്കുമെന്നത് കൊണ്ടാണ്. ദൈവത്തെക്കാൾ അവർ ഇഷ്ടപ്പെടുന്നത് അന്ധനും ബധിരനും മൂകനുമായ ഒരു ഏജന്റാണ് സർവവും സൃഷ്ടിച്ചതെന്ന് സ്ഥാപിക്കാനാണ്. അവർ കരുതിക്കൂട്ടി വഞ്ചന നടത്തുകയാണ്. കാരണം അന്ധമായ ഡാർവിൻ സിദ്ധാന്തങ്ങൾ ഒരിക്കലും സ്രഷ്ടാക്കളാകുന്നില്ല. മറ്റു കരങ്ങളാൽ സൃഷ്ടിപ്പ് ആരംഭിച്ചതിന് ശേഷം മാത്രമാണ് ഈ സിദ്ധാന്തങ്ങൾ പ്രവർത്തനം ആരംഭിക്കുന്നത്. ഭൗതിക ശാസ്ത്രത്തിലെ നിയമങ്ങൾ പോലെ അവ ശക്തമായ തത്ത്വങ്ങളാണ്. എങ്കിലും ഫിസിക്സിന്റേയും, കെമിസ്ട്രിയുടേയും ഗതിക നിയമങ്ങളുടേയും എല്ലാ നിയമങ്ങളും ഒന്നിച്ചു ചേർന്നാൽ പോലും വെള്ളത്തിന്റെ സൗകര്യമുള്ളതും, അടുക്കളയും, തണ്ടാസുമുള്ള ഒരു പാവപ്പെട്ടവന്റെ കൊച്ചു കൂര പോലും പണിയാൻ സാധ്യമല്ല. തീർച്ച. ഈ നിയമങ്ങൾ ഇത്തരം നിർമാണത്തിനു വേണ്ടിയുള്ളതാണ്. പക്ഷേ, നിയമനം നടത്തിയ ആൾ ബോധമനസ്സുള്ള മസ്തിഷ്ക്കത്തോടുകൂടിയ ഒരു വ്യക്തിയായിരിക്കേണ്ടതുണ്ട്. പ്രകൃതി നിയമങ്ങളെ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന യജമാനനാണ് ഈ മസ്തിഷ്ക്കം.

ചില പരിമിതമായ സംഗതികളിൽ അന്ധമായി ചുവട് വെച്ച് മുന്നേറുന്ന സിദ്ധാന്തം പ്രാവർത്തികമാവുന്നുണ്ട്. അവ വിമർശനാത്മകമായി പരിശോധിച്ച് അതുണ്ടാക്കുന്ന ആശയക്കുഴപ്പം നീക്കേണ്ടതുമുണ്ട്. പവിഴപുറ്റ് ദ്വീപുകളുടെ രൂപീകരണം ഇത്തരത്തിലുള്ള ഒരു സംഗതിയാണ്. കോടാനു കോടി വരുന്ന ഓരോ പവിഴ ജീവിയുടേയും മരണത്തിന് പ്രത്യേകിച്ച് യാതൊരു ഉദ്ദേശ്യവും കാണില്ല. എങ്കിലും അവ ഒന്നിനു മീതെ മറ്റൊന്നായി കുമിഞ്ഞു കൂടി ഒരുപക്ഷേ ദശലക്ഷക്കണക്കിന് വർഷങ്ങളെടുത്തുണ്ടാകുന്ന പ്രതിഭാസമായിരിക്കും ഈ പവിഴപുറ്റു കൊണ്ടു രൂപീകൃതമാവുന്ന ദ്വീപിന്റെ നിർമ്മാണം. അവയുടെ വർധിച്ചു കൊണ്ടിരിക്കുന്ന വലുപ്പം അവസാനം ഒരു ദ്വീപിന്റെ സൃഷ്ടിയിലേക്കായിരിക്കും നയിക്കുക. ഈ പ്രക്രിയ എങ്ങനെ ആരംഭിച്ചുവെന്നും എങ്ങനെ അത് പരിപൂർത്തി പ്രാപിച്ചുവെന്നും നാം തിരിഞ്ഞു നോക്കുമ്പോൾ പ്രത്യക്ഷത്തിൽ നമുക്ക് ഉദ്ദേശ്യ രഹിതമായി തോന്നുന്നുവെങ്കിലും അതിൽ ഒരുദ്ദേശ്യമുള്ളതായി നമുക്ക് കാണാം. കടലിന് നടുവിൽ രൂപം കൊണ്ടു വരുന്ന ഒരു പർവതത്തെക്കുറിച്ച് ഒരാൾക്ക് സങ്കൽപിക്കാവുന്നതാണ്. യുഗങ്ങൾ എടുത്തുകൊണ്ട് ശകലം ശകലമായി ക്ഷമാപൂർവം മന്ദഗതിയിൽ അവ രൂപം കൊള്ളുന്നു. കരയിൽ ജീവിക്കുന്നവർ ആ പർവതത്തിന്റെ അഗ്രം കടൽ പരപ്പിന് മുകളിലേക്ക് വളർന്ന് വരുന്നത് വരെ അതിനെപറ്റി ശ്രദ്ധിക്കുന്നില്ല. അത് ഒരു പ്രത്യേക ഉദ്ദേശ്യാർഥം സൃഷ്ടിക്കപ്പെടുന്നതാണ്. പവിഴപുറ്റ് ദ്വീപുകളായി അവ രൂപാന്തരപ്പെടുമ്പോഴാണ് അവ അത്ഭുതകരമായ ധാരാളം മാർഗത്തിലൂടെ

ജീവനെ സേവിക്കുകയും താങ്ങായി തീരുകയും ചെയ്യുന്നതായി കാണുന്നത്. ഇതാണ് യാദൃച്ഛികവും ശകലം ശകലവുമായുള്ള വസ്തുക്കളുടെ സൃഷ്ടിപ്പ്. ഇതിൽ ഉദ്ദേശ്യം മുൻകൂട്ടി കാണുവാൻ സാധ്യമല്ല. അതിന്റെ ഉപയോഗം അവിടെ മാത്രം ഒതുങ്ങുന്നതല്ല. എങ്കിലും അതിന്റെ ഉപകാരത്വം ഒരിക്കലും നിഷേധിക്കാൻ സാധ്യമല്ല.

പ്രവർത്തിപ്പിക്കാൻ ഒരു ബോധമനസ്സില്ലെങ്കിൽ പ്രകൃതി നിയമങ്ങൾ സ്വതന്ത്രമായിട്ടായിരിക്കും പ്രവർത്തിക്കുക. പ്രകൃതി നിയമങ്ങളാണല്ലോ നിലവിലുള്ളതിനെയെല്ലാം പ്രവർത്തിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും. ജീവനുള്ള വസ്തുക്കളും സർവ്വത്തേയും ചൂഴ്ന്ന് നിൽക്കുന്ന ഈ നിയമത്തിൽ നിന്ന് മുക്തമല്ല. ഈ നിയമങ്ങളെ കൈകാര്യം ചെയ്യാൻ ഒരു ബോധമനസ്സിന്റെ അഭാവമുണ്ടായാൽ എല്ലാം തന്നെ നശിച്ചൊടുങ്ങുമായിരുന്നു. മരിച്ചവയും ജീവിച്ചിരിക്കുന്നവയും തമ്മിൽ അന്തരമൊന്നുമുണ്ടാവില്ല. ജീവനുള്ളതിന്റെ മസ്തിഷ്ക്കത്തിന് സ്വയം രൂപകൽപന നിർവഹിക്കാനും, ആ മസ്തിഷ്ക്കം ഉൾക്കൊള്ളുന്ന ശരീരനിർമാണത്തിൽ എന്തെങ്കിലും പങ്ക് വഹിക്കാനും സാധിക്കുന്നില്ലെങ്കിൽ ജീവിച്ചിരിക്കുന്നതും മരിച്ചതും ഒരു പോലെ തന്നെയായിരിക്കും. ഒരേ പ്രകൃതി നിയമത്തിലായിരിക്കും അവ ഭരിക്കപ്പെടുക. ജീവഘടകങ്ങളുടെ ഒന്നിച്ചുള്ള നിർമ്മാണത്തിന് ബോധശൂന്യമായ ഈ നിയമങ്ങളായിരിക്കും ഉത്തരവാദി. അവക്ക് ജീവന്റെ അടിസ്ഥാന ഘടകങ്ങളുടെ നിർമിതിക്ക് ശേഷിയുണ്ടെങ്കിൽ അതേ ശകലം ശകലമായുള്ള സഞ്ചിത പ്രക്രിയയിലൂടെ അതിനേക്കാൾ എളുപ്പത്തിൽ ഒരു എംമ്പയർ സ്റ്റേറ്റ് ബിൽഡിങ്ങും നിർമിക്കാൻ സാധ്യമാവും. എന്നാൽ, പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർ ശകലം ശകലമായ യാദൃച്ഛിക പ്രക്രിയയുടെ കുന്നുകൂടലിലൂടെ എംമ്പയർ സ്റ്റേറ്റ് ബിൽഡിങ്ങ് രൂപാന്തരപ്പെടുമെന്ന് വിശ്വസിക്കുന്നില്ല. അവ എത്ര തന്നെ ചെറിയ നിർമിതിയായാലും അങ്ങനെ ഒന്ന് സംഭവിക്കുമെന്ന് അവർ വിശ്വസിക്കുന്നില്ല. ഇവിടെ അവർ ഒരു കൃത്രിമമായ ഒരു വിഭജനം നടത്തുന്നുണ്ട്. അതായത് ജീവനില്ലാത്ത വസ്തുക്കളിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമങ്ങൾ, ജീവനുള്ള വസ്തുക്കളിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമങ്ങൾ എന്നിവയാണ് ആ രണ്ടു വിഭജനങ്ങൾ. യഥാർഥത്തിൽ രണ്ടു ഭാഗത്തും ബോധത്തോടു കൂടി പ്രകൃതി നിയമങ്ങളെ പ്രവർത്തിപ്പിക്കുന്ന ഒരാളില്ലെങ്കിൽ അത്തരം വിഭജനത്തിന് നിലനിൽപ്പില്ല. ജീവനുള്ളവയുടെ കാര്യത്തിൽ ബോധമനസ്സുള്ള ഒരു സംക്രിയാകാരൻ ഇല്ലെന്ന് പ്രകൃതിവാദികൾ കുറ്റസമ്മതം നടത്തുന്നു. ആയതിനാൽ അവർക്ക് മരിച്ചതും ജീവിച്ചിരിക്കുന്നതും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന് സമ്മതിക്കേണ്ടി വരുന്നു. പ്രകൃതിൽ സ്വതന്ത്രമായി നിലകൊള്ളുന്നതെല്ലാം ജീവനുള്ളവയിലും ഇല്ലാത്തവയിലും ഒരു പോലെ പ്രവർത്തിക്കുന്നു. ജീവന്റെ അടിസ്ഥാന ഘടകങ്ങൾ പോലെയുള്ള സങ്കീർണ വസ്തുക്കൾ പ്രകൃതി നിയമങ്ങൾക്ക് സ്വയം തന്നെ സൃഷ്ടിക്കാൻ കഴിയുമായിരുന്നെങ്കിൽ അതിന് എംമ്പയർ സ്റ്റേറ്റ് ബിൽഡിംങ്ങ് സ്ഥാപിക്കുക എന്നത് ഒരു മണ്ണെലിക്ക് മൺപുറ്റ് നിർമിക്കുന്നതിനേക്കാൾ പ്രയാസമില്ലാത്ത കാര്യമായിരിക്കും. പ്രതിബന്ധമായി ചൂണ്ടിക്കാണിക്കാവുന്ന സംഗതി സമയത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ടതാണ്. അതാകട്ടെ വാസ്തവത്തിൽ ഒരു പ്രതിബന്ധവുമല്ല. എന്നാൽ, പ്രകൃതിക്ക് ജീവനില്ലാത്തതിന്റെ മേൽ പ്രവർത്തിക്കാൻ ലഭ്യമാകുന്ന സമയം ജീവനുള്ളതിന്റെ പരിണാമത്തിൽ പ്രവർത്തിക്കാൻ വേണ്ടി വരുന്ന സമയത്തേക്കാൾ വളരെ കൂടുതലാണ്. കുറച്ച് നേരത്തേക്ക് എംബയർ സ്റ്റേററ് ബിൽഡിങ്ങിനെ പറ്റി മറക്കുക. കാരണം അത് ഒരു ബോധമനസ്സിനാൽ നിർമിതമായതാണെന്ന കാര്യം സുവിദിതമാണല്ലോ. അതിനുപകരം അതിനേക്കാൾ ഉന്നതവും സങ്കീർണവുമായ അംബരചുംബികളെ പറ്റി സങ്കൽപിക്കുക. അതെല്ലാം കഴിഞ്ഞ പതിനഞ്ച് ദശലക്ഷം വർഷങ്ങൾക്കൊണ്ട് പ്രകൃതിയുടെ ഭൗതിക നിയമങ്ങളാൽ നിർമിക്കപ്പെട്ടവയാണെന്നും കരുതുക. ജീവനുള്ളവയുടേയും ജീവനില്ലാത്തവയുടേയും കാര്യത്തിൽ നിയമം ഒരു പോലെയാണെന്ന കാര്യം മറക്കരുത്. അപ്രകാരം ഇവ രണ്ടിന്റേയും സൃഷ്ടിപ്പിൽ ബോധമനസ്സിന്റെ അസ്തിത്വം പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ നിഷേധിക്കുന്നു എന്ന കാര്യവും ഓർമ്മിക്കുക. മനോവിഭ്രാന്തി ഉണ്ടെങ്കിൽ മാത്രമല്ലാതെ രണ്ടിന്റേയും കാര്യത്തിൽ ഒരു വിഭജനം സാധ്യമല്ല. അത്പോലെ സങ്കീർണതയുടേയും ക്രമ വ്യവസ്ഥയുടേയും ശകലംശകലമായുള്ള സൃഷ്ടിപ്പും രണ്ടെണ്ണത്തിന്റെ കാര്യത്തിലും ഒരു പോലെ വളരെ വ്യക്തമായിരിക്കുകയും വേണം. അതുകൊണ്ട് സൃഷ്ടികർമം നടത്തുന്നതിന് മുമ്പേ യാതൊരു വിധ ബോധമനസ്സും ഇവിടെ ഉണ്ടായിരുന്നില്ല എന്ന് വിശ്വസിക്കുന്ന ആർക്കും തന്നെ എംബയർ സ്റ്റേറ്റ് ബിൽഡിങ്ങിന്റെ മുകളിലേക്ക് ചാടിക്കയറി ഇപ്രകാരം പ്രഖ്യാപിക്കാനുള്ള എല്ലാ സാങ്കൽപികമായ അവകാശങ്ങളുമുണ്ട്: *ഈ കെട്ടിടം കോടാനുകോടി കൊല്ലത്തെ ആകസ്മികത പ്രവർത്തിച്ച് കുന്നുകൂടിയതിന്റെ ഫലമാണ്. ഇതിന് പിന്നിൽ യാതൊരു ബോധമനസ്സോ യാതൊരു രൂപകൽപനയോ ഉള്ളതായി അറിയാൻ സാധിച്ചിട്ടില്ല. ഈ നിർമാണത്തിന്റെ പൂർത്തീകരണത്തിൽ കാണുന്ന അനുപമമായ സൗന്ദര്യത്തിൽ ആകൃഷ്ടരായിക്കൊണ്ട് ചില പമ്പര വിഡ്ഢികളായ മതവിശ്വാസികൾ മനസ്സിൽ താലോലിക്കുന്ന മിഥ്യാ സങ്കൽപം മാത്രമാണത്.* ജീവന്റെ പരിണാമത്തിലെ ഉദ്ദേശ്യവും മുൻകൂട്ടിയുള്ള

രൂപകൽപനയും നിഷേധിക്കുന്ന പരിണാമ വാദികളിലും ഈ പ്രഖ്യാപനം അതേ ശക്തിയിൽ ആരോപിക്കാവുന്നതാണ്. മനുഷ്യനിൽ പാരമ്യം കണ്ടെത്തിയ പരിണാമത്തിന്റെ ഗിരിശൃംഖത്തിൽ കയറിയാണ് അവരുടെ നിൽപ്പ്. അവിടെ നിന്ന് നോക്കിയാൽ എംബയർ സ്റ്റേറ്റ് ബിൽഡിങ്ങ് ഭൂമിയിൽ എവിടെയെങ്കിലുമുള്ള ഒരു കൊച്ചു ബിന്ദുവായി മാത്രമേ കാണൂ. എന്നിട്ടും അവർ ഇങ്ങനെ അട്ടഹസിക്കുന്നു; *'നമ്മുടെ സൃഷ്ടിപ്പിൽ യാതൊരു വിധ രൂപകൽപനയോ യാതൊരു ഉദ്ദേശ്യമോ ഇല്ല. നമുക്ക് നില നിൽക്കാൻ യാതൊരു സാധ്യതയുമില്ല. എങ്കിലും നാം നില നിൽക്കുന്നതായി കാണപ്പെടുന്നു. എല്ലാ ലോകങ്ങളും മിഥ്യാഭ്രമം മാത്രമാണ്. നിങ്ങൾ വിചാരിക്കുന്നു നാം നില നിൽക്കുന്നു എന്ന്. നമുക്കാകട്ടെ നിങ്ങളും നിലനിൽക്കുന്നു എന്ന മിഥ്യാ വിചാരമുണ്ട്. അതിനാൽ ആത്മനിഷ്ഠാ വാദികളായ തത്ത്വജ്ഞാനികൾ പറയുന്നത് പോലെ പ്രപഞ്ചം മുഴുവൻ മിഥ്യകളുടെ ഒരു ശൃംഖലയാണ്. അസ്തിത്വത്തിന്റെ ഈ മിഥ്യകളെ തുരത്തിക്കളയാൻ വേണ്ടി ഒരിക്കൽ കൂടി ഹിമോഗ്ലോബിന്റെ എണ്ണത്തെക്കുറിച്ചും അത് ഒന്നുമില്ലായ്മയിലേക്ക് തിരോഭവിക്കുന്നതിനെക്കുറിച്ചും ചിന്തിക്കുക!*

ബോധമനസ്സോടു കൂടിയതും അപ്രകാരം തന്റെ തീരുമാനങ്ങൾ നടപ്പാക്കാനാവശ്യമായ എല്ലാ ശേഷിയുമുള്ളതായ ഒരു വ്യക്തി എന്ന നിലയിലും സ്രഷ്ടാവിന്റെ സ്ഥാനത്ത് അരൂപിയായ ചില ആശയങ്ങളെ പകരം വെക്കാനാണ് അവർ ശ്രമിക്കുന്നത്. ഈ അസംബന്ധമാണ് സൃഷ്ടിയുടെ അല്ലെങ്കിൽ പ്രകൃതിനിർധാരണത്തിന്റെ പ്രക്രിയ ബോധശൂന്യമായ ഒന്നിൽ ആരോപിക്കാൻ അവരെ ധൃഷ്ടരാക്കുന്നത്. ഖുർആൻ ഇതിനെ അസന്ദിഗ്ദമായ ഭാഷയിൽ നിരാകരിക്കുന്നു:

***അവർക്ക് നടക്കാനുതകുന്ന കാലുകളുണ്ടോ? അവ കൊണ്ട് അവർക്ക് നടക്കാൻ? അല്ലെങ്കിൽ അവർക്ക് പിടിക്കാനുതകുന്ന കൈകളുണ്ടോ? അല്ലെങ്കിൽ അവർക്ക് കാണാനുതകുന്ന കണ്ണുകളുണ്ടോ? അല്ലെങ്കിൽ അവർക്ക് കേൾക്കാനുതകുന്ന ചെവികളുണ്ടോ അതുകൊണ്ട് അവർക്ക് കേൾക്കാൻ? പറയുക, നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിച്ചു കൊള്ളുക. എന്നിട്ട് നിങ്ങൾ എനിക്കെതിരായി തന്ത്രം പ്രയോഗിക്കുക. നിങ്ങൾ എനിക്ക് സമയം തരുകയും വേണ്ട.(വി. ഖുർആൻ 7:196)***

ഈ ഖുർആനിക പ്രസ്താവന വ്യക്തമായും അക്കാലത്തെ വിഗ്രഹാരാധകരെ അഭിസംബോധന ചെയ്തു കൊണ്ടുള്ളതാണ്. അവരുടെ ദൈവങ്ങൾ മനുഷ്യരുടെ രൂപമുള്ള ജീവനുള്ള വ്യക്തികളാണ് എന്ന അവരുടെ വിശ്വാസത്തെ ഖുർആൻ അവരെ ഓർമപ്പെടുത്തുകയും ചെയ്യുന്നു. എന്നിട്ടും അവ വെറും അരൂപികളായ ആശയങ്ങൾ മാത്രമാണ്. ഈ പ്രസ്താവന ഇവിടെ അവസാനിക്കേണ്ടതായിരുന്നു. ഇവിടെ ഉന്നയിച്ചത് പോലെ സമയത്തിന്റെ പ്രശ്നം ഉന്നയിക്കുകയും ചെയ്യേണ്ടതില്ലായിരുന്നു. പക്ഷേ, ഈ വചനത്തിലെ അവസാനത്തെ ഭാഗം വ്യക്തമായും ഉൾക്കൊള്ളുന്നത് വെറും ആശയങ്ങൾക്ക് മാത്രം സൃഷ്ടി നടത്താൻ സാധ്യമല്ല എന്ന വസ്തുതയാണ്. അവർക്ക് ഒരുപക്ഷേ അത് നിർവഹിക്കാൻ യഥേഷ്ടം സമയമുണ്ടെങ്കിലും അതു സാധ്യമല്ല. എന്നാൽ മറുവശത്ത് ദൈവത്തിന്റെ സൃഷ്ടിഗുണം സമയത്തിന്റെ ദീർഘതയെ ആശ്രയിച്ചു നിൽക്കുന്നില്ല. ഈ വചനത്തിന്റെ സാകല്യാവസ്ഥയിൽ ഇത് ഏറ്റവും ഉചിതമായി ചേരുക പ്രകൃതി നിർദ്ധാരണത്തിന്റെ ആധുനിക ആശയത്തിനാണ്. മതിയായ സമയം നൽകുകയാണെങ്കിൽ ജീവന്റെ ഉത്തരവാദി പ്രകൃതി നിർദ്ധാരണമാണെന്നാണ് പ്രകൃതി നിർദ്ധാരണത്തിന്റെ ഈ ആശയം വാദിക്കുന്നത്. പ്രകൃതി നിർദ്ധാരണത്തിന്റെ പശ്ചാത്തലത്തിൽ സമയം എന്ന ഘടകം അടിസ്ഥാനപരമായും ഒഴിച്ചു കൂടാനാവാത്തതാണ്. അവയവമില്ലാത്ത, കൈയ്യില്ലാത്ത മനസ്സില്ലാത്ത നിരർഥകമായ ഒരാശയത്തിന് അളവറ്റ സമയത്തിന്റെ ചട്ടക്കൂട്ടിലാണ് പ്രവർത്തിക്കുക എന്ന് പറയുന്നത് ഇത് ശകലം ശകലമായുള്ള പരിണാമ സിദ്ധാന്തത്തെ ന്യായീകരിക്കാനുള്ള ശ്രമം മാത്രമാണ്. ഈ അളവറ്റ സമയത്തെ ഞെക്കി പിഴിഞ്ഞ് ഏതാനും ശതകോടി വർഷമാക്കി മാറ്റുക. ഉടനെ തന്നെ ഈ സിദ്ധാന്തം പൊട്ടിത്തകരുന്നത് കാണാം. ജീവന്റെ നിർമാണ പ്രക്രിയയിൽ അവർക്ക് ഏറ്റവും പ്രധാനമായത് സമയമാണെന്ന് യാതൊരു സംശയത്തിനും ഇടനൽകാൻ കഴിയാത്ത വിധം കാണാവുന്നതാണ്. ഫലത്തിൽ ഇത് കൃത്യമായും ഖുർആൻ ഖണ്ഡിക്കുന്ന കാര്യമാണ്. ഖുർആന്റെ പ്രസ്താവനയുടെ സാരം ഇപ്രകാരമാണ്. *അരൂപിയായ ആശയങ്ങൾക്ക് ആവശ്യമായത്ര സമയം വേണമായിരിക്കാം. പക്ഷേ, ദൈവത്തിന് അവന്റെ സൃഷ്ടി നടത്തുന്ന കഴിവിന് പ്രായോഗികമായി സമയത്തിന്റെ ആവശ്യമില്ല.*

ഈ സമയ ഘടകത്തിന് ആധുനിക യുഗത്തിൽ ഡാർവിൻ സിദ്ധാന്തവുമായി ബന്ധപ്പെട്ടാണ് പ്രാധാന്യം കൈവന്നത്. ഈ വചനം ഈ ആധുനികമായ ആശയത്തിന് ആരോപിക്കാനായിരുന്നുവോ ഉദ്ദേശിക്കപ്പെട്ടത് എന്ന് ആർക്കെങ്കിലും സംശയമുണ്ടാകാം. എന്നാൽ ഈ ഖുർആനിക വചനത്തിലെ സങ്കൽപങ്ങൾ പൂർണമായും ഈ ആധുനിക ആശയത്തിന് ബാധകമാണ്. അത് യാതൊരു വിധത്തിലും നിഷേധി

ക്കാൻ സാധ്യമല്ല. ഉദ്ദേശിച്ചാലും ഇല്ലെങ്കിലും പ്രകൃതി നിർദ്ധാരണ സിദ്ധാന്തത്തെ ഇത്രയും നന്നായി മറ്റൊരു വിധത്തിലും വിമർശിക്കുവാൻ കഴിയുമായിരുന്നില്ല.

സൃഷ്ടി പ്രക്രിയയും, പ്രകൃതി നിർദ്ധാരണ പ്രക്രിയയും വ്യത്യസ്തമായ രണ്ട് ശക്തികളാണ് നിർവഹിക്കുന്നതെന്നും വ്യത്യസ്തമാണെങ്കിലും അവ സ്വരൈക്യത്തോടെ വർത്തിക്കുകയാണെന്നുമാണ് പ്രകൃതി വാദികളുടെ അവകാശവാദം. ബോധശൂന്യമായ ജീനുകൾ സൃഷ്ടി നടത്തുകയും രൂപരഹിതവും അമൂർത്തവുമായ പ്രകൃതി നിയമങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നുവെന്നാണ് അവർ നമ്മെ വിശ്വസിപ്പിക്കേണ്ടിയിരുന്നത്. അതേ സമയം ജീനുകളുടെ യാഥാർഥ്യത്തെ അവർ നിഷേധിക്കുകയും അവയെല്ലാം പ്രകൃതി നിർദ്ധാരണത്തിന്റെ അധീശാധികാരത്തിന് വിധേയപ്പെടുത്തിക്കൊടുക്കുകയുമാണ് ചെയ്യുന്നത്. വ്യത്യസ്തമായി കണക്കാക്കുന്ന രണ്ട് ശക്തികളെ അവർ ഏറ്റവും ജുഗുപ്സാവഹമായ രീതിയിൽ ഏകോപിപ്പിക്കുന്നു. സ്രഷ്ടാവെന്ന നിലക്ക്, അവ്യക്തമായ സ്ഥാനത്തേക്ക് ജീനുകളെ പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ പിന്നെ തിരഞ്ഞെടുക്കാൻ ബോധമനസ്സുള്ള ഏത് ശക്തിയാണ് അവശേഷിക്കുന്നത്. ജീനുകളെ അങ്ങനെ പാർശ്വഭാഗത്തേക്ക് തള്ളിമാറ്റിയാൽ കളത്തിൽ അവശേഷിക്കുന്നത് പിന്നെ പ്രകൃതി നിർദ്ധാരണം മാത്രമാണ്. ഈ അർഥത്തിലാണ് സൃഷ്ടിക്കുക, തിരഞ്ഞെടുക്കുക എന്നീ വേറിട്ടുള്ള രണ്ട് പ്രവർത്തനങ്ങളെ യാതൊരു നീതികരണവുമില്ലാതെ ഒന്നിൽ സംയോജിപ്പിച്ചിരിക്കുന്നത്. എന്തായിരുന്നാലും ഡാർവിനിസത്തെ പറ്റി അൽപമെങ്കിലും അറിവുള്ള ഒരു ശാസ്ത്രജ്ഞന്, പ്രകൃതി നിർദ്ധാരണത്തിന് നേരിട്ടു സൃഷ്ടിപ്പ് നടത്തുവാൻ കഴിയുമെന്ന് ഡാർവിൻ പറഞ്ഞതായി ആരോപിക്കാൻ സാധ്യമല്ല. പ്രകൃതി നിർദ്ധാരണം ആരംഭിക്കുന്നതിന് മുമ്പേ ഇവിടെ ചില സൃഷ്ടികളുണ്ടായിരിക്കണം. ഈയൊരു പ്രഹേളികയാണ് പ്രകൃതി നിർദ്ധാരണത്തിന്റെ വക്താക്കൾക്ക് ഒരിക്കലും പരിഹരിക്കാൻ കഴിയാത്തത്.

വിശുദ്ധ ഖുർആൻ ഈ പ്രശ്നത്തിന്റെ നിർണായക സന്ധിയിൽ ഏറ്റവും സമുചിതമായതും വ്യത്യസ്തവുമായ ഒരു പരിഹാരമാണ് നിർദേശിക്കുന്നത്. പരിണാമത്തിന്റെ യാഥാർഥ്യം ആവശ്യപ്പെടുന്നത് എന്താണെന്ന് വെച്ചാൽ സൃഷ്ടിക്കുന്നവനും നിർദ്ധാരകനും അഥവാ തിരഞ്ഞെടുക്കുന്നവനും രണ്ട് വ്യക്തികളായിരിക്കാൻ പാടില്ല. ഈ തത്ത്വമാണ് ഖുർആൻ പ്രഖ്യാപിക്കുന്നത്. ആരാണോ സൃഷ്ടി നടത്തുന്നത് അവൻ തന്നെയായിരിക്കണം അവന്റെ സൃഷ്ടികളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടത് അഥവാ നിർദ്ധാരണം നടത്തേണ്ടത്. അടുത്ത തലമുറയിലെ ഉന്നതമായ സ്വഭാവ ഗുണത്തിലേക്ക് തിരഞ്ഞെടുക്കപ്പെടാത്തവയെ അവൻ അസ്തിത്വത്തിൽ നിന്ന് ഉൻമൂലനം ചെയ്യുന്നില്ല. എന്നാൽ അവന്റെ സൃഷ്ടിയുടെ അടിസ്ഥാനം വിപുലീകരിക്കാൻ വേണ്ടി അത്തരത്തിലുള്ള എല്ലാ വിതാനത്തിലും അർഥവത്തായ പങ്ക് നിർവഹിച്ചുകൊണ്ട് അവ സൃഷ്ടിപദ്ധതിയിൽ നിലനിൽക്കുന്നു. അങ്ങനെ പരിണാമഗതിയിൽ ഒരു ചുവട് മുന്നേറുമ്പോൾ പരിണാമത്തിൽ എന്തൊന്നാണോ അധികമായി കൂട്ടിചേർക്കപ്പെടുന്നത് അതിനെ പിന്തുണക്കാൻ വേണ്ടി അതിന്റെ അടിസ്ഥാനം ഒരേ സമയം വിപുലീകരിക്കപ്പെടുകയും ചെയ്യുന്നു.

മനുഷ്യൻ തന്റെ മഹോന്നത പദവിയിലേക്ക് എത്തിപ്പെട്ടതും ആ പദവിയിൽ വിരാജിക്കുന്നതും മറ്റു താഴ്ന്ന ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയുടെ സഹായം കൂടാതെ സാധ്യമല്ല എന്നുള്ളതാണ് വിശുദ്ധ ഖുർആന്റെ പക്ഷം. താഴെ കൊടുക്കുന്ന വാക്യം പ്രത്യേകമായും ഇതിലേക്ക് വിരൽ ചൂണ്ടുന്നു.

***മനുഷ്യരെ അവരുടെ തെറ്റിന് അല്ലാഹു പിടിച്ചു ശിക്ഷിക്കുകയായിരുന്നെങ്കിൽ ഭൂമുഖത്ത് ഒരു ജീവിയേയും അവൻ അവശേഷിപ്പിക്കുകയില്ലായിരുന്നു. പക്ഷേ അവൻ ഒരു നിശ്ചിത അവധി വരെ അവർക്ക് അവസരം കൊടുക്കുകയാണ്. അങ്ങനെ അവരുടെ അവധി എത്തിക്കഴിഞ്ഞാൽ ഒരു നിമിഷം പോലും മുന്നോക്കമോ പിന്നോക്കമോ പോകാൻ അവർക്ക് സാധ്യമല്ല.1 വി.ഖുർആൻ 16:62)***

ഈ വചനത്തിലെ ശ്രദ്ധേയമായ ഒരു വസ്തുത മനുഷ്യൻ ശിക്ഷിക്കപ്പെടുകയാണെങ്കിൽ മുഴുവൻ ജീവിലോകവും ഇവിടെ നിന്ന് തുടച്ചു നീക്കപ്പെടുമെന്നുള്ളതാണ്. മനുഷ്യനേക്കാൾ താഴ്ന്ന ജീവജാലങ്ങൾക്കാസകലം മനുഷ്യ ജീവിതത്തെ നിലനിറുത്തുക എന്നതിൽ കവിഞ്ഞൊരു ഉദ്ദേശ്യമില്ല എന്ന കാര്യം ഇവിടെ വ്യക്തമാവുന്നു. മനുഷ്യൻ പോവുകയാണെങ്കിൽ അവയെല്ലാം പോകേണ്ടതുണ്ട്. ബൃഹത്തായ സൃഷ്ടി പദ്ധതിയിൽ പ്രകൃതി നിർദ്ധാരണമാണ് ഫലത്തിൽ നിർദ്ധാരകന്റേയും (തിരഞ്ഞെടുക്കുന്നയാൾ) സ്രഷ്ടാവിന്റേയും പങ്ക് നിർവഹിക്കുന്നത് എന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞൻമാരും ദാർശനികൻമാരും ഉയർത്തുകയും ഉത്തരം പറയുകയും ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ചോദ്യത്തിന്റെ കൃത്യമായ രൂപമിതാണ്.

അവർക്ക് ഇത് രണ്ടും ഏതെങ്കിലും വിധത്തിൽ സ്രഷ്ടാവ് എന്ന ഒരാളിൽ സംയോജിപ്പിക്കേണ്ടതുണ്ട്. സൃഷ്ടി നടത്താത്ത ഒരു നിർദ്ധാരകനിലല്ല ഇത് രണ്ടും യോജിപ്പിക്കേണ്ടത്. ഇതാണ് ആർക്കും ഇതിൽ കണ്ടെത്താവുന്ന യുക്തിപരമായ ന്യായം. പക്ഷേ, ഇത് ദൈവത്തിലേക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇതാകട്ടെ പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ എന്ത് വില കൊടുത്തും ഒഴിവാക്കാൻ പാടുപെടുന്നതുമാണ്. അനിവാര്യമായ ഈ നിഗമനം ഒഴിവാക്കാൻ വേണ്ടിയാണ്

ഡാർവിൻ ഈ രണ്ട് പ്രവർത്തനങ്ങളേയും പ്രകൃതി നിർദ്ധാരണത്തിൽ പരോക്ഷമായ രീതിയിൽ ആരോപിക്കുന്നത്. *പ്രകൃതി നിർദ്ധാരണമാണ് സൃഷ്ടിപ്പും കൂടി നടത്തിയതെന്ന ആശയം ഡാർവിൻ എപ്പോഴെങ്കിലും മുന്നോട്ടു വെച്ചിട്ടുണ്ടായിരുന്നുവോ?* നമ്മുടെ അറിവിൽപ്പെട്ടിടത്തോളം അദ്ദേഹം അങ്ങനെ ചെയ്തിട്ടില്ല. മറ്റേതൊരു ബുദ്ധിമാനായ ആളും അറിഞ്ഞിരുന്നത് പോലെ തിരഞ്ഞെടുപ്പും സൃഷ്ടിപ്പും രണ്ട് വ്യത്യസ്തമായ പ്രവർത്തന രീതികളാണെന്ന് ഡാർവിനും ധരിച്ചിരിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. സൃഷ്ടികർമം നടത്തുന്നയാൾ ആരാണോ അയാൾ തന്നെ തന്റെ നിർദ്ധാരണം എന്ന പ്രക്രിയ താൻ സൃഷ്ടിച്ചതിൽ നിന്ന് തിരഞ്ഞെടുക്കുന്നതിലൂടെ നിർവഹിക്കുമെങ്കിൽ അതാണ് കൂടുതൽ യുക്തിപരം. ഇത് ഒരിക്കലും തന്നെ പരിണാമത്തിന്റെ അന്ധനിയമങ്ങൾക്ക് അനുയോജ്യമല്ല. എന്നിരിക്കെ നിർദ്ധാരകനും അതേസമയം ബോധമനസ്സുള്ള സ്രഷ്ടാവായ ഒരാളെ ഇല്ലാതാക്കാൻ പ്രകൃതി വാദികളായ ശാസ്ത്രജ്ഞൻമാർ സജീവമായി ശ്രമിക്കുകയുമാണ്. എന്തുതന്നെയായാലും വ്യത്യസ്തമായ ഒരു നിർദ്ധാരണ പദ്ധതിയും വ്യത്യസ്തമായ ഒരു സൃഷ്ടി പദ്ധതിയും, അവ രണ്ടും ബോധശൂന്യമായിരിക്കെ പരസ്പരം കൈകോർത്ത് പിടിച്ച് മുന്നോട്ട് ഗമിക്കുക എന്നതും അസാധ്യമാണ്. ജീനുകളാൽ സൃഷ്ടിക്കപ്പെടുന്ന ശരീരത്തെ പ്രകൃതി നിർദ്ധാരണം അംഗീകരിക്കുന്നു എന്ന് അഭിപ്രായപ്പെടുന്നത് മുതൽ ഈ പ്രശ്നം പരിഹരിക്കപ്പെട്ടു എന്ന് ഡാർവനിസ്റ്റുകൾ കരുതുന്നതായി തോന്നുന്നു. കാരണം പ്രകൃതി നിർദ്ധാരണം പരോക്ഷമായി സ്രഷ്ടാവിന്റെ ജോലി നിർവഹിക്കുന്ന രീതിയിലാണ് ഡാർവിൻ സംസാരിക്കുന്നത്.

ജീനുകളുടെ ഉൽപന്നങ്ങൾ പ്രകൃതി നിർദ്ധാരണത്തിന്റെ ഫലമാണെന്ന പ്രത്യക്ഷത്തിലോ പരോക്ഷമായോ ഉള്ള സങ്കൽപത്തെയാണ് നാം എവിടെയും സുദീർഘമായി ഖണ്ഡിച്ച് എഴുതിയിട്ടുള്ളത്. പക്ഷേ ജീനുകളിൽ സൃഷ്ടിപരമായ കഴിവുകൾ ആരോപിക്കുകയും അതേസമയം ആ സൃഷ്ടിപരമായ കഴിവുകൾ പ്രവർത്തിപ്പിക്കാൻ കഴിവുള്ള ഒരു ബോധമനസ്സിനെ നിഷേധിക്കുകയും ചെയ്യുക എന്നത് ഇതിലടങ്ങിയിരിക്കുന്ന പ്രകടമായ വൈരുദ്ധ്യമാണെന്ന് ചൂണ്ടിക്കാട്ടാൻ നാം ആഗ്രഹിക്കുന്നു. ജീനുകൾ സൃഷ്ടിക്കപ്പെട്ട പ്രഹേളികക്ക് ഉത്തരം നൽകാതെ, പരിണാമയാത്ര ആരംഭിക്കുന്നത് ജീനുകളിൽ നിന്നാണെന്ന് കരുതുന്നത് പരമമമായ അസംബന്ധമാണ്. ഡാർവിനിസത്തിന്റെ വക്താവിന് പ്രകൃതി നിർദ്ധാരണം ജീനുകളുടെ സൃഷ്ടിപ്പിൽ എന്തെങ്കിലും പങ്ക് വഹിച്ചിട്ടുണ്ടെന്ന് തെളിയിക്കുവാൻ സാധ്യമല്ല. ബോധമനസ്സിന്റെ സർഗാത്മകമായ കഴിവുകളില്ലാതെ, എങ്ങനെ എന്തുകൊണ്ട് ജീനുകൾ സൃഷ്ടി നടത്തുന്നു എന്ന ചോദ്യത്തെ ഡാർവിനിസ്റ്റുകൾ ആദ്യമായി അഭിമുഖീകരിക്കേണ്ടതുണ്ട്. സംഗതിയുടെ ആകത്തുക ഇതാണ്. ജീനുകളെ സൃഷ്ടിച്ച ബോധമനസ്സുള്ള ഒരു സ്രഷ്ടാവിനെ തിരിച്ചറിയപ്പെടേണ്ടതുണ്ട്. അല്ലെങ്കിൽ ബോധശൂന്യമായ ജീനുകൾ സ്വയം സൃഷ്ടിക്കപ്പെട്ടതാണെന്നും അതിന് അതിവിദഗ്ദ്ധവും ബോധപരവും സർഗാത്മകവുമായ സൃഷ്ടിപ്പിനുള്ള കഴിവുകളുണ്ടെന്നും സമ്മതിക്കേണ്ടി വരും. ഏതെങ്കിലും ബോധശൂന്യമായ ഒരു വസ്തു അതിനിപുണമായ നിർമാണ ഘടനയോടു കൂടി സ്വയം നിർമിക്കപ്പെട്ടു എന്നത് വിചിത്രമായ ഒരു സങ്കൽപമാണ്. ജീനുകൾ എങ്ങനെ നിർമിക്കപ്പെട്ടു എന്ന മുന്നുപാധിയെ പറ്റി ഗവേഷണം നടത്താതെയാണ് പ്രകൃതിവാദികളായ ശാസ്ത്രജ്ഞൻമാർ അവരുടെ ഗവേഷണ യാത്രക്ക് ഒരുങ്ങി പുറപ്പെട്ടിരിക്കുന്നത്. അവർക്ക് ഈ ചോദ്യത്തെ അഭിമുഖീകരിക്കാൻ കഴിയാത്തതിന്റെ കാരണം അവരുടെ തന്നെ പരിണാമ സങ്കൽപത്തെ അത് തകർത്തു കളയുമെന്നത് കൊണ്ടാണ്. പരിശുദ്ധ ഖുർആൻ ഈ പ്രഹേളിക പരിഹരിക്കാൻ വേണ്ടി നേരെ ചൊവ്വേ പറയുന്ന ഒരു പ്രസ്താവന ഇതാണ്.

> ***നിന്റെ നാഥൻ താനിച്ഛിക്കുന്നത് സൃഷ്ടിക്കുകയും തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തിരഞ്ഞെടുക്കാൻ അവകാശമില്ല. അല്ലാഹു പരിശുദ്ധനും അവർ പങ്കു ചേർക്കുന്നതിൽ നിന്ന് അത്യുന്നതനുമാകുന്നു.( വി. ഖുർആൻ 28:69)***

നിർദ്ധാരണം (Selection) എന്ന പ്രക്രിയ സ്രഷ്ടാവിന്റെ വിശേഷാധികാരത്തിൽപ്പെട്ടതാണ്. രണ്ടും തമ്മിൽ വേർപ്പെടുത്താൻ പാടില്ല എന്നതാണ് ഈ വചനത്തിലെ മുഖ്യ പ്രമേയം.

ദൈവം തന്നെയാണ് സ്രഷ്ടാവെന്നും അവന്റെ സൃഷ്ടികളിൽ നിന്ന് അവൻ തിരഞ്ഞെടുക്കുന്നുവെന്നും പ്രഖ്യാപിക്കുന്നു. കാര്യങ്ങൾ ആയിരിക്കേണ്ടതും ആയിരിക്കുന്നതും ഇപ്രകാരം തന്നെയാകുന്നു. ഈ പ്രഖ്യാപനത്തെ മാറ്റി മറിക്കാൻ ഒരു പ്രകൃതിവാദിയായ ശാസ്ത്രജ്ഞനും സാധ്യമല്ല. ദൈവത്തിന്റെ സ്ഥാനത്ത് ബോധശൂന്യമായ ഒരു സ്രഷ്ടാവിനെ അവരുടെ ഇഷ്ടമനുസരിച്ച് സ്ഥാപിക്കുവാൻ സാധ്യമല്ല. അത്തരത്തിലൊരു വൃഥാ ശ്രമം അവർ നടത്തുകയും പ്രകൃതി നിർദ്ധാരണത്തിന് സ്രഷ്ടാവിന്റെ മറ്റൊരു ദൗത്യം കൂടി കൂട്ടി ചേർക്കുകയും ചെയ്യുന്നു. അങ്ങനെ സ്രഷ്ടാവും നിർദ്ധാരകനുമായി യാതൊന്നുമറിയാത്ത ബുദ്ധിയില്ലാത്ത ഒരു തത്ത്വത്തിൽ വിശ്വസിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. അതിന് ബോധമില്ല എന്നത് മറ്റൊരു കാര്യം. അവർ യാതൊന്നുമില്ലാത്ത ഒന്നിനെയാണ് പിതാവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കാനിഷ്ടപ്പെടുന്നത്.

ബുദ്ധിശൂന്യവും വ്യക്തിത്വ

**ശേഷം പേജ് 42 ൽ**

# അല്ലാഹുവിന്റെ രക്ഷാനൗക

വാഗ്ദത്ത മസീഹ് (അ) തന്റെ അനുയായിക്കുണ്ടാകേണ്ട യഥാർഥ ആത്മീയ ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുന്നു. വിവ: മുഹമദ് ഉമർ, കോഴിക്കോട്

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

**വാഗ്ദത്ത മസീഹ്**

മനോദാർഢ്യത്തോടെയുള്ള പക്വമായ കർമങ്ങൾ ഇല്ലാതെ നാവു കൊണ്ടുമാത്രം ബയ്അത്ത് അനുസരണപ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അദ്ധ്യാപനം പൂർണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള ***'ഇന്നീ ഹാഫിളു കുല്ലുമൻ ഫിദ്ദാർ'*** എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്. അതായത് (അല്ലാഹു പറഞ്ഞു): നിന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലുള്ളവരെ ഞാൻ രക്ഷിക്കുന്നതാണ്. ഇതിൽനിന്ന് കല്ലും മണ്ണും കൊണ്ട് നിർമിതമായ എന്റെ ഈ വീട്ടിൽ താമസിക്കുന്നവരാണ് അവരെന്ന് മനസ്സിലാക്കരുത്. എന്നെ പരിപൂർണമായി പിൻപറ്റുന്നവരും എന്റെ ഈ ആത്മീയഭവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമാണവർ. തങ്ങൾക്ക് സർവശക്തനും എല്ലാത്തിനേയും നിലനിറുത്തുന്നവനും അനശ്വരനും സർവസ്രഷ്ടാവുമായ ഒരു ദൈവമുണ്ടെന്നും അവൻ തന്റെ സവിശേഷഗുണങ്ങളിൽ ശാശ്വതനും ആദ്യന്തരഹിതനും അചഞ്ചലനുമാണെന്നുമുള്ള കാര്യങ്ങൾ ദൃഢമായി വിശ്വസിക്കേണ്ടത് എന്നെ പിൻപറ്റുന്നതിന് നിർബന്ധമായ കാര്യമാകുന്നു. അവനാരുടേയും പുത്രനല്ല, അവനൊട്ട് പുത്രനുമില്ല. ദുഃഖം പേറുന്നതിൽനിന്നും ക്രൂശിക്കപ്പെടുന്നതിൽനിന്നും മരണം വരിക്കുന്നതിൽനിന്നും അവൻ പരിശുദ്ധനാണ്. അവൻ എപ്രകാരമാണെന്നുവെച്ചാൽ ദൂരസ്ഥനായിരിക്കെ സമീപസ്ഥനാണ്. സമീപസ്ഥനായിരിക്കെ ദൂരസ്ഥനുമാണ്. ഏകനായിരിക്കെ അവന്റെ പ്രകടനങ്ങൾ വിഭിന്നങ്ങളാണ്. മനുഷ്യനിൽ പുതിയ രീതിയിലുള്ള പരിവർത്തനം പ്രകടമാകുമ്പോൾ അവനുവേണ്ടി അവനൊരു പുതിയ ദൈവമായിത്തീരുകയും ഒരു പുതിയ പ്രഭയോടുകൂടി അവനോടു പെരുമാറുകയും ചെയ്യുന്നു. മനുഷ്യൻ തന്നിൽ വരുത്തുന്ന പരിവർത്തനം ദൃശ്യമാകുന്നു. ഇതിന്നർഥം ദൈവത്തിലെന്തെങ്കിലും മാറ്റം വരുന്നുവെന്നല്ല. അവനൊരിക്കലും പരിവർത്തനവിധേയമാകാത്തവനും തികവുറ്റവനുമാണ്. എന്നാൽ, മാനുഷിക പരിവർത്തനങ്ങളുടെ നേരത്ത്, മനുഷ്യന്റെ മാറ്റം നന്മകളിലേക്കാകുമ്പോൾ ദൈവവും അവനിൽ പുതിയൊരു ജ്യോതിസ്സോടുകൂടി പ്രകടമാകുന്നു. മനുഷ്യനിൽനിന്ന് പ്രകടമാകുന്ന ഓരോ അഭിവൃദ്ധിഘട്ടത്തിലും ദൈവത്തിന്റെ സർവശക്തമായ ദിവ്യജ്യോതിസ്സും ഒരു അഭിവൃദ്ധിയോടുകൂടി വെളിപ്പെടുന്നു. എവിടെയാണോ അനിതരസാധാരണമായ മാറ്റങ്ങൾ പ്രകടമാകുന്നത് അവിടെ അവൻ അനിതരസാധാരണമായ ശക്തിപ്രഭാവവും കാണിക്കുന്നു. അത്ഭുതസിദ്ധികളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും ആധാരം ഇതുതന്നെയാണ്. നമ്മുടെ ജമാഅത്തിന്റെ ലക്ഷ്യവും ഈ ദൈവമാകുന്നു. അവനിൽവിശ്വസിക്കുക. നിങ്ങളുടെ ജീവനേക്കാളും നിങ്ങളുടെ സുഖാഢംബരങ്ങളെക്കാളും നിങ്ങളുടെ എല്ലാ ബന്ധങ്ങളെക്കാളും അവനെ മുന്തിക്കുക. കർമപരമായ നിലയിൽ അവന്റെ വഴിയിൽ ധൈര്യസമേതം സത്യസന്ധതയും വിശ്വസ്തതയും കാണിക്കുക. ജനങ്ങൾ തങ്ങളുടെ ഭൗതികസാമഗ്രികളുടേയും ബന്ധുക്കളുടേയുംമേൽ അവന് മുൻഗണന നല്കുന്നില്ല. എന്നാൽ, ദൈവസന്നിധിയിൽ അവന്റെ ജമാഅത്തെന്ന് എഴുതപ്പെടാൻ നിങ്ങൾ അവനെ മുന്തിക്കുക.

കാരുണ്യത്തിന്റെ അടയാളങ്ങൾ കാണിക്കുകയെന്നത് ദൈവത്തിന്റെ സനാതനമായ ചര്യയാണ്. എന്നാൽ, നിങ്ങൾക്ക് ഈ ചര്യയിൽ പങ്കാളിയാകാൻ കഴിയുന്നത്, നിങ്ങളും അവനും തമ്മിൽ അകൽച്ച ഇല്ലാതിരിക്കുകയും നിങ്ങളുടെ ഇഷ്ടം അവന്റെ ഇഷ്ടവും നിങ്ങളുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്രഹങ്ങളും ആയിത്തീരുകയും അവനിഷ്ടമുള്ളത് അവൻ ചെയ്യട്ടെ

എന്ന ഉദ്ദേശ്യത്തോടെ ഫലസിദ്ധിയിലും പരാജയത്തിലും നിങ്ങളുടെ ശിരസ്സ് എപ്പോഴും എല്ലാ അവസ്ഥയിലും അവന്റെ സന്നിധിയിൽ വീണുകിടക്കുമ്പോഴും മാത്രമാണ്. അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ ദീർഘകാലമായി തന്റെ മുഖം മറച്ചുവച്ചിരുന്ന ദൈവം നിങ്ങളിൽ വെളിപ്പെടുന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നവനും അവന്റെ തൃപ്തി തേടുന്നവനും അവന്റെ വിധിനിയമത്തെ പഴിക്കാത്തവനുമായി നിങ്ങളിലാരെങ്കിലുമുണ്ടോ? അതിനാൽ നിങ്ങൾ വിപത്തുകൾ കണ്ടുകൊണ്ട് പിന്നേയും ചുവട് മുന്നോട്ടുവയ്ക്കുക. ഇത് നിങ്ങളുടെ അഭിവൃദ്ധിയ്ക്കുള്ള മാർഗമാണ്. അവന്റെ ഏകത്വം ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സകലശക്തിയോടുംകൂടി നിങ്ങൾ പരിശ്രമിക്കുക. അവന്റെ ദാസന്മാരുടെമേൽ കരുണ കാണിക്കുകയും അവരോട് നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. തങ്ങളുടെ കീഴിലുള്ള ആരോടും അഹങ്കാരം കാണിക്കാതിരിക്കുക. നിങ്ങളെ ചീത്തവിളിക്കുന്നവരായിരുന്നാലും നിങ്ങൾ ആരേയും ചീത്തവിളിക്കരുത്. ദൈവിക സവിധത്തിൽ സ്വീകരിക്കപ്പെടുന്നതിന്, നിങ്ങൾ വിനയാന്വിതരും സൗമ്യരും സദുദ്ദേശ്യരും സൃഷ്ടികളോട് സഹതാപമുള്ളവരുമായിത്തീരുക. സൗമ്യത പ്രകടിപ്പിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നായ്ക്കളാണ്. പുറത്ത് ശുദ്ധരും അകത്ത് പാമ്പുകളുമായിട്ടുള്ള നിരവധിയാളുകളുണ്ട്. നിങ്ങളുടെ പുറവും അകവും ഒരുപോലെ ആകാത്തിടത്തോളം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറിയവരോട് കരുണ കാണിക്കുക; അവരെ പുച്ഛിക്കരുത്. പണ്ഡിതനായിരിക്കെ അജ്ഞരെ ഉപദേശിക്കുക; അല്ലാതെ അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക; പൊങ്ങച്ചം കാണിച്ച് അവരുടെ മേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ ഭയപ്പെടുക. ദൈവത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്‌വ ഭക്തിമാർഗം കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. തങ്ങളുടെ നാഥനിൽ വിലയം പ്രാപിക്കുന്നവരായി തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടിമാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരുശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ ഭയന്ന് ഭയന്ന് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷിപറയട്ടെ.

നിങ്ങൾ ലൗകിക ശാപങ്ങളെ ഭയക്കരുത്, കാരണം അത് കാണക്കാണെ ധൂമപടലം പോലെ അപ്രത്യക്ഷമാകുന്നതാണ്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്തുനിന്നും അതവനെ ഉന്മൂലനം ചെയ്യും. കപടനാട്യം കൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തരാളം (പാതാളം)വരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്കവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ, നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അല്പമെങ്കിലും അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ നാട്യമോ പൊങ്ങച്ചമോ അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അല്പം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്നു നിനച്ച് സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ പരിവർത്തനം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങളെത്രയും വേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ, തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരാൾക്ക് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ, അവനു ഞാനുമായി ഒരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപ

ത്തെതൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവസാമീപ്യം ആർജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെസാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരുംതന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതികാഢംബരങ്ങളിൽ ആകർഷണീയനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനെ സംബന്ധിച്ച് അജ്ഞതയിലാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവനു അത് ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടും കൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ഉപരിലോകത്ത് നിങ്ങളോടും കരുണചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ. ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോട് താണുകേണ് വിലപിക്കുക. അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം ഭൂമിയിൽ ഒരാപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളം ഒരാപത്തും അകലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ തായ്തടിയെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ, അവയിൽ സർവവും ഭരമേല്പിക്കുന്നതിലാണ് വിലക്കുള്ളത്. അവസാനം ദൈവം നിശ്ചയിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ, അല്ലാഹുവിൽ സർവതും ഭാരമേല്പ്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനങ്ങളേക്കാളും ഉയർന്നു നില്ക്കുന്നത്.

നിങ്ങൾക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ഉപദേശമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധ ഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. എല്ലാ ഹദീഥുകളേക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധ ഖുർആനെ മുന്തിക്കുന്നവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂലോകത്ത് വിശുദ്ധ ഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദം സന്തതികൾക്ക് മുഹമ്മദു മുസ്തഫാ(സ) തിരുമേനിയല്ലാതെ ഒരു റസൂലോ ശുപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. നബി(സ) തിരുമേനിയേക്കാൾ ശ്രേഷ്ഠത്വം മറ്റൊരാളിലും കല്പിക്കരുത്. ഉപരിലോകത്ത് നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുവേണ്ടി. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊള്ളുവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തുവച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദു നബി (സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടിജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ ആ പുണ്യാത്മാവിന്റെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിട നില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാലത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി ആ മഹാത്മാവിന്റെ (സ) ശരീഅത്തോടുകൂടി ആത്മീയ പിന്തുടർച്ച ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി ആ ദിവ്യാത്മാവിന്റെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്‌ലാമിക സൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായ രീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരിക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ്.

*ഇഹ്ദിനസിറാത്തൽ മുസ്തകീൻ സിറാത്തല്ലദീന അൻഅംത അലൈഹിം* (നീ ഞങ്ങളെ നേർമാർഗത്തി ലേക്ക് നയിക്കേണമേ. നീ അനുഗ്രഹിച്ചവരുടെ മാർഗത്തിൽ) എന്ന ഖുർആനിക വചനം സൂചന നല്കുന്നത്.

പൂർവികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയ സമ്പത്ത് മൂസാ(അ)യ്ക്ക് ലഭിച്ചു. മൂസാ (അ)ന്റെ സമുദായം നഷ്ടപ്പെടുത്തിക്കളഞ്ഞ ആ സ്വത്ത് ഹദ്റത്ത് മുഹമ്മദ്(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീ സമുദായം മൂസവിസമുദായത്തിന്റെ സ്ഥാനത്താണുള്ളത്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിന് പടി മീതെയാണ്.

മൂസായുടെ സദൃശൻ മൂസായെക്കാൾ ഉന്നതനും ഇബ്നു മർയമിന്റെ സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതനുമാണ്. മർയമിന്റെ മകൻ മസീഹ് മൂസായ്ക്കുശേഷം പതിനാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെയാണ് നബി (സ) തിരുമേനിക്കുശേഷം 14-ാം നൂറ്റാണ്ടിൽ ആ വാഗ്ദത്ത മസീഹും വെളിപ്പെട്ടത്. ഈ കാലത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, പ്രത്യുത, മർയമിന്റെ മകൻ മസീഹ് വെളിപ്പെട്ട നേരത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലായിരുന്നുവോ അതുപോലെ മുസ്‌ലിംകളുടെ അവസ്ഥയായിത്തീർന്നപ്പോൾ ആ വാഗ്ദത്ത മസീഹ് വന്നു. അത് ഞാൻ തന്നെയാകുന്നു. അല്ലാഹു ഇച്ഛിക്കുന്നത് ചെയ്യുന്നു. അവനോട് പോരാടുന്നവൻ വിഡ്ഢിയാണ്. അവനെ എതിർത്തുകൊണ്ട് ഇങ്ങനെയല്ല അങ്ങനെയാണുവേണ്ടത് എന്നാക്ഷേപിക്കുന്നവൻ അജ്ഞനാണ്. അവൻ എന്നെ പതിനായിരത്തിലധികം പ്രകാശിക്കുന്ന ദൃഷ്ടാന്തങ്ങളോടെ അയച്ചിരിക്കുന്നു. അവയിൽ ഒരടയാളം പ്ലേഗുമാണ്. അതുകൊണ്ട് എനിക്ക് സത്യസന്ധമായി ബയ്അത്ത് ചെയ്യുന്നവനും സത്യഹൃദയത്തോടെ എന്റെ ശിഷ്യനായിത്തീരുന്നവനും എന്റെ അനുസരണത്തിൽ ലയിച്ചുകൊണ്ട് തന്റേതായ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുന്നവനുംവേണ്ടി എന്റെ ആത്മാവ് ഈ വിപത്തുകളുടെ നാളുകളിൽ ശിപാർശ ചെയ്യുന്നതാണ്.


എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിന്റെ പെട്ടവരായി ഗണിക്കപ്പെടുകയുള്ളു. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യസന്ധമായി പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും. ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ ഭൗതികമായ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് വാനലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമങ്ങൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവം അവന്റെ മാർഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ, എന്നു പരീക്ഷിക്കുകയാണ്. ഉപരിലോകത്ത് മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂർണമായ പദവിയിലുള്ള സൽകർമങ്ങൾ കാഴ്ചവെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും വൃത്തികെട്ട വസ്തുവിനെപ്പോലെ ജമാഅത്തിൽനിന്ന് പുറത്തെറിയപ്പെടുകയും നിരാശരായി മരിക്കുകയും ചെയ്യുന്നതാണ്. അതുകൊണ്ട് ദൈവത്തിന് ഒരു ചേതവും വരികയില്ല. നോക്കൂ, നിങ്ങളുടെ ദൈവം യഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാനറിയിക്കുകയാണ്. സർവതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു. അവൻ നിങ്ങളെ സ്വീകരിക്കുന്നതിന് നിങ്ങൾ നിങ്ങളുടെ ഹൃദയങ്ങൾ ഋജുവാക്കിയും നാവുകളും കണ്ണുകളും ചെവികളും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ അല്ലാഹു നിങ്ങളിൽനിന്നാഗ്രഹിക്കുന്നത് ഇതാണ്: അതായത് അല്ലാഹു ഏകനാകുന്നു. മുഹമ്മദ് (സ) അവന്റെ നബിയും ഖാത്തമുൽ അമ്പിയാഉം എല്ലാവരെക്കാളും ശ്രേഷ്ഠനുമാകുന്നു. പ്രതിച്ഛായയായ രൂപത്തിൽ മുഹമ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനു ശേഷമില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപെട്ടതുമല്ല. അതുകൊണ്ട് തന്റെ യജമാനനിൽ പരിപൂർണമായി ലയിച്ചത് നിമിത്തം

ശേഷം പേജ് 42 ൽ

# ആഗോള വ്യാപാരയുദ്ധം ആരംഭിച്ചു

മുസാഫിർ



ഒരു രാജ്യം മറ്റൊരു രാജ്യത്തിനെതിരെ തങ്ങളുടെ വ്യാപാര സംരക്ഷണത്തിനും താൽപര്യത്തിനും വേണ്ടി ഇറക്കുമതി തീരുവ ചുമത്തിയും പണത്തിന്റെ വിനിമയ മൂല്യം കുറച്ചും സാമ്പത്തിക ഉപരോധങ്ങൾ ഏർപ്പെടുത്തിയും വ്യാപാരം നടത്തുന്നതിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതിനെയാണ് ട്രേഡ്വാർ അഥവാ വ്യാപാര യുദ്ധം എന്ന് വിളിക്കുന്നത്. അമേരിക്ക ചൈനയുമായി നടത്തിവരുന്ന വ്യാപാര യുദ്ധം അവരുടെ ശത്രുക്കളും മിത്രങ്ങളുമായ കൂടുതൽ രാജ്യങ്ങളിലേക്ക് വ്യാപിക്കുകയാണ്. അമേരിക്കയിൽ ചരക്കുകൾ ഇറക്കുന്നത് കുറക്കാൻ നികുതി ചുമത്തലിന് വിധേയമാവുന്ന രാജ്യങ്ങൾ പ്രതികാര നടപടി എന്ന നിലക്ക് അമേരിക്കയിൽ നിന്ന് അവരുടെ രാജ്യത്ത് ഇറക്കുമതി ചെയ്യുന്ന ചരക്കുകൾക്ക് അവരും നികുതി ചുമത്തി തിരിച്ചടിക്കുമ്പോൾ അത് ആഗോള വ്യാപാര യുദ്ധമായി മാറും. രാഷ്ട്രാന്തരീയ വ്യാപാരങ്ങൾ പരമാവധി സ്വതന്ത്രവും സുതാര്യവുമാക്കുക എന്ന ലക്ഷ്യത്തോടെ അമേരിക്ക തന്നെ മുൻ കൈയെടുത്ത് സ്ഥാപിച്ച ലോക വ്യാപാര സംഘടന (WTO) യുടെ തത്ത്വങ്ങൾക്കും ലക്ഷ്യങ്ങൾക്കും വിരുദ്ധമാണ് ട്രംപ് ആരംഭിച്ച വ്യാപാര യുദ്ധം. അവർ ഇതിനെതിരെ ലോകവ്യാപര സംഘടനയിൽ പരാതിപെട്ടെങ്കിലും ട്രംപ് അത് തള്ളിക്കളയുകയാണ് ചെയ്തത്. അത് ആഗോള സാമ്പത്തിക മാന്ദ്യത്തിലേക്കും സംഘർഷത്തിലേക്കും യുദ്ധങ്ങളിലേക്കും നയിക്കും എന്നതാണ് ചരിത്രാനുഭവം.

കഴിഞ്ഞ മാർച്ചിൽ അലൂമിനിയത്തിനും സ്റ്റീലിനും യഥാക്രമം പത്തും ഇരുപത്തഞ്ചും ശതമാനം ഇറക്കുമതി തീരുവ വർദ്ധിപ്പിച്ചാണ് അമേരിക്ക വ്യാപാര യുദ്ധത്തിന് തുടക്കമിട്ടത്. അത് ഇപ്പോൾ ഇന്ത്യയടക്കം ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിക്കുകയാണ്. അമേരിക്കയിൽ നിന്നുള്ള 659 ഉൽപ്പന്നങ്ങൾക്ക് 25 ശതമാനം തീരുവ കൂട്ടിയാണ് ചൈന തിരിച്ചടിച്ചത്. ഇത്രയും ഉൽപന്നങ്ങൾ ചൈനയിൽ നിന്ന് അമേരിക്കക്ക് ഇനി ഇറക്കുമതി ചെയ്യണമെങ്കിൽ 50 ദശലക്ഷം ഡോളറിന്റെ അധിക ബാദ്ധ്യത വരും. ഇതേരീതിയിൽ കാനഡയും മെക്സിക്കോയും യൂറോപ്യൻ യൂണിയനും തുർക്കിയും ഇറക്കുമതി തീരുവ വർദ്ധിപ്പിച്ച് അമേരിക്കക്കെതിരെ നീങ്ങുകയാണ്. അമേരിക്കയുടെ ഇഷ്ടരാജ്യമായ ഇന്ത്യയും അമേരിക്കയുടെ 29 ഉൽപ്പന്നങ്ങൾക്ക് മേൽ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നു. അമേരിക്കക്ക് 24 കോടി ഡോളറിന്റെ അധിക ബാദ്ധ്യത വരുത്തുന്ന ഈ തീരുമാനം വളരെ നിസ്സാരമാണെങ്കിലും സങ്കീർണ്ണമായ വ്യാപാര പ്രശ്നങ്ങൾ അത് സൃഷ്ടിക്കും. ലോകരാജ്യങ്ങൾ തിരിച്ചടി എന്ന നിലക്ക് അമേരിക്കൻ ഉൽപന്നങ്ങൾക്കും ഇറക്കുമതി ചുങ്കം ചുമത്തി തീരുമാനം മാറ്റാൻ സമ്മർദം ചെലുത്തിയെങ്കിലും ട്രംപ് കൂടുതൽ കർശനമായി മുന്നോട്ട് പോകുകയാണ്. ചൈനക്ക് മേൽ 2000 കോടി ഡോളറിന്റെ ഇറക്കുമതി തീരുവ വീണ്ടും ചുമത്തിയിരിക്കുകയാണ്. തന്റെ തിരഞ്ഞെടുപ്പ്

വാഗ്ദാന പ്രകാരം അമേരിക്കയുടെ വ്യാപാര മേഖലക്ക് വൻ ലാഭം നേടിക്കൊടുക്കാനാണ് ട്രംപ് ഈ നീക്കം നടത്തിയത് എന്നാണ് വാദം. അതോടൊപ്പം ചൈനയെ തളർത്തുകയുമായിരുന്നു ലക്ഷ്യം.

ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക ശക്തിയായ അമേരിക്കയുടെ വാർഷിക ആഗോള വ്യാപാരം അഞ്ചു ലക്ഷം ഡോറളാണ് (340 ലക്ഷം കോടി രൂപ). വാർഷിക വ്യാപാര മിച്ചം 50,000 കോടി ഡോളറും. (34.04 കോടി രൂപ). ട്രംപിന്റെ ഭരണത്തിന്റെ ആദ്യവർഷം ഈ വ്യാപാര മിച്ചം 55,600 കോടി ഡോളർ ആയിരുന്നു. (37.9 ലക്ഷം കോടി രൂപ) അതാണ് കുറഞ്ഞ് 50,000 കോടി ഡോളർ (34.04 കോടി രൂപ ) ആയി തീർന്നത്. എല്ലാ വാണിജ്യ പങ്കാളിത്വ രാജ്യങ്ങളും അമേരിക്കയോട് അനീതി കാട്ടുന്നു എന്നതിന്റെ തെളിവായി വ്യാപാര മിച്ചത്തിലുണ്ടായ ഈ ഇടിവ് ട്രംപ് എടുത്തുകാട്ടുന്നു. ഈ അനീതി കാണിക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ ചൈനയാണ് എന്നതാണ് ട്രംപിന്റെ വാദം. 2017 ൽ ചൈനയിൽ നിന്ന് യു.എസ്സ് ഇറക്കുമതി ചെയ്തത് 50,600 കോടി ഡോളർ (34.46 കോടി രൂപ) അതേ സമയം യു എസ്സിൽ നിന്നുമുള്ള ചൈനയുടെ ഇറക്കുമതി 12,990 കോടി ഡോളർ (8.8 ലക്ഷം കോടി രൂപ) മാത്രം. വ്യാപാര മിച്ചമാകട്ടെ 37,500 കോടി ഡോളർ (25.53 ലക്ഷം കോടി രൂപ). ഇത് 20,000 കോടി ഡോളറായി കുറക്കുകയാണ് ട്രംപിന്റെ ലക്ഷ്യം.

ചൈനയെയും മറ്റു പങ്കാളിത്ത രാജ്യങ്ങളെയും തളർത്താനുള്ള ട്രംപിന്റെ ശ്രമം സ്വന്തം രാജ്യത്തെ ജനങ്ങളെയും കമ്പനികളെയും വിപരീതമായി ബാധിക്കുമെന്നാണ് പല ഭാഗത്ത് നിന്നുമുള്ള സൂചന. അമേരിക്ക വിശാലമായ ഒരുകാർഷിക രാജ്യം കൂടിയാണ്. യു എസ്സ് ഉൽപ്പാദിപ്പിക്കുന്ന സോയാബീന്റെ 30 ശതമാനവും വാങ്ങുന്നത് ചൈനയാണ്. യു എസ്സ് ചൈനാ വ്യാപാരതർക്കം തുടങ്ങിയത് മുതൽ സോയാബീന്റെ വില 12 ശതമാനം കുറഞ്ഞത് അമേരിക്കൻ കർഷകരിൽ പരിഭ്രാന്തി സൃഷ്ടിച്ചിരിക്കയാണ്. മറ്റൊരുദാഹരണം നോക്കൂ. അമേരിക്കയിലെ പ്രധാന വിമാന നിർമാണ കമ്പനിയായ ബോയിംങ്ങിന്റെ മൂന്നിലൊന്ന് വാങ്ങുന്ന രാജ്യമാണ് ചൈന. ചൈനക്ക് ബോയിങ്ങ് വിമാനങ്ങൾ വാങ്ങാനുള്ള ഡോളർ ലഭിക്കുന്നത് അമേരിക്കയുമായി അവർ നടത്തുന്ന വ്യാപാരത്തിൽ നിന്നാണ്. അതിന് തീരുവകൂട്ടി ചൈനയുടെ വ്യാപരം മുടക്കിയാൽ അവരെങ്ങനെ അമേരിക്കയുടെ ബോയിങ്ങ് വിമാനം വാങ്ങും. അമേരിക്കയിലെ ഏറ്റവും വലിയ റയിൽ റോഡ് കമ്പനിയാണ് യൂണിയൻ പസഫിക്ക്. അവരുടെ ട്രാൻസ്പോർട്ട് ഉപകരണങ്ങൾ മിക്കതും വിദേശത്തുനിന്നാണ് വാങ്ങുന്നത്. ട്രംപിന്റെ ഈ തീരുമാനം വൻ തോതിൽ തങ്ങളുടെ കമ്പനിയെ ബാധിക്കുമെന്ന് അതിന്റെ സി ഇ ഓ താക്കീത് നൽകിയിരിക്കുകയാണ്. അമേരിക്കയുടെ ഈ വ്യാപാര യുദ്ധം മഞ്ഞുപന്ത് പോലെ കൂടുതൽ സങ്കീർണ്ണവും സംഘർഷഭരിതവുമാകാനാണ് സാധ്യത.

1914 മുതൽ 1918 വരെ നീണ്ടുനിന്ന ഒന്നാം ലോക മഹായുദ്ധം മിക്കവാറും നടന്നത് യൂറോപ്പിലായിരുന്നു. ശാന്തസമുദ്രത്തിനപ്പുറം ദൂരപ്പെട്ടുകിടക്കുന്ന അമേരിക്കൻ മണ്ണിൽ യുദ്ധവും യുദ്ധനാശവുമുണ്ടായില്ല. യുദ്ധത്തിന് ശേഷം അമേരിക്കൻ സമ്പദ് രംഗം തഴച്ച് വളരുകയുണ്ടായി. സ്റ്റോക്ക് മാർക്കറ്റുകളിൽ വൻ തോതിൽ സമ്പത്ത് കുന്നുകൂടി. വൻ ബിസിനസ്സ് സ്ഥാപനങ്ങൾ അനിയന്ത്രിതമായി വളർന്നു. സ്റ്റോക്ക് മാർക്കറ്റുകളിൽ ഊഹക്കച്ചവടവും സജീവമായി. അതോടെ കാർഷിക രംഗം ദരിദ്രമായി. അങ്ങനെയിരിക്കെയാണ്. ലോക സാമ്പത്തിക മഹാമാന്ദ്യത്തിന്ന് (Great Depression) തുടക്കം കുറിച്ച് അമേരിക്കയിൽ ഒഹരി വിപണിത്തകർച്ച ഉണ്ടാകുന്നത്. 'കറുത്ത വ്യാഴം' (Black Thursday) എന്നറിയപ്പെടുന്ന 1929 ഒക്ടോബർ 24 മുതൽ അമേരിക്കൻ സമ്പദ്ഘടനയിൽ വിശ്വാസം നഷ്ടപ്പെട്ട 16 ദശലക്ഷം ഓഹരി ഉടമകൾ പരിഭ്രാന്തരായിക്കൊണ്ട് അവരുടെ ഓഹരികൾ വിറ്റഴിക്കാൻ ആരംഭിച്ചു. അങ്ങനെ ആരംഭിച്ച സാമ്പത്തിക മാന്ദ്യത്തിന്റെ കൊടുമുടിയിൽ അമേരിക്കയിൽ 25 ശതമാനം പേർ തൊഴിൽ രഹിതരായി. ഈയവസരത്തിൽ അമേരിക്കൻ ആഭ്യന്തര വ്യാപാരവും സാമ്പത്തിക രംഗവും സംരക്ഷിക്കാൻ 1930 ൽ അമേരിക്ക ഇത്തരത്തിലുള്ള ഇറക്കുമതി തീരുവാ നിയമം പാസ്സാക്കി. സ്മൂട്ട്-ഹാവ്ലി താരിഫ്(Smoot–Hawley Tariff) എന്നാണ് ഇത് അറിയപ്പെടുന്നത്. Reed Smoot, Willis C. Hawley എന്നിങ്ങനെ പേരുള്ള രണ്ട് സെനറ്റർമാരായിരുന്നു ഈ നിയമം കൊണ്ട്വന്നത്. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം തീരുവ ചുമത്തലിന്റെ ദുർവഹമായ ഭാരം സഹിച്ച രാജ്യമായിരുന്നു ജർമനി. വ്യവസായികമായി ഏറ്റവും പുരോഗതി പ്രാപിച്ച ജർമനിയിൽ നിന്ന് അവരുടെ ഉന്നത ഗുണമേന്മയുള്ള വ്യാവസായിക ഉത്പന്നങ്ങൾ വാങ്ങിയത് ഫ്രാൻസ്, ബ്രിട്ടൻ, അമേരിക്ക എന്നീ രാജ്യങ്ങളായിരുന്നു ഉന്നത ഗുണമേന്മയുള്ള ജർമൻ വ്യാവസായിക ഉൽപ്പന്നങ്ങളുടെ വിപണി. ആ രാജ്യങ്ങൾ ജർമൻ ചരക്കുക്കൾക്ക് തീരുവ ചുമത്തിയിരുന്നില്ല. 1930 ലെ അമേരിക്കൻ തീരുവാ നിയമമാണ് ജർമൻ ഉൽപ്പന്നങ്ങൾക്ക് അമേരിക്കൻ വിപണി നിഷേധിക്കാൻ കാരണമായത്. പിന്നീട് ഫ്രാൻസും, ബ്രിട്ടനും ജർമ്മൻ നിർമിത വസ്തുക്കൾക്ക് തീരുവ ചുമത്തി. തുടർന്നുണ്ടായ സാമ്പത്തിക മാന്ദ്യം ജർമനിയെ വൻതോതിൽ ബാധിക്കുകയുണ്ടായി. 1920 കളിൽ ജർമനി കടുത്ത് നാണ്യപ്പെരുപ്പം

അനുഭവിച്ചിരുന്നു. ആ നാണയ പ്പെരുപ്പം ജർമനിയിലെ മദ്ധ്യവർഗ ത്തിന്റെ സമ്പാദ്യം മുഴുവനും തുടച്ചുനീക്കിയിരുന്നു. ഈ അരക്ഷിതാവസ്ഥ മുതലെടുത്താണ് അവിടെ നാസി പ്പാർട്ടിയുമായി അഡോൾഫ് ഹിറ്റ്ലർ രംഗപ്രവേശ നം ചെയ്തത്. ഇറക്കുമതിക്കെതിരെ തീരുവ ചുമത്തുന്ന അമേരിക്കൻ നിയമമാണ് അമേരിക്കയിൽ സാമ്പത്തിക മാന്ദ്യത്തിലേക്കും തുടർന്ന് ലോകവ്യാപകമായ മഹാമാന്ദ്യത്തിലേക്കും പിന്നീട് രണ്ടാം ലോകമഹായുദ്ധത്തിലേക്കും നയിക്കാൻ കാരണമെന്ന് രാഷ്ട്രീയ സാമ്പത്തിക വിദഗ്ധന്മാർ അഭിപ്രാ യപ്പെടുന്നു.

അമേരിക്കയെ സാമ്പത്തിക രംഗത്ത് ചോദ്യചെയ്യാനാകാത്ത ആഗോള ശക്തിയായി മാറ്റാൻ മുൻകാല അമേരിക്കൻ പ്രസിഡന്റു മാരിൽ നിന്നും വ്യത്യസ്തമായി ട്രംമ്പ് അന്താരാഷ്ട്ര മര്യാദകളും ധാരണകളും പാലിക്കാതെ ഏകാധി പതിയെ പോലെ മുന്നേറുകയാണ്. അമേരിക്കൻ വ്യാപാരത്തെ ശക്തിപ്പെടുത്താനും അമേരിക്ക ക്കാർക്ക് ജോലി ഉറപ്പുവരുത്താനും തിരഞ്ഞെടുപ്പ് കാലത്ത് ട്രംപ് നടത്തിയ വാഗ്ദാനങ്ങളുടെ പാലനം പൂർത്തീകരിക്കാനാണ് അന്തർദേശീയ രംഗത്ത് ദൂരവ്യപ കമായ പ്രത്യാഘാതങ്ങളുണ്ടാക്കു ന്ന ഈ തീരുമാനങ്ങൾ. 1950 കളിലും 60 കളിലും അമേരിക്കൻ പ്രതാപകാലത്തുള്ള ആഗോള സാമ്പത്തിക രംഗമല്ല ഇന്നുള്ളത്. യൂറോപ്യൻ രാജ്യങ്ങളുടെ ഏക കമ്പോളവും നവസാമ്പത്തിക ശക്തിയായി ചൈനയുടെ ഉദയവും അമേരിക്കൻ തീരുവാ യുദ്ധം പഴയത് പോലെ ഫലപ്രദമാകില്ല. അമേരിക്കയടക്കം ലോകരാജ്യങ്ങൾ അവരുടെ സമ്പത്തും സുഖവും അധികാരവും വർധിപ്പിക്കാൻ പാവപ്പെട്ട രാജ്യങ്ങളെ ചൂഷണം ചെയ്തും ലോകത്ത് സംഘർഷ ങ്ങൾ സൃഷ്ടിച്ചും നടത്തുന്ന ഈ മത്സരങ്ങൾ വൻ നാശത്തിലേക്കാ യിരിക്കും പര്യവസാനിക്കുക എന്ന് സൂചിപ്പിക്കുന്ന വിശുദ്ധ ഖുർആന്റെ ഒരു വചനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ

***(ഭൗതിക നേട്ടങ്ങളുടെ) വർദ്ധനവിന് വേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശ്മശാനങ്ങൾ (വൻ നാശങ്ങൾ) സന്ദർശിക്കുവോളം. വേണ്ടാ തീർച്ചയായും നിങ്ങൾ അറിയും. അങ്ങനെയല്ല, നിങ്ങൾ ദൃഢമായി അറിയുന്ന പക്ഷം, തീർച്ചയായും നിങ്ങൾ നരകത്തെ കാണും (വിശുദ്ധ ഖുർആൻ 102: 2- 7)***

---

**പേജ് 35 ൽ നിന്ന് തുടർച്ച**

മില്ലാത്തതും അന്ധവും ബധിരവും മൂകവുമായ നിയമങ്ങളാണ് തങ്ങളെ സൃഷ്ടിച്ചതെന്ന് അവർ വിശ്വസിക്കേണ്ടിയിരിക്കുന്നു. യാദൃ ച്ഛികമെന്ന് പറയട്ടെ ഇത് *'പിതാവിനെ പോലെ പുത്രനും'* എന്ന ശൈലിയാണ് ഓർമിപ്പിക്കുന്നത്. അവർ ഇതിൽ ഒരുപക്ഷേ അഭി മാനം കൊള്ളുന്നുണ്ടാവും. പക്ഷേ, നാം അവരോട് ശക്തമായി വിയോ ജിക്കുന്നു. പരമോന്നത ബോധ വാനും അവൻ എന്താണോ രൂപ കൽപന ചെയ്യുന്നത് അത് നിർവ ഹിക്കാൻ കഴിവുള്ളവനുമായ ഒരു സ്രഷ്ടാവിന്റെ പ്രവർത്തനമാണ് ഇതെല്ലാമെന്ന് വിശ്വസിക്കാനാണ് അതിനേക്കാൾ ഞങ്ങൾ ഇഷ്ടപ്പെടു ന്നത്. നാം അവനിൽ വിശ്വസിക്കേ ണ്ടതുണ്ട്. അല്ലാത്തപക്ഷം നമുക്ക് തന്നെയുള്ള മസ്തിഷ്ക്കത്തി ന്റേയും മനസ്സിന്റേയും കഴിവുകളെ നിഷേധിക്കലായിരിക്കുമത്. അവി ശ്വാസികൾക്ക് എന്ത് വേണമെ ങ്കിലും തിരഞ്ഞെടുക്കാനുള്ള സ്വാത ന്ത്ര്യമുണ്ടെങ്കിൽ ഇവിടെ അവരുടെ ആ സ്വാതന്ത്ര്യം വിനിയോഗിക്കാവു ന്നതാണ്. ഇതിൽ രണ്ടിലും ഏത് സ്രഷ്ടാവിനെയാണ് തിരഞ്ഞെടു ക്കുക എന്ന് തീരുമാനിക്കേണ്ടത് അവരുടെ ഇഷ്ടമാണ്.

(വിവ: എ. എം)

**പേജ് 39 ൽ നിന്ന് തുടർച്ച**

അല്ലാഹുവിൽനിന്ന് നബിയെന്ന പട്ടം ലഭിക്കുന്ന ഒരാൾ ഖതമുന്നു ബുവ്വത്ത് എന്ന മഹത്തായ പദ വിക്ക് ഒരു കോട്ടവും വരുത്തുന്നി ല്ല. നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിരൂപം കാണുമ്പോൾ പ്രത്യക്ഷ ത്തിൽ രണ്ടായിക്കാണപ്പെടുന്നുണ്ടെ ങ്കിലും നിങ്ങൾ രണ്ടാകുന്നില്ല. ഒന്നു തന്നെയായിരിക്കും. മൂലവും (രൂപ വും) പ്രതിരൂപവും തമ്മിലുള്ള വ്യത്യാസം മാത്രമേയുള്ളു. അതു പോലെതന്നെയാണ് അല്ലാഹു വാഗ്ദത്ത മസീഹിന്റെ കാര്യ ത്തിലും ഇച്ഛിക്കുന്നത്. വാഗ്ദത്ത മസീഹ് തന്റെ ഖബ്റിൽ മറയടക്ക പ്പെടുമെന്ന് ഹദ്റത്ത് നബി(സ) തിരുമേനി അരുൾ ചെയ്തതിന്റെ രഹസ്യവും ഇതുതന്നെയാണ്. അത് ഞാൻ തന്നെയാകുന്നു. ഇതിൽ ദ്വിവിധത്വം വരുന്നില്ല. ഈസബ്നു മർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വസിക്കുക. കശ്മീരിൽ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ അദ്ദേഹ ത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥത്തിൽ അദ്ദേഹ ത്തിന്റെ മരണവാർത്ത നല്കിയിരി ക്കുന്നു.

പ്രസ്തുത ആയത്തിന് മരണ മെന്നല്ല മറ്റേതെങ്കിലും അർഥമാണു ള്ളതെങ്കിൽ, ഈസാനബി മരിക്കുന്ന താണെന്നെവിടെയാണ് ഖുർആ നിൽ പറയപ്പെട്ടിരിക്കുന്നത്? നമ്മുടെ എതിരാളികൾ കരുതുന്ന തുപോലെ അദ്ദേഹത്തിന്റെ മരണ ത്തെക്കുറിച്ചുള്ള ആയത്തുകൾക്ക് മറ്റൊരർഥമാണുള്ളതെങ്കിൽ അദ്ദേഹം എപ്പോഴെങ്കിലും മരണമ ടയുന്നതാണെന്ന് കാണിക്കുന്ന വല്ല വചനവും ഖുർആനിലുണ്ടോ? അല്ലാഹു നമ്മുടെ നബിയുടെ മര ണത്തെക്കുറിച്ച് അറിയിച്ചുതന്നിരി ക്കുന്നു. എന്നാൽ, ഈസാനബി മരി ക്കുന്നതിനെക്കുറിച്ച് ഖുർആനിൽ എവിടേയും പ്രതിപാദിക്കുന്നില്ലേ. ഇതിലുള്ള രഹസ്യമെന്താണ്? **(*കശ്തിയെ നൂഹ്*- ഹദ്റത്ത് അഹ്മദ് (അ))**

## മൂന്നാം റാങ്ക് കരസ്ഥമാക്കി

കാക്കനാട് ജമാഅത്തിലെ പി.കെ. അബ്ദുൾ സലാം സാഹിബിന്റെ മകൾ ഹിന കൗസർ കറുപ്പകം യൂണിവേഴ്സിറ്റിയിൽ നിന്നും ബയോടെക്നോളജി എഞ്ചിനിയറിംഗിൽ 3-ാം റാങ്ക് കരസ്ഥമാക്കി. വഹീദാ സലാമാണ് മാതാവ്. ഗവേഷണ മേഖലയിൽ തുടരുവാൻ ഹിന കൗസർ ആഗ്രഹിക്കുന്നു.

## കലാതിലകപട്ടം നേടി

ഈ വർഷത്തെ എം.ജി. സർവകലാശാല കലോൽസവത്തിൽ പള്ളുരുത്തി ജമാഅത്തിലെ ടി.എ. നിലോഫർ കലാതിലകപട്ടം കരസ്ഥമാക്കി. മത്സരിച്ച നാലിൽ മൂന്നിനത്തിലും ഒന്നാമതെത്തിയാണ് ഈ നേട്ടം കൈവരിച്ചത്. ഇംഗ്ലീഷ് കവിതാപാരായണം, ഇംഗ്ലീഷ് ഉപന്യാസ രചന, മലയാള പ്രസംഗം എന്നിവയിലാണ് ഫോർട്ട് കൊച്ചി അക്വിനാസ് കോളേജിലെ രണ്ടാം വർഷ ഫിസിക്സ് വിദ്യാർഥിനിയായ നിലോഫൽ ഒന്നാം സ്ഥാനത്തെത്തിയത്. പള്ളുരുത്തി ജമാഅത്ത് പ്രസിഡന്റ് ടി.കെ. അബൂബക്കർ സാഹിബിന്റെയും പള്ളുരുത്തി ലജ്ന പ്രസിഡന്റ് ജാസ്മിൻ സാഹിബയുടെയും മകളാണ് നിലോഫർ.







## 'ഈദ് മിലൻ 2018' ഹൃദയഹാരിയായി

എറണാകുളം: ആത്മീയ ചൈതന്യത്തിന്റെ വസന്തകാലമായ വിശുദ്ധ റമളാന് സമാപനം കുറിച്ച് കൊണ്ട് വിരുന്നെത്തിയ 'ഈദ് മിലൻ 2018' ഹൃദയഹാരിയായി. എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ജൂൺ 20-ാം തീയതി ഹോട്ടൽ അബാദ് പ്ലാസയിൽ സംഘടിപ്പിച്ച സംഗമം കൊച്ചി മേയർ ശ്രീമതി സൗമിനി ജെയിൻ ഉദ്ഘാടനം ചെയ്തു. സംഘർഷഭരിതമായ ഇന്നത്തെ കാലഘട്ടത്തിൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് സംഘടിപ്പിക്കുന്ന ഇത്തരം സംഗമങ്ങൾ അഭിനന്ദനീയമാണെന്നും ദുഃഖം പങ്കുവെക്കുമ്പോൾ പകുതിയായി കുറയുമെന്നും സന്തോഷം പങ്കുവെക്കുമ്പോൾ ഇരട്ടിയായി വർധിക്കുമെന്നും അവർ പറഞ്ഞു. ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ് സാഹിബ് അധ്യക്ഷത വഹിച്ചു. ഫാദർ പോൾ തേലക്കാട്ട്, ബ്രഹ്മചാരി അനൂപ്, ജോർജ് എടപ്പരത്തി, അജിതൻ നായർ, വി.ജെ. മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

*- ബി.എ. മുഹമ്മദ് നജീബ്*
*എറണാകുളം*




## പ്രതിഭകൾ

CBSE സ്കൂളുകൾക്കിടയിൽ ദേശീയ തലത്തിൽ ഗോവൻ ഇൻസ്റ്റിറ്റ്യൂട്ട് ഇന്റർനാഷണൽ കൺസോസിയേഷൻ ഓഫ് എഡ്യുക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് സംഘടിപ്പിക്കുന്ന നാഷണൽ വൊകാബ് മാസ്റ്ററി ചാമ്പ്യൻഷിപ്പ് സീനിയർ വിഭാഗത്തിൽ 2016-17 വർഷത്തെ നാഷണൽ ചാമ്പ്യൻസ് ടീമിൽ അംഗമായിരുന്ന ഹിഫാദ് അഹ്മദ് (15), സബ് ജൂനിയർ വിഭാഗത്തിൽ 2017-18 വർഷത്തെ നാഷണൽ ചാമ്പ്യൻസ് ടീമിന്റെ ക്യാപ്റ്റൻ ഫഹ്മിദ സെയ്ൻ (10) എന്നിവർ. മാത്തോട്ടം ജമാഅത്തിലെ യാസർ അറഫാത്ത് സാഹിബിന്റേയും കാക്കനാട് ജമാഅത്തിലെ ഹിദായത്തുന്നിസ സാഹിബയുടെയും മക്കളും വഖ്ഫെനൗ അംഗങ്ങളുമാണിവർ.

Published on 7.07.2018
Pages 44
Vol: 90 Issue. 7
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2018-20
Licence No. KL/CR/EKM/WPP-09/2018-20. Licensed to post Without Prepayment

An International gathering promoting Islam's message of peace

## The largest annual Muslim convention in Western Europe

- The Jalsa Starts with the flag hoisting ceremony.
- Pledge of allegiance to Khalifa of Islam.
- Books, historical photos, artefacts and a full size replica of the Turin Shroud feature at the Jalsa







52nd Annual Convention

# Jalsa Salana UK 2018

3 - 5, August 2018